"അവർ അവനോട് പറഞ്ഞു. ഗുരോ, അങ്ങു സത്യസന്ധനാണെന്നും, ആത്മാർത്ഥതയോടെതന്നെ ദൈവത്തിൻെറ വഴികൾ പഠിപ്പിക്കുന്നെന്നും, മനുഷ്യനും മനുഷ്യനും തമ്മിൽ ഒരു വ്യത്യാസവും കല്പിക്കാത്തതിനാൽ അങ്ങു ആരേയും ഭയപ്പെടുന്നില്ലെന്നും ഞങ്ങൾക്കു നന്നായിട്ടറിയാം. ആകയാൽ കേസറിനു കപ്പം കൊടുക്കുന്നതു ശരിയാണോ അല്ലയോ എന്നു ഞങ്ങളോടു പറയുക...കേസറിൻേറതു കേസറിനും ദൈവത്തിൻേറതു ദൈവത്തിനും തിരിച്ചു കൊടുക്കുവിൻ"—മത്താ. XXII:16, 17, 21

# സത്യദീപം

"നീ എവിടെയൊക്കെ ആയിരുന്നാലും ഏതു വഴിക്കു തിരിഞ്ഞാലും ഈശ്വരങ്കലേക്കു തിരിയുന്നില്ലെങ്കിൽ, നീ നിർഭാഗ്യനാണ്. നിൻെറ ഹിതവും ആഗ്രഹവുമനുസരിച്ച് കാര്യങ്ങൾ നിനക്കു വിജയപ്രദമാകുന്നില്ലെന്നുള്ളതിനാൽ നീ എന്തിനു അസ്വസ്ഥനാകുന്നു? സ്വഹിതമനുസരിച്ച് എല്ലാ കാര്യങ്ങളും സാധിക്കുന്നവനായി ആരുണ്ടു? ഞാനാകട്ടെ, നീയാകട്ടെ, ഭൂമിയിലുള്ള മററു മനുഷ്യനാകട്ടെ ഇല്ല"

—ക്രിസ്ത്വാനുകരണം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1956 ഒക്ടോബർ 17—ബുധനാഴ്ച | Vol. 30, No. 10


# ഇന്ത്യയുടെ ക്രൈസ്തവീകരണം


(റവ. കിഴക്കേത്തയ്യിൽ എസ്. ജെ.)


1956 മേയ് ഒന്നാം തീയതി മദ്രാസ്മെയിൽ പ്രസിദ്ധപ്പെടുത്തിയ കാനേഷുമാരിക്കണക്കിൽ ലോകത്തിൽ ആകെ 265 കോടി ജനങ്ങളുണ്ടെന്നും, അവരിൽ 145 കോടി ഏഷ്യായിലും, 40 കോടി യൂറോപ്പിലും, 36 കോടി അമേരിക്കയിലും, 21 കോടി യു. എസ്. എസ്. ആറിലും, 21 കോടി ആഫ്റിക്കയിലും വസിക്കുന്നുവെന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഓഷ്യാനിയാ ദ്വീപുകളിൽ മൂന്നു കോടിയിലധികം ജനങ്ങളുണ്ടെന്നും മുൻകണക്കുകളിൽ കാണുന്നു. രാഷ്ട്രീയമായി ലോകത്തെ വിഭജിക്കുന്നുവെങ്കിൽ ചൈനയിൽ 58 കോടി, ഇന്ത്യയിൽ 37 കോടി, സോവ്യററ് യൂണിയനിൽ 21 കോടി, യു. എസ്. എ. യിൽ 16 കോടി, ജപ്പാനിൽ 9 കോടി, ഇന്തൊനേഷ്യയിൽ 8 കോടി, പാക്കിസ്ഥാനിൽ 8 കോടി എന്നീ തോതിൽ ജനങ്ങൾ അധിവസിക്കുന്നുണ്ട്. നഗരപരമായി ജനങ്ങളെ വീക്ഷിക്കുന്നുവെങ്കിൽ ഏററവും നിബിഡമായി ജനങ്ങൾ ന്യൂയോക്കിലും, ലണ്ടനിലും, ടോക്കിയോവിലും, ബോംബേയിലും വസിക്കുന്നു. 1,23,00,000 ജനങ്ങളാണു ന്യൂയോർക്കിൽമാത്രം വസിക്കുന്നതു്.

നമ്മുടെ ഭാരതം രാഷ്ട്രീയമായി ജനസംഖ്യയിൽ രണ്ടാമത്തെ രാജ്യമാണെങ്കിലും സാക്ഷരത്വത്തിൽ ഏററവും ദയനീയസ്ഥാനമാണു കരസ്ഥമാക്കിയിരിക്കുന്നതു്. നമ്മുടെ സാക്ഷരത്വം ഇനിയും 17.9 ശതമാനംവരെയേ എത്തിയിട്ടുള്ളു. അതേ, നൂറിനു എൺപത്തിരണ്ടും ഇനിയും നിരക്ഷരകുക്ഷികളായി കാലം കഴിക്കയാണു്.

മതപരമായി നോക്കുന്നുവെങ്കിൽ ലോകത്തിൻെറ സ്ഥിതി എന്താണു്? 1953-ലെ ബ്രിട്ടീഷ് കാനേഷ്മാരിക്കണക്കിൻപ്രകാരം കത്തോലിക്കർ 42,55,08,220 ഷരിദ്മക്കാർ 1,28,280,413 പ്രോട്ടസ്റ്റൻറുകാർ,19.65,03,520 അങ്ങനെ ആകെ ക്രിസ്ത്യാനികൾ 75,02,92,153, യഹൂദർ 1,15,32,500 മുഹമ്മദീയർ 31,56,99,603, കൺഫ്യൂഷ്യൻസ് 30,02,90,500, ഹിന്ദുക്കൾ 25,57,15,000, ബുദ്ധമതസ്ഥർ 15,03,00,000 എന്നിങ്ങനെ ആകുന്നെന്നു വിശദമാകുന്നു.

ഇനിയും നമ്മുടെ ഭാരതത്തിലേക്കു മാത്രം കണ്ണോടിക്കുന്നുവെങ്കിൽ ഹിന്ദുക്കൾ എന്ന പൊതുനാമത്തിൽ 31,00,00,000 ജനങ്ങളുള്ളതായി ഹിന്ദുസ്ഥാൻ വാർഷികപുസ്തകം വാദിക്കുന്നു. പിന്നെയുള്ള പ്രബലസമുദായം മൂന്നുകോടി വരുന്ന മുഹമ്മദീയരാണു്. ന്യൂനസമുദായത്തിൽപെട്ട ക്രിസ്ത്യാനികൾ ഇനിയും 82 ലക്ഷം മാത്രമേയുള്ളു. ഈ 82 ലക്ഷത്തിൽ കത്തോലിക്കാ ക്രിസ്ത്യാനികൾ 45 ലക്ഷം മാത്രമേ വരുന്നുള്ളു. അതായതുമുപ്പത്തിയേഴരക്കോടി ജനങ്ങൾ അധിവസിക്കുന്ന ഭാരതത്തിൽ അരക്കോടി കത്തോലിക്കർ ഇല്ലെന്നു സാരം. 75 നു ഒന്നിനെ കാണുവാൻ ഇനിയും ആയിട്ടില്ല.

എങ്കിലും ഒരു വാസ്തവം നഗ്നമായി നാം സമ്മതിക്കേണ്ടിയിരിക്കുന്നു. ശ്രീയേശുനാഥൻ ലോകത്തിൽ സ്ഥാപിച്ച സത്യൈകമതം അതേ കാലയളവിൽതന്നെ അപ്പസ്തോലപ്രവീണനായ തോമ്മാശ്ലീഹായാൽ ഭാരതത്തിൽ നട്ടുപിടിപ്പിക്കപ്പെട്ടു. അതേ, രണ്ടായിരം നെടിയ കൊല്ലങ്ങൾ ആകുവാൻ പോകുന്നു, കത്തോലിക്കാസഭ ഭാരതഭൂമിയിൽ വേരുറച്ചിട്ട്. എന്നാൽ ഈ രണ്ടായിരം കൊല്ലങ്ങൾക്കുശേഷവും ഒരു പ്രശ്നം അവശേഷിക്കുന്നു. യൂറോപ്പു മുഴുവൻതന്നെ കാലാന്തരത്തിൽ ക്രിസ്തുമതം സ്വീകരിച്ചു; അമേരിക്ക ആസകലം അതാശ്ലേഷിച്ചു; ഇരുണ്ട വൻകരയായ ആഫ്റിക്കായിൽപോലും ലക്ഷക്കണക്കിനു ജനങ്ങളെ ക്രിസ്തുമതം ആകർഷിച്ചു; എന്നാൽ ഏഷ്യയിൽ മുളയെടുത്ത ക്രിസ്തുമതം എന്തുകൊണ്ട് ഏഷ്യയിലും, ഏഷ്യയുടെ അഭിമാനസ്തംഭമായ ഭാരതത്തിലും ഇനിയും തഴച്ചുവളരുന്നില്ല! ചരിത്രപരമായ അനേകസംഭവങ്ങൾ ഇതിനു കാരണങ്ങളായി മുഴച്ചുനില്ക്കുന്നുവെങ്കിലും ഒരു വസ്തുത ഒരിക്കലും വിസ്മരിക്കുവാൻ പാടുള്ളതല്ല. ഭാരതത്തിലും, ഏഷ്യയിലും ക്രിസ്തുമതം സ്വീകരിച്ച ക്രിസ്ത്യാനികളുടെ അനാസ്ഥ ഇതിനെ സാരമായി ബാധിച്ചു എന്നു സമ്മതിക്കാതിരിക്കുവാൻ ഗത്യന്തരമില്ല. ക്രിസ്തുമതം ഇനിയും ഭാരതീയക്രിസ്ത്യാനികളുടെ രക്തസിരകളിൽക്കൂടി കുതിച്ചുപായുന്നുണ്ടോ? തങ്ങളുടെ വിശ്വാസത്തിനുവേണ്ടി ജീവാർപ്പണം ചെയ്യുവാൻ അവർ ഒരുക്കമാണോ? തങ്ങൾക്കു ലഭിച്ച ഈ മഹോന്നതനിക്ഷേപം—ക്രിസ്തീയവിശ്വാസം—അന്യർക്കും കരഗതമാക്കുവാൻ അവർ ആത്മാർത്ഥമായി അഭിലഷിച്ചു പ്രവർത്തിക്കുന്നുണ്ടോ?

"നിങ്ങൾ ലോകമെങ്ങും പോയി സകല ജാതി ജനങ്ങളോടും എൻെറ സുവിശേഷം പ്രസംഗിച്ചു അവരെ പരമത്രിത്വത്തിൻെറ നാമത്തിൽ സ്നാനപ്പെടുത്തുവിൻ" എന്ന ദിവ്യനാഥപ്രബോധനം അക്ഷരശഃ നിറവേററുവാൻ ഭാരതീയരായ നാം, പ്രത്യേകിച്ചു കേരളീയരായ നാം ഇന്നാൾവരെ എന്താണു ചെയ്തിട്ടുള്ളതു്? 20 നൂററാണ്ടുകളായി മലയാളക്രിസ്ത്യാനികൾ മതപ്രചാരണവിഷയത്തിൽ അലസരായിരുന്നെന്നും, വിദേശീയരാണു ഭാരതത്തിൽ അല്പമെങ്കിലും ക്രിസ്തുമതം പ്രസംഗിക്കുവാൻ ബദ്ധകങ്കണരായതെന്നും സകലരും സമ്മതിക്കേണ്ടിയിരിക്കുന്നു. കൂടാതെയും മധുര, മൈസൂർ, രാമനാട്ട് മുതലായ തെന്നിന്ത്യാ രാജ്യങ്ങളിൽ വേദകലഹം പൊട്ടിപ്പുറപ്പെട്ടപ്പോൾ വാൾത്തലയ്ക്കും വലിയ തോക്കിനും ഇരയായി തങ്ങളുടെ വിശ്വാസത്തെ മുദ്രണം ചെയ്യുവാൻ മുന്നോട്ടു വന്നവർ അംഗുലീപരിമിതമായിരുന്നെന്നും ചരിത്രം നഗ്നമായി ഘോഷിക്കുന്നു. ഇന്നു മധുരയിൽ കാണുന്ന അനേകഹിന്ദുക്കളും മുഹമ്മദീയരും 16, 17, 18 എന്നീനൂററാണ്ടുകളിൽ ക്രിസ്തുമതാവലംബികളായിരുന്നുവെങ്കിലും, പില്ക്കാലങ്ങളിൽ ഉണ്ടായ വേദകലഹങ്ങൾ അവരെ ഭയവിഹ്വലരാക്കി അവർ ഹിന്ദുമതത്തിലും മുഹമ്മദുമതത്തിലും ലയിച്ചുപോയെന്നും അന്നുണ്ടായിരുന്ന ചില പ്രേഷിതപ്രവീണരുടെ ലേഖനങ്ങൾ വിശദമാക്കുന്നു. മധുരമീനാക്ഷിയുടെ പരിസരത്തിൽതന്നെ എത്രയെത്ര സവർണ്ണരും അവർണ്ണരും ഡിനോബിലി പ്രഭൃതികളുടെ പ്രബോധനത്തിൽ ലീനചിത്തരായി കത്തോലിക്കാമതം ആശ്ലേഷിച്ചു. വി. ജോൺ ബ്രിട്ടോ മുതലായി മഹാമഹിമന്മാരുടെ ത്യാഗസമ്പൂർണ്ണമായ ജീവിതത്താൽ രാമനാട്ടിൽ എത്ര ആയിരം സത്യമതം അവലംബിച്ചു. മൈസൂർ രാജ്യത്തു് ഫാദർ സിനാമി പ്രഭൃതികൾ നടത്തിയ വീരസേവനം എത്രയെത്ര ഉയർന്നഗോത്രക്കാരെ സത്യമതത്തിലേക്കു ആകർഷിച്ചു! ഈ മലബാറിൽത്തന്നെ ഫെനീച്ചിയോ മുതലായ വൈദികോത്തംസന്മാർ എത്രആയിരങ്ങളെയാണ് കത്തോലിക്കാമതാവലംബികളാക്കിയതു്. എന്നാൽ വേദകലഹം പൊട്ടിപ്പുറപ്പെട്ടതോടെ ഒന്നുകിൽ ഇസ്ലാം അല്ലെങ്കിൽ കൊല എന്നുള്ള പടഹധ്വനിയോടെ മൈസൂർ കടുവാ മലബാറിനെ ആക്രമിച്ചപ്പോൾ എത്ര ആയിരങ്ങളാണു ജീവനിൽ കൊതികൊണ്ടു മുഹമ്മദീയരായിത്തീർന്നതു്. ടിപ്പുവിൻെറ ആക്രമണം ബ്രിട്ടീഷ്-മലബാർ മുതൽ ആലുവാപ്പുഴ വരെ നടത്തിയ മതപരിവർത്തനം എന്തുപറയട്ടെ. ഇന്നും മൈസൂർ അതിർത്തിമുതൽ ആലുവാവരെയും അതിനപ്പുറവും കാണുന്ന സകല മുഹമ്മദീയരും ടിപ്പുവിൻെറ പടയാളികളെ ഭയന്നു ജീവനെ മോഹിച്ചു് മുഹമ്മദീയരായവരാണെന്നു് അവരുടെ തറവാട്ടുനാമങ്ങളും മുഖച്ഛായയും, മിത്രബന്ധാദികളും ഉച്ചൈസ്തരം ഘോഷിക്കുന്നില്ലേ. അന്നത്തെ ചരിത്രം അതേപടി അതിശയോക്തികൂടാതെ രേഖപ്പെടുത്തിയിരിക്കുന്ന ഫാ. പൗളീനോയുടെയും മററു പ്രേഷിത പ്രവീണരുടെയും സാക്ഷ്യം നിഷ്പക്ഷബുദ്ധ്യാ പരിശോധിച്ചു നോക്കുന്നവർക്കു ഇതു വ്യക്തമായി കാണുവാൻ കഴിയും.

ഇവരെയെല്ലാം ക്രിസ്തുമതത്തിലേക്കു ആകർഷിക്കേണ്ടതു അവരുടെ ഭ്രാതാക്കളായ കേരളീയക്രൈസ്തവരുടെ അനിവാര്യകർത്തവ്യമാണെന്നു പറയേണ്ടതില്ലല്ലോ. നാമിന്നു കേരളത്തിൽതന്നെ 22 ലക്ഷമുണ്ട്. ഈ ഇരുപത്തിരണ്ടുലക്ഷം കത്തോലിക്കരും, ഇരുപത്തിരണ്ടുലക്ഷം അപ്പസ്തോലരായി ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി അഹ


(ശേഷം 3-ാം പേജിൽ)




വേദപ്രചാരമദ്ധ്യസ്ഥനായ വി. ഫ്റാൻസിസ് സേവ്യർ

"ആകയാൽ നിങ്ങൾ പോയി ഞാൻ നിങ്ങൾക്കു നൽകിയിട്ടുള്ള പ്രമാണങ്ങളെല്ലാം അനുസരിക്കുന്നതിനു സകല ജാതികളേയും പഠിപ്പിക്കുകയും, പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്തുകൊണ്ടു് അവരെ ശിഷ്യന്മാരാക്കുവിൻ." —മത്തായി 28:19

(വേദപ്രചാരഞായർ—ഒക്ടോബർ 21)

# ക്രിസ്തുവിൻെറ സ്വഭാവപഠനം

## അവിടുന്നു സത്യത്തെ പ്രബോധിപ്പിച്ചു, സ്നേഹത്തെ പഠിപ്പിച്ചു.

(റവ. ജെ. വട്ടക്കി എസ്. ജെ.)

II

ക്രിസ്തുവിൻെറ സ്വഭാവത്തെ ശരിയായിട്ടു നമുക്കു ഒന്നുകൂടി ചുഴിഞ്ഞിറങ്ങാം. ക്രിസ്തു ദൈവമാണു. ദൈവം സ്നേഹമാകുന്നു. എന്നാൽ സ്നേഹത്തിൻെറ അടിസ്ഥാനം നന്മയാകുന്നു. നന്മയോ വസ്തുനിഷ്ഠമായ സത്യത്തിൽ ഉൾക്കൊണ്ടിരിക്കുന്നു. അതുകൊണ്ടുതന്നെ ക്രിസ്തു സത്തപരമായും പ്രവൃത്തിപരമായും സത്യത്തിൽ നിലകൊണ്ടിരിക്കുന്നു അവിടുന്നുതന്നെ പറയുന്നു, ഞാനാകുന്നു സത്യമെന്നു" (Jn. XIV, 6) അവതരിച്ച വചനം നന്മയും സത്യവുംകൊണ്ടു നിറഞ്ഞതായിരുന്നു. (Jn I. 14) പീഡാനുഭവസമയത്തു മിശിഹാ തൻെറ സത്യത്തിനു തികച്ചും വ്യക്തമാക്കി. പീലാത്തോസിനോടു" അവിടുന്നരുളിച്ചെയ്തു:"ഇതിനായിട്ടു—സത്യത്തെപ്പറ്റി സാക്ഷ്യപ്പെടുത്തുവാനായിട്ടു"—ഞാൻ ലോകത്തിൽ വന്നിരിക്കുന്നു. സത്യത്തിൽനിന്നുള്ള ഏവനും എൻെറ സ്വരം കേൾക്കുന്നു." (Jn. XVIII 37) വീണ്ടും സുവിശേഷകൻ പറയുന്നു: നിയമം മൂശവഴി നൽകപ്പെട്ടു. സത്യവും കൃപയുമാകട്ടെ ഈശോമിശിഹാവഴി ഉണ്ടായി. (Jn I. 17) ഈ സത്യത്തിൽതന്നെ ക്രിസ്തു മറ്റുള്ളവരോടു പെരുമാറുകയുംചെയ്തു. പത്രോസിനു വിളിച്ചുപറയുവാൻ യാതൊരു വിഷമവുമില്ല, ക്രിസ്തുവിൻെറ അധരങ്ങളിൽനിന്നു ഒരിക്കലും വ്യാജം കേൾക്കപ്പെട്ടിട്ടില്ല എന്നു". (I Pet. II: 22) അവിടുത്തെ ശത്രുക്കൾപോലും ഈ സത്യം സമ്മതിച്ചു. ഗുരോ, നീ സത്യവാനാണെന്നും സാക്ഷാൽ ദൈവത്തിൻെറ വഴി പഠിപ്പിക്കുന്നവനാണെന്നും ഞങ്ങൾക്കറിയാം. (Mt. XII, 14)

കൂടാതെയും ക്രിസ്തുതന്നെ നമ്മോടാവശ്യപ്പെട്ടിട്ടുണ്ടല്ലോ "നിങ്ങളുടെ വാക്കുകൾ അതെ, അതെ എന്നും അല്ല, അല്ല എന്നുമായിരിക്കട്ടെ; ഇവയിൽ കവിഞ്ഞുള്ളതെല്ലാം ദുഷ്ടനിൽനിന്നാകുന്നു." (Mt, V, 37) അവിടുന്നു എല്ലാവരോടും എല്ലായ്പ്പോഴും സത്യമായി പെരുമാറി. അഹങ്കാരികളായ യഹൂദമേധാവികൾ അങ്ങയെ പിൻതിരിപ്പിനായി കൊട്ടിഘോഷിച്ച അവസരത്തിലും താൻ ദൈവപുത്രനാണെന്ന നിത്യസത്യത്തെ നിർവ്വിശങ്കം പ്രഖ്യാപിച്ചു. (Lk. XXII, 70) സ്വശിഷ്യർ, അല്ല അപ്പസ്തോലപ്രമുഖർപോലും തന്നിൽ വിശ്വാസരഹിതരായിത്തീരുമെന്നിരിക്കട്ടെ; ക്രിസ്തു ഒരിടത്തും ഒരിക്കലും സ്വജീവിതസത്യത്തെ മറച്ചുവയ്ക്കുകയില്ല. ചില സന്ദർഭങ്ങളിൽ ഒരൊററ പൊളിവാക്ക്, സത്യത്തിൽനിന്നുള്ള നേരിയ ഒരു വ്യതിചലനം, വ്യതിയാനോന്മുഖമായ ഒരു മുഖഭാവം മാത്രംമതിയായിരുന്നു അവിടുത്തെ അമോഘജീവിതത്തെ പരിരക്ഷിക്കുവാൻ. പക്ഷെ ക്രിസ്തു അപ്രകാരം വിചാരിക്കപോലും ചെയ്തിട്ടില്ല.

നേരെമറിച്ചു് ക്രിസ്തു ഏതെങ്കിലും പാപത്തെ, ഏതെങ്കിലും സ്വഭാവദൂഷ്യത്തെശകാരിച്ചുവെങ്കിൽ, ഏതെങ്കിലും മനോഭാവത്തെ മ്ലേച്ഛമായി കരുതിയിരുന്നുവെങ്കിൽ അതു് അസത്യത്തിൽനിന്നു് ഉടലെടുത്ത കപടതയെ ആയിരുന്നു. മറെറല്ലാ പാപികളേയും അവിടുന്നു ഹൃദയപൂർവ്വം ആശ്വസിപ്പിച്ചു. പണാഗ്രഹത്താൽ തന്നെ ഒററിക്കൊടുത്ത യൂദാസിനെ "സ്നേഹിതാ"എന്നു വിളിക്കുന്നു. പാപിനിയായ സ്ത്രീയോടു് അവിടുന്നു അരുളിച്ചെയ്തു, നീ പൊയ്ക്കൊള്ളുക; നിന്നെ ഞാൻ വിധിക്കുന്നില്ല; ഇനിമേൽ പാപം ചെയ്യരുതു. അഹംഭാവംകൊണ്ടു തന്നിലുള്ള അമിതവിശ്വാസംകൊണ്ടും പത്രോസ് ക്രിസ്തുവിനെ മൂന്നുപ്രാവശ്യം തിരസ്കരിച്ചു. എന്നാൽ പത്രോസിൻെറ പശ്ചാത്താപത്താൽ ക്രിസ്തു അവയെല്ലാം ആത്മാർത്ഥമായി മറന്നു. പാപിനിയായ മഗ്ദലന മറിയം അവിടുത്തെ അന്തികത്തിൽ, സഹതപിക്കുവാൻ സാധിക്കുന്ന ആളുകളെ അറിയുവാൻ പോന്ന ഒരു ഹൃദയത്തെ അന്വേഷിച്ചുവന്നു. ക്രിസ്തു അവളെ സാന്ത്വനപ്പെടുത്തി ഉപദേശിച്ചു: നീ അധികം സ്നേഹിച്ചതുകൊണ്ടു് നിന്നോടു അധികം പൊറുക്കപ്പെട്ടിരിക്കുന്നു.

എന്നാൽ വഞ്ചനനിറഞ്ഞ, കാപട്യത്താൽ കലുഷിതമായ നിയമജ്ഞന്മാരേയും ഫ്രീശന്മാരേയും കണ്ടപ്പോൾ ക്രിസ്തുവിനു വലിയ ദയവായ്പോ അനുകമ്പയോ ഉണ്ടായില്ല. അരത്തുമുറിച്ച വാക്കിൽ, സിംഹനാദംപോലെ അവിടുന്നു ഗർജ്ജിച്ചു: "കപടഭക്തന്മാരായ നിയമജ്ഞരേ, ഫ്രീശരേ, നിങ്ങൾക്കു കഷ്ടം എന്തുകൊണ്ടെന്നാൽ, നിങ്ങൾ മനുഷ്യരുടെ മുമ്പിൽ സ്വർഗ്ഗരാജ്യം അടച്ചുകളയുന്നു. എന്തെന്നാൽ നിങ്ങൾ പ്രവേശിക്കുന്നുമില്ല, പ്രവേശിക്കുവാൻ പോകുന്നവർ പ്രവേശിക്കുവാൻ നിങ്ങൾ സമ്മതിക്കുന്നുമില്ല......കപടഭക്തന്മാരായ നിയമജ്ഞരേ, ഫ്രീശരേ, നിങ്ങൾക്കു കഷ്ടം, എന്തുകൊണ്ടെന്നാൽ നിങ്ങൾ വെള്ളതേച്ചു് പുറമേ ഭംഗിയുള്ളവരായി കാണപ്പെടുന്നുവെങ്കിലും അകമേ മരിച്ചവരുടെ അസ്ഥികളും സകലവിധ മ്ലേച്ഛതയുംകൊണ്ടു് നിറഞ്ഞിരിക്കുന്ന ശവക്കല്ലറകളോടു് തുല്യരാകുന്നു. (Mt. XXIII 13—33) അവസാനവിധിയെന്നപോലെ അവിടുന്നു ഭയങ്കരമായി ശാസിക്കുന്നു: "സർപ്പങ്ങളേ, അണലികളുടെ സന്താനങ്ങളേ, നരകവിധിയിൽനിന്നു നിങ്ങൾ എങ്ങനെ ഒഴിഞ്ഞുമാറും." (Ibi. 33) ഇങ്ങനെ ക്രിസ്തു മുഖംമൂടിയണിഞ്ഞ യഹൂദവൃന്ദത്തിൻെറ അസത്യത്തെ അധിക്ഷേപിച്ചു.

സ്വശിഷ്യരുടെ ലക്ഷണവും നിത്യസമ്മാനവും ആയി ക്രിസ്തു എടുത്തുകാണിച്ചതും സത്യംതന്നെയായിരുന്നു. അവിടുന്നു സ്വശിഷ്യരോടു് ആവശ്യപ്പെട്ടു: "നിങ്ങൾ എൻെറ വചനത്തിൽ നിലനില്ക്കുമെങ്കിൽ, നിങ്ങൾ സാക്ഷാൽ എൻെറ ശിഷ്യരാകുന്നു. ഇങ്ങനെ നിങ്ങൾ സത്യം അറിയുകയും, ആ സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും." (Jn. viii 31-32). സത്യംതന്നെയായിരുന്നു ക്രിസ്തു സ്വശിഷ്യർക്കു വാഗ്ദാനം ചെയ്തതും; ഞാൻ എൻെറ പിതാവിനോടു് ചോദിക്കും, അവൻ നിങ്ങളോടുകൂടി എന്നും ഇരിക്കേണ്ടതിനായി സത്യത്തിൻെറ അരൂപിയെ നിങ്ങൾക്കു തരും. (Jn. xiv, 16). അവസാനത്തെ അത്താഴത്തിൽ ക്രിസ്തു പ്രാർത്ഥിച്ചതും താദൃശസത്യത്തിനായിരുന്നു. അവിടുന്നു പരമപിതാവിനോടു് യാചിക്കുന്നു. "പിതാവേ, നിൻെറ വചനം സത്യമായിരിക്കകൊണ്ടു്, നിൻെറ സത്യത്തിൽ അവരെ വിശുദ്ധീകരിക്കണമെ." (Jn. xvii, 17)

ഇങ്ങനെ ക്രിസ്തു സത്യമായിരുന്നു. സത്യത്തിൽ വ്യാപരിച്ചു. അവിടുന്നു് ഈ സത്യത്തിൽ സ്നേഹിച്ചു, പരമപിതാവിനെയും മനുഷ്യരെയും. പുൽക്കൂട്ടിൽ പിറന്നതുമുതൽ കാൽവരിയിൽ ക്രൂശിക്കപ്പെട്ടതുവരെ അവിടുന്നു നമ്മെ സ്നേഹിച്ചു. അല്ല ദൈവം എന്ന നിലയിൽ അവിടുന്നു അനന്തമായി നമ്മെ സ്നേഹിക്കുന്നു. സുവിശേഷകൻ പറയുന്നു: "അവൻ ഈ ലോകത്തിൽ തനിക്കുള്ളവരെ സ്നേഹിച്ചു; അവസാനംവരെ സ്നേഹിച്ചു." (Jn. iiix, 1) അപ്പസ്തോലനു് യാതൊരു വിഷമവുമില്ല വിളിച്ചുപറയുവാൻ, മിശിഹാ തന്നെ സ്നേഹിച്ചുവെന്നും തനിക്കവേണ്ടി കുരിശിൽ തറയ്ക്കപ്പെട്ടുവെന്നും. (Gal. ii, 20). തീർച്ചയായും, "ഒരു മനുഷ്യൻ തൻെറ സ്നേഹിതർക്കുവേണ്ടി സ്വജീവൻ ഉപേക്ഷിക്കുക എന്നതിൽ വലുതായ സ്നേഹം ഇല്ല." (Jn. xv 13) മിശിഹായുടെ സ്നേഹം മൃദുലമായ മാതാവിൻെറ സ്നേഹത്തെക്കാൾ ശക്തവും വികാരാത്മകവുമാണു്. (Mt. xxiii 37) അല്ല, അവിടുന്നു എപ്രകാരം തൻെറ പിതാവിനെ സ്നേഹിച്ചുവോ, അപ്രകാരംതന്നെ നമ്മെയും സ്നേഹിക്കുന്നു. "എൻെറ പിതാവു് എന്നെ സ്നേഹിച്ചതുപോലെ തന്നെ ഞാനും നിങ്ങളെ സ്നേഹിച്ചു നിങ്ങൾ എൻെറ സ്നേഹത്തിൽ വസിക്കുവിൻ." (Jn. xv, 9). ചുരുക്കിപ്പറഞ്ഞാൽ സ്നേഹം എന്ന ഒരു വാക്കിൽ ക്രിസ്തുവിൻെറ സകല പ്രവൃത്തികളെയും പ്രസ്താവനകളെയും സമാഹരിക്കാം. സ്നേഹംകൊണ്ടു് അവിടുന്നു മനുഷ്യനായി അവതരിച്ചു. സ്നേഹത്താൽ അവിടുന്നു ദുഃഖിതരെ ആശ്വസിപ്പിച്ചു; മരിച്ചവരെ പുനർജ്ജീവിപ്പിച്ചു. അതുകൊണ്ടുതന്നെ അവിടുന്നു അവസാന അത്താഴത്തിൽ ആകുലനായി കാണപ്പെട്ടു. സ്നേഹിച്ചതുകൊണ്ടു അവിടുന്നു കരഞ്ഞു; കുരിശുമരണം കൈവരിച്ചു.

സ്വശിഷ്യരോടു് സ്പഷ്ടമായ ഭാഷയിൽ അവിടുന്നു അനുശാസിച്ചു. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്നതാണു എൻെറ കല്പന." (Jn xv 12) പിന്നെയും, "നിങ്ങൾ പരസ്പരം സ്നേഹിക്കേണ്ടതിനാകുന്നു ഞാൻ ഇവ നിങ്ങളോടു കല്പിക്കുന്നതു്" (Jn. xv 17) ഇങ്ങനെ ക്രിസ്തുവിൻെറ ജീവിതം സ്നേഹത്തിൽനിന്നു് ഉടലെടുത്തു്, സ്നേഹത്തിൽ അവസാനിച്ചതുപോലെ, അവിടുത്തെ ഉപദേശങ്ങളും, സ്നേഹത്തിൽ അധിഷ്ഠിതവും, സ്നേഹത്തിനായുള്ള നിർദ്ദേശങ്ങളും ആയിരുന്നു.

എന്നാൽ അവിടുന്നു് നമ്മെ സ്നേഹിച്ചതു്, മുൻപു് സൂചിപ്പിച്ചതുപോലെ, സത്യത്തിലായിരുന്നു. ക്രിസ്തു മനുഷ്യരെ സ്നേഹിച്ചതു് ദൈവത്തിനുവേണ്ടിയും ദൈവത്തിലും ആയിരുന്നു. എല്ലാവരും സ്വർഗ്ഗസ്ഥനായ പിതാവിൻെറ പുത്രരാണു്. പാപത്തിൽ വീണുപോയ നമ്മെ പരമപിതാവിൻെറ അടുക്കലേക്കു് വിളിച്ചുവരുത്തുവാനാണു് ക്രിസ്തു നമ്മെ സ്നേഹിച്ചതു് (Mt. xviii, 11) രക്ഷാകരമായ കുരിശുമരണംവഴി ക്രിസ്തു നമ്മെ ദൈവത്തിൻെറ ദത്തുപുത്രരാക്കി. വി. ആഗുസ്തീനോസിൻെറ സുപ്രസിദ്ധവാക്കുകൾ നമുക്കു് സുപരിചിതങ്ങളാണല്ലോ. വിശുദ്ധൻ പറയുന്നു: "ദൈവം മനുഷ്യനായതു്, മനുഷ്യൻ ദൈവമാകുന്നതിനു വേണ്ടി"യായിരുന്നുവെന്നു്. അകത്തോലിക്കനായ നിച്ചേയ്ക്കു്യാതൊരു ക്ലേശവുമില്ല പറയുവാൻ "മനുഷ്യനെ ദൈവത്തിനായി സ്നേഹിക്കുകയെന്നതാണു് ഏററവും കുലീനമായ വികാരമെന്നു്."

(തുടരും)

ആദ്ധ്യാത്മികവീഥി

# മറുപടിക്കത്തു്

ദൈവത്തിൻെറ വത്സലമക്കളേ,

സത്യദീപംവഴി മറുപടി ആവശ്യപ്പെട്ടുകൊണ്ടു് അയച്ചിട്ടുള്ള ഒരെഴുത്തും അതിൻെറ മറുപടിയും താഴെ ചേർക്കുന്നു:-

ഞാൻ 25 വയസ്സുള്ള ഒരു യുവതിയാണു്. തേർഡ്ഫോറംവരെ വിദ്യാഭ്യാസം കഴിഞ്ഞതിൻെറ ശേഷം വീട്ടിൽ നില്ക്കേണ്ടതായി വന്നുകൂടി. ഞാൻ എൻെറ ആത്മപിതാവിൻെറ അനുവാദത്തോടുകൂടി നിത്യകന്യാത്വം നേർന്നതാണു്. അതനുസരിച്ചു് ഞാൻ ചെറുപ്പത്തിലേതന്നെ മഠത്തിൽ പോകുവാൻ ആഗ്രഹിക്കുകയും ആ വിവരം വീട്ടിൽ അറിയിക്കുകയും ചെയ്തു. അപ്പൻ നേരത്തെ മരിച്ചുപോയി. സഹോദരന്മാർ ആരും തന്നെയില്ല. ആയതിനാൽ അമ്മ എന്നെ മഠത്തിൽവിടാതെ വീട്ടിൽ നിറുത്തി. എന്നാൽ ഇപ്പോൾ മഠത്തിൽ വിടുന്നതിനു് അമ്മയ്ക്കു മനസ്സുണ്ടു്. പക്ഷെ നിശ്ചിതപരീക്ഷ പാസ്സാകാത്തതുകൊണ്ടു് അവർ മഠത്തിൽ ചേർക്കുന്നില്ല. അല്ലെങ്കിൽ പത്രമോനി വളരെ കൂടുതൽ വേണം. അതു കൊടുക്കുവാൻ മാത്രം പ്രാപ്തിയില്ല. പല മഠത്തിലും അന്വേഷിച്ചുവെങ്കിലും ഒരു സ്ഥലത്തും അനുവാദം ലഭിച്ചില്ല. ഇതിൽ കൂടുതലായ ഒരു സങ്കടം എനിക്കുണ്ടാകുവാനില്ല. എത്രമാത്രം ഹൃദയവേദനയാണു് എനിക്കുള്ളതെന്നു് എൻെറ ദിവ്യനാഥനു മാത്രമേ അറിയുവാൻ പാടുള്ളൂ. രാത്രിയിൽ സുഖനിദ്രയ്ക്കുപോലും വലിയ വിഷമമാണു്. ചിന്തിച്ചാൽ യാതൊരു അവസാനവുമില്ലാത്ത ഒരവസ്ഥയാണു് ഞാൻ കാണുന്നതു്. ഇത്ര വലിയ ഹൃദയവേദനയോടുകൂടിയ ജീവിതംതന്നെ വലിയ ഭാരമായി എനിക്കു തോന്നുന്നു. വിവാഹജീവിതം നിത്യരക്ഷയ്ക്കു തടസ്സമല്ലെങ്കിലും ഞാൻ നേരത്തെതന്നെ വിവാഹജീവിതത്തെ വെറുക്കുകയും കന്യകാത്വത്തെ സ്നേഹിക്കുകയും ചെയ്തതാണു്. ജീവൻ വെടിയേണ്ടിവന്നാലും വിവാഹജീവിതത്തിനു എനിക്കൊരുക്കമില്ല. ഈ ദയനീയാവസ്ഥയിൽ എന്തുചെയ്യണമെന്നറിയാതെ ഞാൻ വളരെ വിഷമിക്കുകയാണു്. അവിവാഹിതയായി വീട്ടിൽ നില്ക്കുന്നതിനു് എനിക്കു മനസ്സുണ്ടു്. പക്ഷെ മനുഷ്യർ എന്നെ ഭയപ്പെടുത്തുന്നു, അങ്ങനെ വീട്ടിൽ നിന്നാൽ ഭയങ്കരങ്ങളായ നാശങ്ങൾക്കു കാരണമുണ്ടെന്നും അങ്ങനെയുള്ള വിചാരങ്ങൾ സാത്താൻെറ തന്ത്രങ്ങളാണെന്നും ആത്മാവിനുപോലും നാശം സംഭവിക്കുമെന്നും. അങ്ങനെയുള്ള വിചാരത്താൽ ഞാൻ വളരെ സങ്കടപ്പെട്ടിരിക്കുമ്പോളാണു് വി. ജമ്മാ ഗൽഗാനിയുടെ ചരിത്രം സത്യദീപത്തിൽ കണ്ടതു്. അതുമുതൽ എൻെറ മനസ്സിനൊരു സമാധാനമുണ്ടു്. ആ കുഞ്ഞുവിശുദ്ധയെ അനുകരിക്കണമെന്നാണു് എൻെറ ആഗ്രഹം. പ്രിയ പിതാവേ, വി. ജമ്മായെ അനുകരിച്ചു വീട്ടിൽ ജീവിച്ചാൽ ആത്മനാശത്തിനു കാരണമുണ്ടോയെന്നും മററും അറിയുവാൻ അതിയായി ആഗ്രഹിക്കുന്നു.

മറുപടി:- വി. ജമ്മാ ഗൽഗാനിയെപ്പോലെ ജീവിക്കുന്നതിൽ അബദ്ധമൊന്നുമില്ല. വഷളന്മാരായ മനുഷ്യരിൽനിന്നു ആപത്തൊന്നുമുണ്ടാകാതിരിക്കാൻവേണ്ട മുൻകരുതലുകളെല്ലാം ചെയ്യണം. അല്ലെങ്കിൽ ആത്മനാശത്തിനിടയുണ്ടെന്നു ചിലർ പറയുന്നതു വാസ്തവമാണു്. തനിച്ചു വീട്ടിൽ താമസിക്കുന്നതു അപകടകരമാകയാൽ അമ്മയുടെ മരണശേഷം വല്ല മഠങ്ങളിലും തുണസഹോദരിയായിട്ടോ അതിനു സാദ്ധ്യമല്ലെങ്കിൽ മററു അതുപോലുള്ള സ്ഥാപനത്തിലോ പാർക്കുന്നതായിരിക്കും നല്ലതു്. ചെലവിനുള്ള വക വീട്ടിൽനിന്നു കൊണ്ടുപോകാൻ മാർഗ്ഗമുണ്ടെങ്കിൽ വല്ല ചില്ലറജോലികളും ചെയ്തുകൊണ്ടു മഠത്തിൽ ഭക്തിയായി ജീവിക്കുന്നതിനു അനുവാദം കിട്ടുമെന്നാണു തോന്നുന്നതു്.

ആത്മരക്ഷയ്ക്കു ആവശ്യമെന്നു ബോദ്ധ്യപ്പെടുന്നപക്ഷം വെറും വേലക്കാരിയായിട്ടുപോലും മഠത്തി


തൈക്കാട്ടു് മൂസ്സ് വക

ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ചു്: ആലുവാ റെയിൽവെസ്റ്റേഷൻ സമീപം

എല്ലാ വ്യാഴാഴ്ചയും ഉച്ചയ്ക്കു് 1 മണി മുതൽ വൈകുന്നേരം 5 മണിവരെ

ഡി. എ. മൂസ്സ് അവർകൾ

വൈദ്യശാലയിൽ ഉണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണു്.



മലബന്ധവും,
മൂലക്കുരുവും,
ഗ്യാസ്ട്രബിളും,
ദേഹംമെലിച്ചലും,
(വാതവുംപിത്തവും–വായുവും ചൂടും വർദ്ധിക്ക)
നിമിത്തമുണ്ടാവുന്ന

| | |
|---|---|
| ചുമ, | പനി, |
| ക്ഷയം, | ഏങ്ങൽ, |
| നീർവീഴ്ച, | തുമ്മൽ, |
| വയറുവേദന, | നെഞ്ചുവേദന, |
| തലചുററൽ, | ബോധക്ഷയം, |
| രക്തസമ്മർദ്ദം, | പ്രമേഹം, |
| വയറുകത്തു്, | ഉറക്കക്കുറവു്, |
| മൂത്രാധിക്യം, | അരുചി, |

അമിതമായ ഹൃദയസ്പന്ദനം

തുടങ്ങിയ രോഗങ്ങളെ ശമിപ്പിക്കുന്നതിനും, ശരീരംകൊണ്ടും മനസ്സുകൊണ്ടും ദിനംപ്രതി ചെയ്യുന്ന അദ്ധ്വാനങ്ങളുടെ ഫലമായും മററും ദേഹത്തിൽനിന്നു് നാനാപ്രകാരേണ ക്ഷയിച്ചുകൊണ്ടിരിക്കുന്ന രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം എന്നീ ധാതുക്കളേയും, ഓജസ്സിനേയും വർദ്ധിപ്പിക്കുന്നതിനും, യൌവനത്തേയും ആയുസ്സിനേയും ദീർഘിപ്പിക്കുന്നതിനും




ഉപയോഗിക്കുക.

½ റാത്തൽ കുപ്പി 1ക്കു്--- 4-0-0
റജിസ്റ്റേഡ് പാർസൽ അയക്കുന്നതിനു് മുൻകൂർ അയക്കേണ്ടതു്- 5-0-0
ഫോൺ: അളഗപ്പനഗർ 542
ടെലിഗ്രാം:കാളൻ, അളഗപ്പനഗർ

കാളൻ, നെല്ലായി (S. INDIA)

ൽ നില്ക്കുന്നതു ഒരപമാനമായി കരുതേണ്ടതില്ല.

വീട്ടിൽതന്നെ നില്ക്കുന്ന കാലത്തു്, ഒരദ്ധ്യാത്മഗുരുവിനെ തിരഞ്ഞെടുത്തു് അദ്ദേഹത്തിൻെറ നിർദ്ദേശാനുസരണം പ്രവർത്തിക്കുന്നതിനും കൂടെക്കൂടെ യോഗ്യതയോടുകൂടി ദിവ്യകൂദാശകൾ സ്വീകരിക്കുന്നതിനും ശ്രമിക്കണം.

എന്നു
പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവ്

---

(1-ാംപേജ് തുടർച്ച)

മഹനീകയാ പ്രയത്നിക്കേണ്ടകാലം അത്യാസന്നമായിരിക്കുന്നു. ഒരുവൻ ഒരുവനെ, ഒരു കുടുംബം ഒരു കുടുംബത്തെ മാനസാന്തരപ്പെടുത്തുവാൻ പരിശ്രമിക്കട്ടെ. ഓരോ ക്രിസ്ത്യാനിയും ഓരോ ക്രിസ്തുവായി രൂപാന്തരപ്പെട്ടു് സത്യം പ്രബോധിപ്പിച്ചു്, സത്യം പ്രചരിപ്പിച്ചു്, സത്യം അവലംബിക്കുവാൻ അന്യരെ പ്രേരിപ്പിക്കേണ്ടിയിരിക്കുന്നു. സത്യമതത്തെ അറിയാതിരിക്കുവാനും അവഹേളിക്കുവാനും കാരണം ഒന്നാമതായി അജ്ഞതയാണു്. ക്രിസ്തുവിൻെറ ബദ്ധവൈരികൾ ക്രിസ്തുവിനെ യഥാർത്ഥത്തിൽ അറിയാത്തവരാണു്. സത്യത്തെ അറിയുന്നവൻ താനെ സത്യത്താൽ ആകൃഷ്ടനായിക്കൊള്ളും. നാമതുകൊണ്ടു് സത്യം പ്രചരിപ്പിക്കണം, പ്രബോധിപ്പിക്കണം. സമയത്തും അസമയത്തും പ്രസംഗിക്കയും പ്രബോധിപ്പിക്കയും ചെയ്യേണ്ട കാലമാണിതു്. പ്രസംഗവേദിയും പ്രസിദ്ധീകരണവും കൈയോടുകൈചേന്നു തോളോടുതോളുരസി മുന്നേറേണ്ടുന്ന കാലമാണിതു്. അതിനാൽ പ്രസംഗവും പ്രസിദ്ധീകരണവും കാര്യക്ഷമമാക്കുന്നതിനു ഇന്നത്തെ അത്യന്താപേക്ഷിതവസ്തുക്കൾ ആളും അർത്ഥവുമാണു്.

അപ്പസ്തോലശുഷ്രൂഷ നിർവ്വഹിക്കുവാൻ അറിവുള്ള ആളുകൾ, ദൈവത്തേയും മനുഷ്യരേയും തമ്മിൽ ബന്ധിക്കുന്ന ആളുകൾ, പുരത്തിൻെറ വേദിയിൽ നിന്നുകൊണ്ടു് ജനത്തിൻെറ ഹിതത്തെ പരത്തിൻെറ നാഥനെ അറിയിച്ചു്, ആ പരാപരസത്തയുടെ ജീവജലം ലോകത്തിനു നിർല്ലോഭം നൽകുവാൻ പുരോഹിതർ അത്യാവശ്യമാണു്. ഇന്നു മലയാളക്കരയിലുള്ള നാലുലക്ഷം കത്തോലിക്കാകുടുംബങ്ങളിൽനിന്നും ശരാശരി ഓരോ കുടുംബത്തിൽനിന്നും ഓരോ വൈദികനെങ്കിലും നമുക്കാവശ്യമായിരിക്കുന്നു. അതുപോലെതന്നെ അന്തേവാസികളായ സ്ത്രീജനലക്ഷങ്ങളുടെ ഹൃദയങ്ങളിൽ ദൈവനാഥനെ എത്തിച്ചുകൊടുക്കുവാൻ കന്യകകളേയും. സത്യമതപ്രചാരണത്തിനുവേണ്ടി മാത്രം ജീവിതം ഉഴിഞ്ഞുവച്ച വൈദികരേയും കന്യകകളേയും ഏവംവിധം കേരളക്കര നൽകുമ്പോൾ ഹിമവൽസേതുപര്യന്തം നമ്മുടെ യുവപ്രേഷിതർ ക്രിസ്തുമതദീപം കൊളുത്തുകയും ക്രിസ്തുമതലവണം നൽകുകയുംചെയ്തു് ഭാരതത്തെ ക്രിസ്തുപതാകയിൻകീഴിൽ വരുത്തുകതന്നെ ചെയ്യും. ക്രിസ്തുവിനെ സത്യത്തിൽ ഭാരതം അറിഞ്ഞാൽ ഭാരതം താനെ ക്രിസ്തുഭക്തയായിക്കൊള്ളും. യൂറോപ്യൻരാജ്യങ്ങളിലും അമേരിക്കൻരാജ്യങ്ങളിലും കൂട്ടംകൂട്ടമായി ലക്ഷോപലക്ഷങ്ങൾ ക്രിസ്തുമതം ആശ്ലേഷിച്ചതുപോലെ ഇവിടേയും ആശ്ലേഷിച്ചുകൊള്ളും. ശത്രു എന്നും ജാഗരൂകനായിരിക്കും. എന്നാൽ അതിൽ ഒട്ടും ഭയപ്പെട്ടിട്ടാവശ്യമില്ല.

രണ്ടാമതായി മുദ്രാലയപ്രേഷിതത്വത്തിനു എല്ലാവരും ആത്മാർത്ഥം സഹകരിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുമതസത്യം സകലർക്കും കരഗതമാകത്തക്കവണ്ണം പത്രങ്ങൾ, മാസികകൾ, പുസ്തകങ്ങൾ, ലഘുലേഖകൾ എന്നിവ വിവിധഭാഷകളിൽ അടിച്ചു് ഭാരതമാസകലം സുലഭമായി വിതരണംചെയ്യണം. അതിനു എല്ലാ സ്ഥലങ്ങളിലും പ്രവേശനം ലഭിക്കാതിരിക്കുകയില്ല. ഇതിനെല്ലാം നമുക്കു പണം ആവശ്യമാണു്. ഇതിനു നമുക്കു പ്രായോഗികമാക്കുവാൻ പാടുള്ള പദ്ധതികൾ ആസൂത്രണംചെയ്തു് നിശ്ചയദാർഢ്യത്തോടുകൂടി നാം ഒത്തൊരുമിച്ചു പ്രവർത്തിക്കണം. ആസന്നമായിരിക്കുന്ന "മിഷൻസണ്ടേ" ഈവിധ വിചിന്തനങ്ങൾക്കുള്ള പ്രത്യേകാവസരമായി നമുക്കാചരിക്കാം. ഇങ്ങനെ പ്രസംഗംകൊണ്ടും പ്രസിദ്ധീകരണംകൊണ്ടും ക്രിസ്തുവിനെ ഭാരതത്തിൻെറ ജനകോടികൾക്കു നമുക്കു കരഗതമാക്കിക്കൊടുക്കാം. ഏവംവിധം നമ്മുടെ അനിവാര്യകർത്തവ്യം നമുക്കു നിർവ്വഹിക്കാം.

---

## സ്നേഹസ്മാരകം

### 1-ാമത്തു ചരമവാർഷികം



തോട്ടകത്തു്
റാഫേൽ ലിയോൺസ്

ജനനം 28—12—1902
മരണം 17—10—1955

R. I. P.

---

ചൈനായിലെ
സഭയ്ക്കുവേണ്ടിയുള്ള

## പ്രാർത്ഥനാസഖ്യം

ആറുകൊല്ലമായി ചൈനായിലെ 35 ലക്ഷം കത്തോലിക്കർ അതിദാരുണവും ഭയാനകവുമായ മതപീഡനങ്ങൾക്കു വിധേയരായി കഴിഞ്ഞുകൂടുകയാണു്. അവിടത്തെ കമ്മ്യൂണിസ്റ്റു് ഗവമ്മെൻറു് അവരെ പരി. സിംഹാസനത്തിൽനിന്നു വേർപെടുത്തി സ്വതന്ത്രമായ ഒരു ദേശീയസഭയുടെ അംഗങ്ങളാക്കുവാൻ ഭഗീരഥപ്രയത്നം ചെയ്തുകൊണ്ടിരിക്കുന്നു.

ദൈവാനുഗ്രഹത്താൽ ചൈനീസ് കത്തോലിക്കർ പ്രസ്തുത പീഡനങ്ങളെയെല്ലാം സുധീരം ചെറുത്തുകൊണ്ടു് ദൈവത്തോടും പരി. സിംഹാസനത്തോടുമുള്ള വിശ്വസ്തത അഭംഗം പാലിച്ചുകൊണ്ടുവരികയാണെന്നുള്ളതു് ആശ്വാസജനകംതന്നെ. എങ്കിലും അവർ നിരന്തരസമരത്തിൽ ഏർപ്പെട്ടിരിക്കുകയാണെന്നും നാളെ എന്തു സംഭവിക്കുവാൻ പോകുന്നുവെന്നറിയാതെ മരണത്തിൻെറ നിഴലിൽ ഭയവിഹ്വലരായി കഴിഞ്ഞുകൂടുകയാണെന്നുമുള്ള വസ്തുത നമുക്കു വിസ്മരിക്കാവതല്ല.

മിശിഹായുടെ മൗതികശരീരത്തിൻെറ അംഗങ്ങളെന്ന നിലയിൽ നമ്മുടെ സഹോദരന്മാരും സഹോദരികളുമായ അവരെ ആവതു സഹായിക്കുവാൻ നമുക്കു കടമയുണ്ടു്. ഒരൊററ സഹായം മാത്രമേ അവർ നമ്മോടാവശ്യപ്പെടുന്നുള്ളു. അതു നമ്മുടേയും അവരുടേയുമായ സത്യവിശ്വാസത്തിൻെറ സംരക്ഷണത്തിനായി അവർ നടത്തുന്ന സമരത്തിൽ നമ്മുടെ പ്രാർത്ഥനയാലും സഹനത്താലും പരിത്യാഗത്താലും അവരോടുകൂടി നാമും ഉണ്ടായിരിക്കണമെന്നുള്ളതാണു്. ചൈനയിലേയും ലോകത്തിലെ ഇതരഭാഗങ്ങളിലേയും പീഡിതസഭ ഞെരുക്കങ്ങളിൽനിന്നു വിമുക്തമായി സമാധാനത്തോടുകൂടി ദൈവശുശ്രൂഷ നടത്തുന്നതിനു് ഇടയാകുമാറു് എല്ലാ കത്തോലിക്കരും ഒത്തൊരുമിച്ചു പ്രയത്നിക്കുന്നുണ്ടെന്നുള്ള ബോധം അവർക്കു വളരെ ആശ്വാസജനകമായിരിക്കുമല്ലോ.

പ്രസ്തുത ഉദ്ദേശ്യത്തെ മുൻനിറുത്തി 1952 മാർച്ചു് 10-ാംനു- വിശ്വാസപ്രചാരകതിരുസ്സംഘത്തിൻെറ (Sacred Congregation of the propagation of faith) അംഗീകാരത്തോടുകൂടി സ്ഥാപിതമായിട്ടുള്ളതാണു് ചൈനയിലെ സഭയ്ക്കുവേണ്ടിയുള്ള പ്രാർത്ഥനാസഖ്യം. (Union of prayer for the Church of China U. P. C) ഇപ്പോൾ 30 രാജ്യങ്ങളിലായി അതിനു 3,80,000 അംഗങ്ങളുണ്ടു്.

അതിൻെറ എല്ലാ അംഗങ്ങളും താഴെപ്പറയുന്ന നിയോഗങ്ങൾക്കായി പ്രതിദിനം ഓരോ ചെറിയ പ്രാർത്ഥനയും പരിത്യാഗവും അർപ്പിക്കേണ്ടതാണു്.

1) റോമ്മായിൽനിന്നു വേർപെട്ട ഒരു സ്വതന്ത്രസഭ സ്ഥാപിക്കപ്പെടാതിരിക്കുക.

2) വിശ്വാസത്തെപ്രതി എത്ര കഠോരമായ പീഡകളും മരണംപോലും സഹിക്കുന്നതിനുള്ള ശക്തി ലഭിക്കുക.

3) ഇപ്പോഴത്തെ മതപീഡനത്തിൻെറ ഫലമായി ചൈനാ മുഴുവൻ സത്യവിശ്വാസം സ്വീകരിക്കുകയും ശാശ്വതസമാധാനം കൈവരിക്കുകയും ചെയ്യുക.

ലോകത്തിൽ മററെവിടെയെങ്കിലും മതപീഡനമനുഭവിക്കുന്നവരേയും ഈ പ്രാർത്ഥനാനിയോഗത്തിൽ പെടുത്താം.

ലോകമാസകലമുള്ള അസംഖ്യം സഹോദരന്മാർ തങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ടെന്നറിഞ്ഞു് ധൈര്യവും ആശ്വാസവും പ്രാപിക്കുന്നതിനു് ഇടയാകുന്നതിനായി ചൈനായിലെ പീഡിതർക്കയച്ചുകൊടുക്കുന്നതിനു് നിങ്ങളുടെ പേരും മേൽവിലാസവും താഴെപ്പറയുന്ന ഏതെങ്കിലും മേൽവിലാസത്തിൽ അയച്ചുകൊടുക്കുന്നതു ആശാസ്യമായിരിക്കും.

"ഞാൻ ചൈനായിലെ പീഡിതസഭയ്ക്കുവേണ്ടി പ്രതിദിനം ഒരു ജപവും ഒരു പരിത്യാഗവും കാഴ്ചവച്ചുകൊള്ളാം."

പേരു്.....................
ഒപ്പു്.....................
തീയതി...............

മേൽവിലാസം:-

1. The Central Office U. P. C.
Via Mura Aurelie,
Roma (8) Italy

2. The Parish Priest
St. Teresa's Church
Girgaum, Bombay 4.

---

# ചെറുകഥ

## കരുണയില്ലാത്ത വിരുന്നുകാരൻ

(ജോസഫ് ചോഴംപടം, കടക്കച്ചിറ)

ജീവിതത്തിൻെറ മുന്നടിപ്പാതയിലൂടെ ആയിരമായിരം ശുഭപ്രതീക്ഷകളുമായി ആ കൊച്ചുകുടുംബം വേച്ചും വീണും പിച്ചവച്ചുന്ന പൈതലിനെപ്പോലെ മുന്നോട്ടുനീങ്ങുകയാണു്. അപ്പനും അമ്മയും രണ്ടു മക്കളും മാത്രമുള്ള ആ കുചേലകുടുംബത്തിൽ പട്ടിണിയും രോഗവും മാറിമാറി വിരുന്നുകാരായി വരാറുണ്ടെങ്കിലും ഇപ്പോൾ ആ അതിഥികൾ ഇരുവരും തങ്ങളുടെ ആതിഥ്യസ്വീകരണത്തിനായി അങ്ങോട്ടു കയറിച്ചെന്നിരിക്കയാണു്. മനസ്സില്ലാമനസ്സോടെയാണെങ്കിലും ആ കൊച്ചു കുടുംബം ഇരുവരേയും സ്വീകരിച്ചു.

ഇടമുറിയാതുള്ള മഴമൂലം അവരാൻചേട്ടൻ വേലയ്ക്കുപോയിട്ടു ദിവസങ്ങൾ പലതായി. മഴയും കാററും തണുപ്പുമെല്ലാം മൂർദ്ധന്യത്തിലെത്തിയപ്പോൾ മാമ്മിച്ചേടത്തിയുടെ സന്തതസഹചാരിയായ വാതവുമൊന്നിളകിവശായി. അവരാൻചേട്ടൻെറ ചികിത്സയുടെ മിടുക്കും ദൈവാനുഗ്രഹവുമല്ലായിരുന്നെങ്കിൽ മാമ്മിച്ചേടത്തിയെ ഇന്നു കണികാണാൻപോലും കിട്ടുകയില്ലായിരുന്നുവെന്നാണു് അയൽക്കാരൊക്കെപ്പറയുന്നതു്. അന്നു് അവരാൻചേട്ടനെക്കൊണ്ടു് അതിനൊക്കെപ്പററുമായിരുന്നു. ഇന്നാകട്ടെ പഴയതുപോലെ ചുമടു എടുക്കുവാനോ മരംമുറിക്കുവാനോ മൂപ്പിലേക്കൊണ്ടു വഹിയാ. വയസ്സാണെങ്കിൽ അമ്പതിനോടടുത്തു. എന്നാലും ഇന്നും തരപ്പടിക്കാരോടു തോല്ക്കാറില്ല. അവരാൻചേട്ടനിപ്രായത്തിനിടയ്ക്കു ചുമടുചുമന്നും മരംമുറിച്ചും വാങ്ങിയിട്ടുള്ള രൂപായ്ക്കുണ്ടോ കണക്കുള്ളു. അവയെല്ലാം സൂക്ഷിച്ചിരുന്നെങ്കിൽ അയാളിന്നൊരു കൊച്ചുമുതലാളിയാകുമായിരുന്നു. എന്നാൽ അവയെല്ലാം താൻ മാമ്മിച്ചേടത്തിക്കുവേണ്ടി പുല്ലുപോലെ ചിലവാക്കുകയാണു ചെയ്തതു്. അതുകൊണ്ടാണു് മാമ്മിച്ചേടത്തിയെ ഇന്നും കാണുവാനുള്ളതു്. മാമ്മിച്ചേടത്തിയെക്കൂടാതുള്ള ജീവിതം ജീവിതമേയല്ലെന്നാണയാളുടെവയ്പു്. ദരിദ്രരെങ്കിലും അവർ തമ്മിൽ അത്രയ്ക്കു സ്നേഹമായിരുന്നു. അന്നൊക്കെ അവരാൻചേട്ടൻെറ വിചാരം പണമെത്ര ചിലവായാലും ശരി, താൻ വേലയുംകഴിഞ്ഞു വരുമ്പോൾ മാമ്മിച്ചേടത്തി സൗഖ്യമുള്ളവളായി കാണണമെന്നും തൻെറ വിയർപ്പിൻെറ വിലയായ ആഹാരസാധനങ്ങളെ മാമ്മിച്ചേടത്തിതന്നെ പാകപ്പെടുത്തി എല്ലാവരും സന്തോഷത്തോടെ ആസ്വദിച്ചു സമാധാനത്തോടെ ഇരുണ്ടുവെളുപ്പിച്ചു ജീവിക്കണമെന്നും മാത്രമായിരുന്നു. അയാളുടെ ആഗ്രഹം സാധിച്ചു. പന്ത്രണ്ടു വർഷമായി മാമ്മിച്ചേടത്തിക്കു പറയത്തക്ക സുഖക്കേടുകളൊന്നുമില്ല. വല്ലപ്പൊഴെങ്ങാനുംകോച്ചും കൊളുത്തും മരപ്പും ഉണ്ടായാൽത്തന്നെ കുറച്ചു കുഴമ്പുപുരട്ടി ആവി പിടിക്കുമ്പോൾ അതങ്ങു മാറിക്കൊള്ളും. എന്നാൽ ഇപ്രാവശ്യം തണുപ്പിൻെറ കൂടുതലുകൊണ്ടോ എന്തോ കുഴമ്പു ഫലിക്കുന്നില്ല. അഞ്ചാറു ദിവസമായി മാമ്മിച്ചേടത്തി പഴയതുപോലെ കിടപ്പിലായിട്ടു. താൻ ജോലിചെയ്തിട്ടാണെങ്കിൽ പത്തുപതിനഞ്ചു ദിവസത്തോളമായി. സൂക്ഷിച്ചുവച്ചിരുന്ന ആഹാരസാധനങ്ങളും രൂപായും തീർന്നു. അവരാൻചേട്ടനു ആകപ്പാടെ ഒരു വേവലാതി. ഇംഗ്ലീഷ് പഠിക്കുന്ന തൊമ്മിച്ചെറുക്കനു ഫീസുകൊടുക്കാൻ വച്ചിരിക്കുന്ന ആറു രൂപയേ ഇനിയും തൻെറ മനസ്സറിഞ്ഞുള്ളു. അതും വരുന്ന ആഴ്ചയിൽ കൊടുക്കേണ്ടതാണു്. പത്താംതീയതി കൊടുത്തില്ലെങ്കിൽ വെറുതെ നാലണകൂടി കൊടുക്കേണ്ടിവരും. ഈ മഴയൊന്നു ശമിച്ചിരുന്നെങ്കിൽ എല്ലാത്തിനും നീക്കുപോക്കുണ്ടായിരുന്നു. തൊമ്മിച്ചെറുക്കനുവേണ്ടി വച്ചിരിക്കുന്ന ആറു രൂപാ മററാവശ്യങ്ങൾക്കായി ചിലവുചെയ്യാൻ തൻെറ മനസ്സനുവദിക്കുന്നില്ല. മററിംഗ്ലീഷ് ക്ലാസിൽ പഠിക്കുന്ന അവനിൽക്കൂടി ആയിരമായിരം കാര്യങ്ങൾ താൻ സ്വപ്നം കണ്ടുകൊണ്ടാണിരിക്കുന്നതു്. അവൻ പാസ്സായി വന്നാൽ ഏതെങ്കിലുമൊരുദ്യോഗം കിട്ടും. അവൻെറ ശമ്പളവും തൻെറ വേലക്കൂലിയും കൂടിയാകുമ്പോൾ സാമാന്യം സുഭിക്ഷതയോടെ തൻെറ കുടുംബജീവിതം മുന്നോട്ടു തള്ളിവിടാം.

തന്നെയുമല്ല കുഞ്ഞേലിപ്പെണ്ണാണെങ്കിൽ കെട്ടുപ്രായത്തോടടുത്തുവരികയാണു്. അങ്ങനെ പറഞ്ഞാൽ ഒരു നൂറുകൂട്ടം ആവശ്യങ്ങൾ തന്നെ തുറിച്ചുനോക്കുന്നു. അവയെല്ലാം മനസ്സിൽ കണ്ടുകൊണ്ടു മുന്നോട്ടു നീങ്ങുമ്പോഴാണു്, നിറുത്തൽകൂടാതെയുള്ള മഴയും മരംകോച്ചുന്ന തണുപ്പുമെല്ലാം ഉണ്ടായതു്.

ആഴ്ച ഒന്നുകഴിഞ്ഞു, മാമ്മിച്ചേടത്തി കിടന്നകിടപ്പിൽതന്നെ കിടക്കുവാൻ തുടങ്ങിയിട്ടു്. ചില പൊടിക്കൈകളെല്ലാം ചെയ്തുനോക്കിയിട്ടും യാതൊരു വിശേഷവുമില്ല. പണ്ടത്തേതുപോലെ ചികിത്സിക്കുവാൻ തന്നെക്കൊണ്ടു പററുകയില്ലെങ്കിലും കഴിവതുചെയ്യാൻ താൻ ഒരുക്കമാണു്. ഇന്നാണെങ്കിൽ കഷായവും മററും വച്ചുകൊടുക്കുവാൻ കുഞ്ഞേലിപ്പെണ്ണിനു പ്രാപ്തിയുണ്ടു്, അതൊരു വലിയ ആശ്വാസമാണു്. ഏതായാലും വൈദ്യനെ കൂട്ടിക്കൊണ്ടുവന്നു് മാമ്മിച്ചേടത്തിയെക്കാണിക്കുവാൻതന്നെ നിശ്ചയിച്ചു. വൈദ്യൻെറ കാഴ്ചയിൽ ഇടതുവശത്തിനും തളർച്ച ബാധിച്ചിട്ടുണ്ടെന്നും സുഖപ്രാപ്തി ചികിത്സയുടെ തോതനുസരിച്ചായിരിക്കുമെന്നുമാണു്. ദശമൂലം തുടങ്ങി പത്തുമുപ്പതുകൂട്ടം മരുന്നുകൾകൂട്ടിയുള്ള ഒരു കഷായവും തേച്ചുകുളിക്കുവാൻ ഒരെണ്ണയും കുഴമ്പിനും കുറിച്ചുകൊടുത്തും വച്ചു അയാൾ പോയി.

അവരാൻചേട്ടൻെറ ആകെ സമ്പത്തു രണ്ടു മക്കളും അരയേക്കർ മണ്ണും സ്നേഹമയിയായ ഒരു ഭാര്യയും മാത്രമാണു്. മാമ്മിച്ചേടത്തിക്കുവേണ്ടി ആ അരയേക്കർ പണയപ്പെടുത്തുകതന്നെയല്ല വേണ്ടിവന്നാൽ വില്ക്കുവാൻകൂടി തയ്യാറാണു്. മാമ്മിച്ചേടത്തിയുടെ അവശതയിലുള്ള കിടപ്പും, കുഞ്ഞേലിപ്പെണ്ണിൻെറ പരുവവും, തൊമ്മിച്ചെറുക്കൻെറ പഠിത്തം നിലച്ചേക്കുമോയെന്നുള്ള ശങ്കയുമെല്ലാം അയാളെ തുറിച്ചുനോക്കുകയാണു്. അതിനെല്ലാം പരിഹാരമുണ്ടാക്കേണ്ടതു താൻ ഒററയ്ക്കുതന്നെ മാത്രമാണു്.

പ്രകൃതിയുടെ വികൃതിക്കല്പം ശമനം വന്നതുപോലെ തോന്നുന്നു. ഒന്നു രണ്ടു ദിവസങ്ങളായിട്ടു് ഘോരമാരിയും കൊടുങ്കാററും നിലച്ചിരിക്കയാണു്. ഒന്നുരണ്ടാഴ്ചകളായി കാണാതിരുന്ന കതിരവൻ കിഴക്കെ മലകളിൽ പൊൻപ്രഭ വീ



ബ. അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥത്താൽ ഉദ്ദേശിച്ച കാര്യം സാധിച്ചതിനു് ഉപകാരസ്മരണ.
പുത്തൂർ മേറി
തിരുവങ്കിടം, ഗുരുവായൂർ.

ശി പൊന്തിവരുന്നുണ്ട്. ദൈവമേ! ഈ ഇടതടവില്ലാത്ത മഴയൊന്നു മാററിത്തരണമേയെന്നു് താനും തന്നെപ്പോലുള്ളവരും പ്രാർത്ഥിച്ചതിന്റെ ഫലമായിട്ടായിരിക്കാം മഴയിപ്പോൾ ശാന്തമായതു്.

മാമ്മിച്ചേടത്തിക്കുവേണ്ടി കഷായത്തിനു പച്ചമരുന്നുകൾ പറിക്കണം, എണ്ണ കാച്ചണം, കുഴമ്പുണ്ടാക്കണം എല്ലാത്തിനും എല്ലാത്തിനും അവരാൻചേട്ടൻ ഒററയൊരുത്തൻതന്നെ വേണം. ആകപ്പാടെ അയാൾ വിഷമിച്ചു. വസ്തു പണയം കൊടുക്കാമെന്നും പറഞ്ഞു് പീലിപ്പോസു് മുതലാളിയോട് അമ്പതു രൂപാ കടം വാങ്ങിച്ചതും തീർന്നു. അങ്ങാടിമരുന്നു വാങ്ങണം, അരി വാങ്ങണം, തൊമ്മിക്കു രണ്ടാംപ്രാവശ്യവും ഫീസു കൊടുക്കാറായി, കോളിൽപ്പെട്ട വഞ്ചിപോലെ ആ കുടുംബനാഥൻ കറങ്ങുകയാണു്. അപ്പോഴാണു കുഞ്ഞേലിപ്പെണ്ണു് അവളുടെ കാതിപ്പൂവുമായി അവരാൻചേട്ടനെ സമീപിച്ചതു്. അമ്മച്ചിയുടെ ചികിത്സയ്ക്കും കുഞ്ഞാങ്ങളയുടെ പഠിത്തത്തിനുംവേണ്ടി കാതിപ്പൂ വിൽക്കുവാൻ അവൾ തയ്യാറാണു്. തന്റെ പ്രിയപ്പെട്ട അമ്മച്ചിയുടെ സുഖക്കേട് ഭേദമാവുകയും, കുഞ്ഞാങ്ങള പഠിച്ചു പാസ്സാവുകയും ചെയ്താൽ അവൾക്കു ഒന്നിനു പകരം രണ്ടു ജോഡിക്കമ്മലുകൾ വാങ്ങിത്തരുമെന്നവൾക്കറിയാം. കാതിപ്പൂവണിഞ്ഞ കുഞ്ഞേലിയെക്കാണാനുള്ള കൊതി ഇതുവരേയും തീർന്നിട്ടില്ലാത്ത സ്നേഹധനനായ ആ പിതാവു് എങ്ങനെയാണതു വില്ക്കുവാൻ കൊണ്ടുപോകുന്നതു്.

വീണ്ടും ഒരിക്കൽക്കൂടി പീലിപ്പോസു മുതലാളിയെക്കാണുവാൻ അയാൾ പുറപ്പെട്ടു. അവരാൻചേട്ടന്റെ ദൈന്യതയിൽ അലിവു തോന്നിയ മുതലാളി അമ്പതുരൂപാകൂടി കൊടുത്തു.

ഓരോ ദിവസം ചെല്ലുംതോറും മാമ്മിച്ചേടത്തിയുടെ സുഖക്കേട് ഒന്നിനൊന്നിനു കൂടിക്കൂടിവരികയാണു്. ഇപ്പോൾ വാതംതന്നെയല്ല, കുറേശ്ശ പനിയും ചുമയുംകൂടി ആരംഭിച്ചിട്ടുണ്ടു്. കിടന്നകിടപ്പിൽതന്നെ കിടന്നു് ഞരങ്ങുകയും മൂളുകയും വിക്കിവിക്കിച്ചുമയ്ക്കുകയും ചെയ്യുന്ന ദൈതയെക്കാണുമ്പോൾ സ്നേഹനിധിയായ ആ ഭർതൃഹൃദയം വിങ്ങുകയാണു്, വേദനിക്കുകയാണു്. അതിനിടയിൽ ഒരു നെടുനിശ്വാസത്തോടെ "എല്ലാം അവിടുത്തെ ഇഷ്ടംപോലെ" എന്നു പറഞ്ഞു സമാധാനിക്കും. മരുന്നായ മരുന്നുകളെല്ലാം പറിച്ചു അവരാൻചേട്ടൻ മടുത്തു. എന്നിട്ടും ദീനത്തിനു യാതൊരു കുറവുമില്ല. മാമ്മിച്ചേടത്തി കിടപ്പായതിൽ പിന്നീടു നാലേനാലു പണിക്കു മാത്രമാണയാൾ പോയിട്ടുള്ളു്. അയൽക്കാരുടെ കരുണകൊണ്ടു് രണ്ടു നേരവും അടുപ്പിൽ തീ പുകയുന്നു. തന്റെ ജീവിതമാകുന്ന കൊച്ചോടം നീർച്ചുഴിയിലാണ്ടുപോകുവാൻ തുടങ്ങുകയാണോ യെന്നോർത്തു ആ വിവശൻ, ചിലപ്പോൾ തന്നത്താൻ നെഞ്ചത്തടിച്ചു നിലവിളിച്ചുപോകും.

തൊമ്മിയിപ്പോൾ നിർബന്ധമാണു് അമ്മച്ചിയുടെ സുഖക്കേട് ഭേദമായിട്ടേ ഇനിയും സ്കൂളിൽ പോകത്തൊള്ളുവെന്നു്. തന്റെ പിതാവനുഭവിക്കുന്ന പെടാപ്പാടുകളെല്ലാം പിതൃസ്നേഹിയായ ഒരു പുത്രൻ എത്രനാളാണു് കണ്ടുകൊണ്ടു കണ്ണുമടച്ചുനടക്കുന്നതു്. അവനും പിതാവിനെപ്പോലെ രംഗത്തിറങ്ങി ചുമടുചുമക്കുവാൻ തയ്യാറാണു്. പക്ഷേ രോഗിയായ അമ്മയും, അപ്പനും, പെങ്ങളും അവനൊരു കൂലിപ്പണിക്കാരനായി ജീവിക്കുന്നതു കാണുവാനല്ല ആഗ്രഹിക്കുന്നതു്. അവരുടെ അഭിലാഷം അവൻ പഠിച്ചു പാസ്സായി ഏതെങ്കിലുമൊരു ഉദ്യോഗത്തിൽ പ്രവേശിക്കുന്നതു കാണുവാനാണു്. അത്താഴംകഴിഞ്ഞു് അവരെല്ലാവരുംകൂടി ആലോചിക്കും തങ്ങളുടെ ജീവിതശകടം മുന്നോട്ടു തള്ളിവിടാനുള്ള പ്ലാനുകൾ. ഒരുദിവസം മാമ്മിച്ചേടത്തി പറഞ്ഞു: "ഞാനിവിടെ ഒരു വശം തളർന്നും പനിച്ചും കുരച്ചും ഒത്തിരിനാളുകൂടി കിടന്നേക്കും, ചാകാതേയും കട്ടിലൊഴിയാതേയും. പൊറുക്കാൻ വന്നതായിരുന്നേൽ പണ്ടേ പൊറുത്തേനേ. ഏതെല്ലാം മരുന്നുകൾ കുടിച്ചു. എല്ലാം കുടത്തിന്റെ പുറത്തു വെള്ളമൊഴിക്കുന്നതുപോലെ. ഇനിയും ഞാനീ സുഖക്കേട്ടിൽനിന്നും എഴുന്നേൽക്കില്ലെന്നാണെന്റെ വിശ്വാസം. എനിക്കു പറയുവാനുള്ളതു്. ചികിത്സയ്ക്കുവേണ്ടി കടം മേടിക്കരുതു്. ഇങ്ങനെ മേടിച്ചുകൂട്ടിയാൽ ആരു വീട്ടും. ... ഒരു പെണ്ണാണെങ്കിൽ... ഏതായാലും തൊമ്മിയുടെ പഠിത്തം നിറുത്തരുതു്. കിടപ്പാടം വിററിട്ടാണെങ്കിലും അവനെ പഠിപ്പിക്കണം. അവനെങ്കിലും ഈയൊള്ളവരെപ്പോലെ......പിന്നെ അവനു ഉദ്യോഗംകിട്ടുമ്പോൾ തിരിയെ മേടിച്ചുകൊള്ളും. അവൻ വേണം ദാരിദ്ര്യദുഃഖമനുഭവിക്കുന്ന ഈ കുടുംബത്തെ പോററുവാൻ, കുഞ്ഞേലിയെ കെട്ടിച്ചയക്കുവാൻ."

മാമ്മിച്ചേടത്തി പറഞ്ഞതെല്ലാം കാര്യമാണെന്നു അവരാൻചേട്ടൻ സമ്മതിച്ചു. തൊമ്മിച്ചെറുക്കൻ തുടർന്നുപഠിക്കട്ടെയെന്നു തീരുമാനി

---

## കൃതജ്ഞത

ബഹുമാനപ്പെട്ട അൽഫോൻസാമ്മയുടെ സഹായത്താൽ വിചാരിച്ച കാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

ജെ. എൻ. റാവു,
എൻ. സി. ജോൺ & സൺസ്
പ്രൈവററ് ലിമിററഡ്,
ആലപ്പുഴ.

---

ച്ചു. മുതലാളിയെ ഒന്നുകൂടി കണ്ടു വസ്തു തീറെഴുതിക്കൊടുക്കുവാൻ അയാൾ നിശ്ചയിച്ചു. നല്ലവനായ ആ മുതലാളി അവരാൻചേട്ടന്റെ അവശതകളും മാമ്മിച്ചേടത്തിയുടെ ആഗ്രഹങ്ങളുമെല്ലാം അറിഞ്ഞപ്പോൾ കുറേക്കൂടി നല്ലവനായിത്തീർന്നു. ഇപ്പോൾ കിടപ്പാടം വില്ക്കുണ്ടായെന്നും, ചികിത്സയ്ക്കുവേണ്ടി നൂറുരൂപാകൂടി തരാമെന്നും, തൊമ്മിക്കു ഫീസ്സു താൻതന്നെ കൊടുത്തുകൊള്ളാമെന്നും തരുന്ന പണം ഉണ്ടാകുന്നതുപോലെ കുറേശ്ശ തന്നു തീർത്താൽമതിയെന്നും പറഞ്ഞു. മുതലാളിയുടെ അനുകമ്പാപൂർവ്വമായ വാക്കുകൾകേട്ടു് അവരാൻചേട്ടൻ വർദ്ധിച്ച സന്തോഷത്തോടെ വീട്ടിലേക്കുപോയി. "ദൈവമേ! ഇക്കാലത്തു ഇങ്ങനെയുമുണ്ടല്ലോ മുതലാളിമാർ. അദ്ദേഹത്തിന്റെ കാലേൽ ഒരു മുള്ളുപോലും കൊള്ളാൻ ഇടവരല്ലേ" എന്നയാൾ നടക്കുന്നതിനിടയിൽ മനസ്സുകൊണ്ടു പ്രാർത്ഥിച്ചു.

മുതലാളിയിൽനിന്നും ലഭിച്ച വിവരങ്ങൾ അറിഞ്ഞു മാമ്മിച്ചേട്ടത്തിയും തൊമ്മിയും കുഞ്ഞേലിയും മുതലാളിയെ തങ്ങളാൽ കഴിയുംവണ്ണം പുകഴ്ത്തുകയും ദൈവത്തെ വാഴ്ത്തുകയുംചെയ്തു. അവരാൻചേട്ടൻ പറഞ്ഞു: "ദൈവത്തെ വിചാരിച്ചു നടക്കുന്നവരെ ആപത്തിൽ അവിടുന്നു സഹായിക്കും."

മാമ്മിച്ചേടത്തിക്കുവേണ്ടി ഇപ്പോൾ ഒന്നല്ല നാലു വൈദ്യന്മാരെ മാറിക്കഴിഞ്ഞു. അഞ്ചാമത്തെ വൈദ്യനെ അഭയംപ്രാപിച്ചിരിക്കയാണെങ്കിലും സുഖക്കേടിനു യാതൊരു കുറവുമില്ല. എല്ലാവരുടേയും അഭിപ്രായം ഒന്നുതന്നെ. ഇനിയും സുഖംപ്രാപിക്കുന്ന കാര്യം പ്രയാസമാണു്. മുടങ്ങാതെ ചികിത്സയിൽതന്നെ ഇരുന്നാൽ കുറനാളുകൂടി ജീവിച്ചേക്കും. വൈദ്യന്മാരുടെ വിധിവാചകം ആ കുടുംബത്തെ നിരാശയിലാഴ്ത്തിക്കളഞ്ഞു. അവരാൻചേട്ടന്റെ സകല ആശകളും അസ്തമിച്ചു. അയാളൊരു ജീവച്ഛവംകണക്കെയായി. തൊമ്മി മിക്കദിവസങ്ങളിലും വയറുംവരിഞ്ഞുകെട്ടിക്കൊണ്ടാണു സ്കൂളിൽപോകുന്നതു്. എന്നുമവൻ സ്കൂളിൽ പോകുന്നതിനു മുമ്പു് പ്രിയപ്പെട്ട അമ്മച്ചിയുടെ സമീപെചെന്നു് ദീനവിവരം അറിഞ്ഞു യാത്രയുംപറഞ്ഞിട്ടേ പോകാറുള്ളു. അന്നുമവൻ പതിവുപോലെ മാമ്മിച്ചേടത്തിയുടെ അടുത്തുചെന്നു, ദീനവിവരമറിയുവാൻ. മാമ്മിച്ചേടത്തി അവനെ ആപാദചൂഡമൊന്നു നോക്കി. അവരുടെ കണ്ണുകളിൽനിന്നും കണ്ണുനീർ പൊടിക്കുന്നുണ്ടു്: "മകനേ, നീ ഇന്നു പോകണ്ടാ" തൊണ്ടയിടറിക്കൊണ്ടവൾ പറഞ്ഞു. വല്ലാത്ത പ്രയാസം. പറഞ്ഞറിയിക്കുവാൻ വഹിയാ. "മകനേ...അമ്മച്ചി... ഇന്നു...പോകം..." അവളുടെ നയനങ്ങൾ നിറഞ്ഞു. വീണ്ടുമൊരക്ഷരം മിണ്ടുവാൻ കെല്പില്ലാതെ കിടക്കയിൽ ചരിഞ്ഞുകിടന്നു. അവരാൻചേട്ടനും, കുഞ്ഞേലിപ്പെണ്ണും ആ മുറിയിലേക്കു കടന്നുചെന്നു. മാമ്മിച്ചേടത്തി കട്ടിലിൽ കിടന്നും തൊമ്മിച്ചെറുക്കൻ അടുത്തുനിന്നും കരയുകയാണു്. കാരണമന്വേഷിച്ച അവരാൻച്ചേട്ടനോടു് തൊമ്മി ഗൽഗദത്തോടെ പറഞ്ഞു: "അമ്മ...ച്ചി...ഇ...ന്നു യാ...ത്ര...പറ...ഞ്ഞു." അവരാൻചേട്ടന്റേയും കുഞ്ഞേലിപ്പെണ്ണിന്റേയും കണ്ണുകളിൽനിന്നും ചുടുബാഷ്പങ്ങൾ ഇററിററടർന്നു വീണു.

തൊമ്മി അന്നു സ്കൂളിൽ പോയില്ല. അവൻ നേരെ ആദ്ധ്യാത്മികവൈദ്യന്റെ അടുക്കലേക്കാണോടിയതു്. തന്റെ പ്രിയപ്പെട്ട ഭാര്യക്കു് അന്തിമോപചാരങ്ങൾ നൽകുവാൻ പുരോഹിതൻ വരുന്നതു കണ്ടപ്പോൾ അവരാൻചേട്ടന്റെ ഹൃദയം തകർന്നുപോയി. അന്നത്തെ പകലും വിനാഴികകളും നാഴികകളും മണിക്കൂറുകളുമായി മുന്നോട്ടുനീങ്ങി. വേദനാജനകമായ നിമിഷങ്ങളെ പാർത്തുകൊണ്ടു് ആ കുടുംബാംഗങ്ങൾ കഴിയുകയാണു്. അന്തിച്ചുകപ്പാന്ന പകലവൻ പടിഞ്ഞാറെ ചക്രവാളസീമയിലെത്തിക്കഴിഞ്ഞെന്ന സന്ദേശവുമായി ഒരിളംതെന്നൽ പച്ചിലത്തഴപ്പുകളെ തലോടിക്കൊണ്ടു് പടിഞ്ഞാറുനിന്നും കിഴക്കോട്ടു മന്ദംമന്ദം വരികയാണു്.

അവരാൻചേട്ടന്റെ കൊച്ചുവീട്ടിനുള്ളിലെ മുളംകട്ടിലിൽക്കിടന്നു് തന്റെ സർവ്വസ്വവുമായ മാമ്മിച്ചേടത്തി മരണമാകുന്ന രാക്ഷസനുമായി മല്ലടിക്കുകയാണു്. മാമ്മിച്ചേടത്തിയുടെ അസ്ഥിപഞ്ജരത്തിൽ നാല്പത്തഞ്ചുവർഷമായി കുടികൊണ്ടിരുന്ന അനശ്വരാത്മാവു് സൃഷ്ടികർത്താവിന്റെ സവിധത്തിലേക്കു പറന്നെത്തുവാൻ വെമ്പൽകൊള്ളുകയാണു്. മനുഷ്യജീവിതത്തിലെ ഏററം സംഭ്രമജനകമായ മണിക്കൂറുകളാണതു്. അവരാൻചേട്ടനും തൊമ്മിയും കുഞ്ഞേലിയും മരണവേദനയാൽ പരവശപ്പെടുന്ന മാമ്മിച്ചേട്ടത്തിയുടെ കട്ടിലിനരികെനിന്നു് ഓരോരുത്തരും മാറിമാറി വിതുകയാണു്. അയൽക്കാരെല്ലാവരും മാമ്മിച്ചേട്ടത്തിയെ യാത്രയാക്കുവാൻ വന്നിട്ടുണ്ടു്. ഓരോരുത്തരും മാറിമാറി യാത്രാവചനങ്ങൾ ചൊല്ലിക്കൊടുക്കുന്നു. പടിഞ്ഞാറുനിന്നും പച്ചിലത്തഴപ്പുകളെ തലോടിക്കൊണ്ടുവന്ന കുഞ്ഞിളംകാററും ആ കൊച്ചുമുറിയിൽ പ്രവേശിച്ചു, മാമ്മിച്ചേട്ടത്തിയെ അവസാനമായി ഒന്നാലിംഗനംചെയ്യുവാൻ. മരണവേദനയാൽ പുളഞ്ഞ മാമ്മിച്ചേട്ടത്തി ഒന്നടങ്ങിക്കിടന്നു.

കുഞ്ഞിളംതെന്നലേ, അവിടെനിന്നും ഇപ്പോൾ ഓടിപ്പോകല്ലേ! മരണവേദനയാൽ പുളയുന്ന മാമ്മിച്ചേടത്തിയെ ഒന്നാശ്വസിപ്പിപ്പാൻ കുറച്ചുനേരംകൂടി ആ മുറിയിൽ ചുററിപ്പററിനിൽക്കണമേ. പാവപ്പെട്ട മാമ്മിച്ചേടത്തി ആശ്വാസത്തോടെ തന്റെ അന്ത്യശ്വാസമൊന്നു വലിച്ചുകൊള്ളട്ടെ.

മാമ്മിച്ചേട്ടത്തിയുടെ കണ്ണുകൾ രണ്ടും പമ്പരംകറങ്ങുകയാണു്. കണ്ണിൽ ഇരുട്ടു വ്യാപിച്ചതുപോലെ തോന്നുന്നു. അവസാനമായി എല്ലാവരേയും ഒന്നുകൂടി നോക്കിക്കാണുകയാണു്. മരണചേഷ്ടകൾ! അവസാനനിമിഷങ്ങൾ! മാമ്മിച്ചേട്ടത്തി ഈ കണ്ണുനീരിന്റെ ഉറവയിൽനിന്നും എന്നന്നേക്കുമായി യാത്രപറഞ്ഞുകഴിഞ്ഞു. ഗൽഗദങ്ങളും വിങ്ങിപ്പൊട്ടലുകളുമേ ആ കൊച്ചുമുറിയിൽനിന്നും കേൾക്കുവാനുള്ളു. അങ്ങനെ ആ കൊച്ചുകുടുംബത്തിലേക്കു കടന്നുചെന്ന "കരുണയില്ലാത്ത വിരുന്നുകാരൻ" ഒരു വെട്ടിക്കുറയ്ക്കലോടെ അവിടെനിന്നും സ്ഥലംവിട്ടു.




ആഖ്യായിക

# ബറാബാസ്



## അദ്ധ്യായം 19 (തുടർച്ച)
## സംശയാധീനസമരം

(വി. സി. ജോർജ്ജ് ബി എ. എൽ. ററി.)

ഒരു ചെറിയ സംഘം യഹൂദർ തിങ്ങിക്കൂടി വേർതിരിഞ്ഞു് ഒരു സ്ഥലത്തു് ഇരിക്കുന്ന സംഗതി സിക്രട്ടറി മാർക്കസ് ഗവർണരുടെ ശ്രദ്ധയിൽ പെടുത്തി. അസുഖഭാവത്തിൽ ആംഗ്യം കാണിച്ചിട്ടു് പീലാത്തോസ് സ്വഭാര്യയുടെ നേർക്കു തിരിയുകയാണു ചെയ്തതു്.

"ഇന്നു് ഭവതിയെ മറിയയും അരിമത്യൻ ജോസഫും കാണുകയുണ്ടായല്ലോ. വിനോദസന്ദർശനത്തിനു് ഞാനവരെ പ്രത്യേകം ക്ഷണിച്ചിരിക്കുന്ന കാര്യം അവരെ അറിയിച്ചുവോ?"

"അറിയിച്ചു. അവർ അങ്ങേപേരിൽ നന്ദി പ്രകടിപ്പിച്ചുകൊണ്ടു് മടങ്ങിപ്പോയി. രക്തം കാണുന്ന കാര്യം മറിയയ്ക്കു് ചിന്തിക്കുവാൻ സാദ്ധ്യമല്ലാ. ഈ പ്രകടനങ്ങളൊക്കെ തീർത്തും ഭയങ്കരമാണെന്നാണു് അവൾ പറയുന്നതു്. ഈ വക പ്രകടനങ്ങളിൽ സാന്നിദ്ധ്യം അവരുടെ നിയമം നിരോധിച്ചിട്ടുള്ളതാണെന്നു് ജോസഫും അഭിപ്രായപ്പെട്ടു." പീലാത്തോസ് പുച്ഛരസത്തിൽ സംഭാഷണം തുടന്നു; "അയാൾ ഒരു യഥാർത്ഥ യഹൂദനല്ലെന്നു് പറയുന്ന നാം സാക്ഷാൽ അയാളോടപകാരമാണു് ചെയ്യുന്നതു്. തത്വപരമായി ഒരു സാദ്ധുസിയായ അയാൾക്കു് നിയമത്തെ മുറുക്കിപിടിക്കേണ്ട ആവശ്യമേയില്ലാ. ജോസഫു് സംസ്കാരസമ്പന്നനും ബുദ്ധിമാനും തന്നെ. എങ്കിലും ശീലിച്ച ചങ്ങലയിൽ നിന്നു പിരിയുവാൻ പ്രയാസം. വളരെ മോശം. ആകട്ടെ; മറിയക്കെന്നുമുതലായിരിക്കാം ഈ അതിസൂക്ഷ്മബുദ്ധി ആരംഭിച്ചതു്?"

ക്ലാവുദിയാ വികാരാധീനയായി ഭർത്താവിനെ നോക്കിയിട്ടു് ഉത്തരം നൽകി, "പ്രസംഗിക്കുവാനായി ആ വലിയ അത്ഭുതപ്രവർത്തകൻ ജറൂസലേമിലേക്കു വരുന്നുവെന്നു് മറിയ പറയുകയുണ്ടായി."

പീലാത്തോസ് ഉച്ചകണ്ഠനായി ചോദിച്ചു; "അത്ഭുത പ്രവർത്തകനോ? ഏതത്ഭുതപ്രവർത്തകൻ?"

"നസ്രായൻ ഈശോ. അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കുവാൻ ഞാനും കൊതിച്ചുകൊണ്ടിരിക്കുകയാണു്. അദ്ദേഹം അസാധാരണ വാഗ്വിലാസമുള്ള ഒരു പ്രസംഗകനാണെന്നത്രെ ശ്രുതി."

"അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാൻ ഭവതിക്കു് വിചാരമോ?"

"എന്തുകൊണ്ടു് എനിക്കദ്ദേഹത്തിന്റെ പ്രസംഗംകേട്ടുകൂടാ? റോമായിലും ആഥൻസിലും പ്രധാന പ്രഭാഷണകർത്താക്കളുടെ പ്രസംഗങ്ങളെല്ലാം ഞാൻ കേട്ടിരുന്നു. ജറൂസലെമിൽ വെച്ചു് എന്തുകൊണ്ട പ്രകാരം ചെയ്തുകൂടാ? അങ്ങു് കൂടി പ്രസംഗത്തിനു് വരുന്നതൊ?" ആ ചിന്ത അകലെയാക്കുവാനെന്ന ഭാവത്തിൽ പീലാത്തോസ് കൈ വീശി; "ക്ലാവുദിയാ, ഭവതിയെ സംബന്ധിച്ചിടത്തോളം അതൊരു സാഹസമായിരിക്കും. അയാളുടെ പ്രസംഗം കേൾക്കണമെന്നു നിങ്ങൾക്കാഗ്രഹമാണെങ്കിൽ ഞാൻ വിരോധിക്കുന്നില്ലാ. റോമായിലേയും ആഥൻസിലെയും മഹാരഥന്മാരായ വാഗ്മികളോടു് ഈ യഹൂദശില്പിയെ താരതമ്യപ്പെടുത്തുവാൻ നിങ്ങൾക്കെങ്ങനെ സാധിക്കാമെന്നുള്ളതാണു് എനിക്കു് മനസ്സിലാകാത്തതു്. അയാൾ പറയുന്നതു് നിങ്ങൾക്കു മനസ്സിലാക്കുവാൻ കഴിയുകയില്ലാ. അയാൾ ഇവിടത്തെ നാട്ടുഭാഷയാണുപയോഗിക്കുന്നതു്. ഏതായാലും അനാവശ്യത്തിനു് ഞാനില്ലാ."

"അദ്ദേഹത്തിന്റെ പ്രസംഗം അപ്പോൾതന്നെ പരിഭാഷപ്പെടുത്തി എനിക്കു് മനസ്സിലാക്കിത്തരാമെന്നു് മറിയ സമ്മതിച്ചിട്ടുണ്ടു്."

ക്ലാവുദിയായുടെ ഈ സമാധാനത്തിനുശേഷം പീലാത്തോസ് പ്രകടനരംഗം മുഴുവനും കണ്ണോടിച്ചു പരിശോധിച്ചു. അതു് മിക്കവാറും ജനനിബിഡമായിരുന്നു. അനന്തരം ഭാര്യയോടായി അദ്ദേഹം പ്രസ്താവിച്ചു. "അതേതായാലും പ്രലോഭനകരമായ ഒരു നിർദ്ദേശമാണു്. എങ്കിലും, ഈ അ

(ശേഷം 9-ാംപേജിൽ)

## ഇടവകവാർത്തകൾ

**തിരുവനന്തപുരം:** പൊന്നമ്പു് ഓർത്തഡോക്സ് പള്ളിയിലെ ഒരു സജീവപ്രവർത്തകനായിരുന്ന ആററൂർ ശ്രീ ഐ. തോമസ് അവർകൾ തിരുവനന്തപുരം ആർച്ചുബിഷപ്പു തിരുമനസ്സിലെ അരമനയിൽവച്ചു കത്തോലിക്കാസഭയിലേക്കു് പുനരൈക്യപ്പെട്ടിരിക്കുന്നു.

**കിഴക്കുപുറം:** ഈ ദേശവാസികളായ ഇരുന്നൂറു് അകത്തോലിക്കർ കത്തോലിക്കാസഭയിലേക്കു് പുനരൈക്യപ്പെടുവാൻ തീർച്ചപ്പെടുത്തുകയും, അവരുടെ അപേക്ഷാനുസരണം തിരുവനന്തപുരം ആർച്ചുബിഷപ്പു തിരുമനസ്സുകൊണ്ടു് കിഴക്കുപുറത്തു് എഴുന്നള്ളി ഒക്ടോബർ 1-ാംനു- അവരെ കത്തോലിക്കാസഭയിലേക്കു് സ്വീകരിക്കുകയും ചെയ്തിരിക്കുന്നു.

**കാത്രൂർ:** കാത്രൂർ, കുഴിക്കാട്ടുശ്ശേരി പ്രദേശങ്ങളിലെ പൊതുജനങ്ങളുടെ ഒരു മഹായോഗം നിയോഗിക്കമ്മിററി റിപ്പോർട്ടിനെ പ്രതിഷേധിക്കുവാൻ ഒക്ടോബർ 7-ാംനു- ഞായറാഴ്ച ഉച്ചതിരിഞ്ഞു 4 മണിക്കു് കാത്രൂർ സെൻറു മേരീസ് സ്കൂൾഹാളിൽവച്ചു ശ്രീ വർഗ്ഗീസ് അമ്പൂക്കൻ അവർകളുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. ഫാദർ ജോർജ്ജ് ചിറമേൽ പ്രസംഗിച്ചു. ശ്രീ തോമസു് തോട്ടാപ്പുള്ളി പ്രമേയം അവതരിപ്പിക്കുകയും സഭ സർവ്വസമ്മതമായി അതു പാസാക്കുകയും ചെയ്തു.

സ്ഥലം സൺഡെ സ്കൂൾ സാഹിത്യസമാജത്തിൻെറ ഉൽഘാടനവും വി. കൊച്ചുത്രേസ്യാദിനവും പ്രമാണിച്ചു ഒക്ടോ. 7-ാം തീയതി ഞായറാഴ്ച സ്കൂൾഹാളിൽ വച്ചു പള്ളിവികാരിയുടെ അദ്ധ്യക്ഷതയിൽ കുട്ടികളുടെ ഒരു യോഗം ചേർന്നു. രക്ഷകർത്താക്കളും സംബന്ധിച്ചിരുന്നു. കുട്ടികൾക്കു മതകാര്യങ്ങളിൽ അറിവു വർദ്ധിപ്പിക്കുന്നതിനും, അതുകളെ പ്രകടിപ്പിക്കുന്നതിനുള്ള കഴിവു കൈവരുത്തുന്നതിനും ഉദ്ദേശിച്ചുള്ളതാണു് ഈ സമാജം. യോഗത്തിൽ കുട്ടികളുടെ പ്രസംഗങ്ങളും കലാപരിപാടികളും ഉണ്ടായിരുന്നു.

**പൊന്നാനി:** പൊന്നാനി സെൻറു് ആൻറണീസ് പള്ളിയുടെ രജതജൂബിലിപ്രമാണിച്ചു്, ഉദാരശീലരിൽനിന്നു് സംഭാവനകൾ വാങ്ങി പള്ളിയുടെ ഇന്നത്തെ കേടുപാടുകൾ തീർക്കുന്നതിനും സിമിത്തേരി മുതലായ പള്ളിയുടെ അത്യാവശ്യകാര്യങ്ങൾ ചെയ്യേണ്ടതിനും മററുമായി പള്ളിവികാരി പ്രസിഡണ്ടായി 9 അംഗങ്ങളുള്ള ഒരു ജൂബിലി പ്രവർത്തകസമിതി രൂപീകരിച്ചു പ്രവർത്തനം തുടങ്ങിയിരിക്കുന്നു.

**വ. പറവൂർ:** പറവൂർ കോട്ടയ്ക്കാവുപള്ളി കേന്ദ്രമാക്കി പ്രവർത്തനം നടത്തിവരുന്ന സെൻറു തോമസ് കോട്ടയ്ക്കാവു്, സെൻറു് ജമ്മയിൻസ് കച്ചേരിപ്പടി, ഫാത്തിമാ പല്ലന്തുരുത്തു്, അസംപ്ഷൻ ഏഴിക്കര, വ്യാകുലമാതാ പട്ടണം, വിമലാംബിക കൈതാരം എന്നീ ആറു സെൻറു വിൻസെൻറു ഡി പോൾ കോൺഫറൻസുകളുടെ പ്രഥമവാർഷികവും, കോട്ടക്കാവു ചെറുപുഷ്പമരിയസൊഡാലിററിയുടെ 22-ാമതു വാർഷികവും ഒക്ടോബർ 7-ാംതീയതി ഞായറാഴ്ച സംയുക്തമായി ആഘോഷിച്ചിരിക്കുന്നു. രാവിലെ 7 മണിക്കു് കോർ എപ്പിസ്കോപ്പാ വെരി റവ. ഗീവർഗീസ് ബി. എ. അവർകൾ മലങ്കരറീത്തിൽ ആഘോഷമായ ദിവ്യബലി അർപ്പിച്ചു. 3-30നു് ആരംഭിച്ച പൊ

ഉസമ്മേളനത്തിൽ സ്ഥലം

സ്ക്രീട്ട് ജസ്റ്റി ശ്രീ ജോർജ് പാറക്കൽ ബി എ ബി എൽ ആദ്ധ്യക്ഷം വഹിക്കുകയും ശ്രീ തോമസ് സെബാസ്റ്റ്യൻ ബി. എ. എൽ. ററി., ശ്രീ എ. രത്തിനസ്വാമി എന്നിവർ പ്രസംഗിക്കുകയും ചെയ്തു. സമ്മേളനത്തിനിടയ്ക്കു സൊഡാലിററിയംഗങ്ങളുടെ വിവിധകലാപരിപാടികളും "യാചകപ്രേഷിതൻ" എന്ന ഏകാങ്കവും, അവസാനം ദിവ്യരക്ഷകൻെറ പീഡനങ്ങളെ കാണിക്കുന്ന ടാബ്ളോ പ്രദർശനവും ഉണ്ടായിരുന്നു. വിൻസെൻറു ഡി പോൾ സഖ്യപ്രവർത്തനങ്ങളുടെയും, കോട്ടയ്ക്കാവുപള്ളി കേന്ദ്രമാക്കി പ്രവർത്തിച്ചുപോരുന്ന സെൻറു തോമസ് ലഘുനിക്ഷേപസംഘത്തിൻെറയും റിപ്പോർട്ടുകൾ അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ടു്. ആറു മാസത്തെ പ്രവർത്തനഫലമായി പ്രസ്തുത ലഘുനിക്ഷേപസംഘത്തിൽ നാലായിരം രൂപയോളം മുതൽ പലിശയിനത്തിൽ നീക്കിയിരിപ്പുണ്ടെന്നറിയുന്നു.

**പൂനാ:** സ്ഥലം മാർത്തോമ്മാ മലയാളി കത്തോലിക്കാസമാജത്തിൻെറ ആഭിമുഖ്യത്തിൽ നിയോഗിക്കമ്മററി റിപ്പോർട്ടിനെ പ്രതിഷേധിക്കുന്നതിനു് ഒരു വിശേഷാൽയോഗം സെൻറു പാട്രിക്കു് സ്കൂൾഹാളിൽ സമ്മേളിക്കുകയുണ്ടായി. റവ. ഫാദർ മാത്യു മൂഴിയിൽ എസ്സ്. ജെ. ആദ്ധ്യക്ഷംവഹിച്ചു.




റവ. ഫാദർ ഇഗ്നേഷ്യസു് ചക്കാലയ്ക്കൽ എസ്സ്. ജെ., ശ്രീ വർഗ്ഗീസ് വിതയത്തിൽ എന്നിവർ പ്രസംഗിച്ചു. സ്ഥലം മാറിപ്പോകുന്ന സംഘം പ്രസിഡൻറു ശ്രീ കെ. സി. മാണി ബി. എ. അവർകൾക്കു തദവസരത്തിൽ സമുചിതമായ ഒരു യാത്രയയപ്പും നൽകപ്പെട്ടു. സെക്രട്ടറി ശ്രീ കെ. വി ജോസഫിൻെറ കൃതജ്ഞതാപ്രകടനാനന്തരം യോഗം സമംഗളം പര്യവസാനിച്ചു.

**നാലാഞ്ചിറ:** പരിശുദ്ധ ദൈവജനനിയുടെ പിറവിത്തിരുനാൾ സ്ഥലം സുറിയാനികത്തോലിക്കാ ഇടവക സൊഡാലിററി അംഗങ്ങളുടെ ആഭിമുഖ്യത്തിൽ ആഘോഷമായി കൊണ്ടാടിയിരിക്കുന്നു. ഇതുസംബന്ധിച്ചു സെപ്തംബർ 30-ാംനു- ഞായറാഴ്ച കൂടിയ പൊതുയോഗത്തിൽ റവ ഫാദർ മാത്യു മേക്കുന്നേൽ ബി. എ. ആദ്ധ്യക്ഷംവഹിച്ചു. റവ. ബ്രദർ അലോഷ്യസ് ഒ. ഐ. സി., ബി. എ., ബി. എൽ., ശ്രീമതി എം. ഐ. ശോശാമ്മ ബി. എ., ശ്രീ ജി. ലോറൻസ് എന്നിവർ പ്രസംഗിച്ചു. നിയോഗിക്കമ്മിററി റിപ്പോർട്ടിൽ പ്രതിഷേധിച്ചു ശ്രീ ജോർജ്ജ് ഇലഞ്ഞിക്കൽ ബി എ അവതരിപ്പിച്ച പ്രമേയം സദസ്യർ ഐകകണ്ഠ്യേനപാസ്സാക്കി. ഇടയ്ക്കിടയ്ക്കു ബാലികാബാലന്മാരുടെ കലാപ്രകടനങ്ങളും അവസാനം "ഭൂതങ്ങൾ" എന്ന ഏകാങ്കനാടകാഭിനയവും ഉണ്ടായിരുന്നു.

**തിടനാട്ടു്:** ഒക്ടോബർ 6-ാം തീയതി തിടനാട്ടു് സെൻറു് ജോസഫ് സൺഡേസ്കൂൾ കുട്ടികൾക്കായി സ്ഥലം പള്ളിവികാരിയുടെ നേതൃത്വത്തിൽ ശിശുദിനം ആഘോഷിക്കപ്പെട്ടു. രാവിലെ കുട്ടികൾ എല്ലാവരും വി. കർബാന സ്വീകരിക്കയും, മൂന്നുമണിക്കു് സ്ഥലം സ്കൂൾഹാളിൽ റവ ഫാദർ ജോസഫ് പെരുമററത്തിൽ അവർകളുടെ അദ്ധ്യക്ഷതയിൽ യോഗം

ഡീനടത്തുകയുംചെയ്തു. കുട്ടികളുടെ പ്രസംഗം, പ്രഭാഷണം, ചെറുകഥ, ഡാൻസ്, സംഗീതം മുതലായ വിവിധവിനോദപ്രകടനങ്ങളും ഉണ്ടായിരുന്നു. 7-ാംനു- രാവിലെ ടൗണിലുള്ള മാതാവിൻെറ കപ്പേളയിലേക്കു കുട്ടികളുടെ ഒരു റാലിയും നടത്തപ്പെട്ടു.

**വകയാർ:** സ്ഥലം കത്തോലിക്കാപള്ളിവകയായി പണിയുവാൻ പോകുന്ന കുരിശടിയുടെ ശിലാസ്ഥാപനകർമ്മം തിരുവനന്തപുരം മെത്രാപ്പോലീത്താ മഹാവന്ദ്യ ദിവ്യശ്രീ ബനഡിക്ടു് മാർ ഗ്രിഗോരിയോസ് തിരുമനസ്സുകൊണ്ടു് സെപ്തംബർ 30-ാംനു- ഞായറാഴ്ച ആഡംബരപൂർവ്വം നിർവ്വഹിച്ചിരിക്കുന്നു.

**മൈലപ്രാ:** തിരുവനന്തപുരം ആർച്ചുബിഷപ്പു് ബനഡിക്ടു് മാർ ഗ്രിഗോരിയോസ് തിരുമനസ്സുകൊണ്ടു് സെപ്തംബർ 30-ാംനു- മൈലപ്രാ കത്തോലിക്കാപള്ളിയിൽ ആഗതനാകുകയും സി വൈ എം എ യുടെ മീററിംഗിൽ സംബന്ധിക്കുകയും ചെയ്തിരിക്കുന്നു.; തിരുമേനി മീററിംഗിൽ പ്രസംഗിക്കുകയും സംഘടനയുടെ പ്രവർത്തനത്തിൽ സന്തോഷം രേഖപ്പെടുത്തുകയും അംഗങ്ങളെ ആശീർവ്വദിക്കുകയുംചെയ്തു.

**കിഴക്കമ്പലം:** അമേരിക്കയിൽനിന്നും സംഭാവനയായി അയച്ചുകൊടുത്ത 246 ടിൻ നെയ്യും പാൽപ്പൊടിയും കിഴക്കമ്പലം ശാലം പള്ളിയിൽവച്ചു് വെരി റവ ഫാദർ വി സി ഗീവറുഗീസ് കോറെപ്പിസ്കോപ്പാ ബി എ യുടെ മേൽനോട്ടത്തിൽ ജാതിമതഭേദമെന്യേ എല്ലാവർക്കും വിതരണം ചെയ്തുവരുന്നു.

**പൊൻകുന്നം:** പൊൻകുന്നം സി വൈ എം എ അംഗങ്ങൾ നടത്തിവരാറുള്ള പൊതുദിവ്യകാരുണ്യസ്വീകരണം 14-ാംനു- ഞായറാഴ്ച റവ ഫാദർ വില്യം എം എ, ടി ഒ സി ഡി അവർകളുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ഉച്ചയ്ക്കുശേഷം റവ ഫാദർ ബ്രിട്ടോ അവർകൾ സ്റ്റഡിക്ലാസ് നടത്തി.

—o—

## 'പ്രേഷിതരായ് നാം തീർന്നിട്ടെ' *

(മുടിനാരേഴായ് കീറീട്ടെ ...എ. മ.)

1 പ്രേഷിതരായ് നാം തീർന്നിട്ടെ
ആത്മാവുകളെ നേടീട്ടെ
അതുവഴി ചേരണമല്ലൊ!—നിത്യ-
ജീവിതമിതുനാം ഓർത്തിട്ടെ (പ്രേഷി...
2 ഒരുവനുമതിൽനിന്നൊഴിവില്ല,
ഒഴികഴിവൊന്നും ചെല്ലില്ലാ;
ഒരു ചില്ലിക്കാശുമെടുക്കാൻ വീണ്ടും-
തിരിയെ വരില്ല മരിക്കുമ്പോൾ (പ്രേഷി...
3 "വിളവുകൾ വളരെ"—എന്നാലും
"ആളുകളില്ല"—ചെന്നാലും
കററകൾ കററകൾ കൊയ്തിട്ടേ; മണി-
മുത്തുകൾ അറകളിൽ കൂട്ടാവൂ!! (പ്രേഷി...
4 കുരിശിൽനിന്നു വിളിക്കുന്നു
ദാഹംകൊണ്ടു മരിക്കുന്നു
കല്ലോ? നമ്മുടെ മാനസമയ്യോ!!
അലിയുകയില്ലേ? ഇതു കണ്ടാൽ (പ്രേഷി...
5 ഉണരു! പ്രേഷിതകേരളമേ!
ഉണരു! സൈനിക, കാഹളമേ!
ഒരു നല്ല സമരം ചെയ്യണമതിനായ്
അഖിലരുമൊരുനിര ചേരേണം (പ്രേഷി...

(ജെ. കെ.)

* മിഷൻയോഗങ്ങളിൽ ഉപയോഗപ്പെടുത്താവുന്നതു്.

## പ്രൊഫസർ വി. ജെ. ജോസഫിനു് മാടമ്പിസ്ഥാനദാനം

പരിശുദ്ധ സിംഹാസനത്തിൽനിന്നു് പ്രൊഫസർ വി. ജെ. ജോസഫ് എം. എ (ഓണേഴ്സ്) അവർകളെ മാടമ്പിസ്ഥാനത്തേക്കുയർത്തിയതുസംബന്ധിച്ചുള്ള ഔദ്യോഗികചടങ്ങുകൾ കോട്ടയം മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് കൈപ്പുഴ ഫൊറോനാപ്പള്ളിയിൽ വച്ചു വളരെ ആഘോഷപൂർവ്വം നിർവ്വഹിച്ചിരിക്കുന്നു.

ബിഷപ്പു് ഡോക്ടർ തോമസ് തറയിൽ തിരുമേനി ദേവാലയത്തിൽവച്ചു്, പ്രൊഫസർ അനുഷ്ഠിച്ചിട്ടുള്ള സേവനങ്ങളെ അനുസ്മരിച്ചും പരിശുദ്ധ പിതാവിൻെറ നേർക്കുള്ള ഭക്തിയെ പ്രകാശിപ്പിച്ചും ഒരു പ്രസംഗം പറയുകയും അതിനുശേഷം മാടമ്പിസ്ഥാനാരോഹണസംബന്ധമായ പരിശുദ്ധ പിതാവിൻെറ "ബൂളാ" ഔദ്യോഗികമായി വിളംബരംചെയ്തുകൊണ്ടു് മാടമ്പിസ്ഥാനചിഹ്നങ്ങളായ വാളും മുദ്രയും മുറപ്രകാരം വെഞ്ചരിച്ചു് മാടമ്പിയെ ഏല്പിക്കുകയുംചെയ്തു.

പള്ളിമേടയിൽ അഭിവന്ദ്യ മെത്രാനച്ചൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പതിയിൽ മി. എബ്രഹാം ഇടവകജനങ്ങളുടെ ഒരു മംഗളപത്രം വായിച്ചു മാടമ്പി അവർകൾക്കു് സമർപ്പിക്കുകയും ഒരു വിശുദ്ധ ഗ്രന്ഥം സമ്മാനിക്കുകയുംചെയ്തു.

സ്കൂൾഹാളിൽവച്ചു അഞ്ചുമണിക്കു ചായസല്ക്കാരമാരംഭിച്ചു. അഭിവന്ദ്യ മെത്രാനച്ചൻ തിരുമനസ്സുകൊണ്ടും, മോൺസിഞ്ഞോറന്മാർ ഒട്ടേറെ വൈദികന്മാർ, അഞ്ഞൂറിൽപ്പരം പ്രശസ്താതിഥികൾ എന്നിവരും അതിൽ ഭാഗഭാക്കായി. ശ്രീ ചാക്കോ കണ്ടാരപ്പള്ളി ബി. എ., ലൂക്കോസ് പന്നിവേലിൽ, ഇട്ടിക്കുഞ്ഞു് മാന്തുരുത്തിൽ ബി. എ. ബി. എൽ., റവ. ഫാദർ കുര്യാക്കോസ് മങ്ങച്ചാലിൽ എന്നിവർ പാനോപചാരപ്രസംഗങ്ങൾ നടത്തി. രാജപുരം കോളനി പ്രതിനിധികൾ മാടമ്പിക്കു് ഒരു സ്വർണ്ണമെഡൽ സമ്മാനിക്കുകയും കോളനിപ്രസ്ഥാനം വിജയശ്രീലാളിതമാക്കുന്നതിനുവേണ്ടി പ്രൊഫസർ ചെയ്തിട്ടുള്ള സേവനങ്ങളെ വിവരിച്ചു് പേരുക്കരോട്ടു് മി. ലൂക്കോസ് ഒരു ലഘുപ്രസംഗം നടത്തുകയുംചെയ്തു. കുമാരി ശോശാമ്മ ചാക്കോ കത്തേടം, അവശ സമുദായസംഘടനാപ്രതിനിധി ശ്രീ കൊച്ചുകുഞ്ഞു് എന്നിവർ മംഗളഗാനാലാപം നടത്തി. മാടമ്പി അനുമോദനങ്ങൾക്കു മറുപടിപറയുകയും പരിശുദ്ധ സിംഹാസനത്തിൻെറനേർക്കും കോട്ടയം മെത്രാനച്ചൻ തിരുമനസ്സിലെ നേർക്കുമുള്ള അത്യഗാധമായ ഭക്ത്യാദരവുകളെ പ്രകടിപ്പിക്കുകയുംചെയ്തു.

അഭിവന്ദ്യമെത്രാനച്ചൻ തിരുമനസ്സിലെ ഹൃദ്യമായ പ്രഭാഷണത്തോടുകൂടി പരിപാടികൾ സമംഗളം പര്യവസാനിച്ചു.

## വിദേശവാർത്തകൾ

ഹോളണ്ടിലെ സെൻറു് അഗസ്റ്റിൻ കന്യകാമഠത്തിൻെറ അധീശയായ മദർ സെൻറു് ലൂയിഡിഗോൺസാഗയ്ക്കു ഫ്റഞ്ചുഗവർമ്മെൻറു ഷെവലിയർ ഓഫ് ലീജിയൻ ഓഫ് ഓണർ എന്ന ബഹുമതി നൽകിയിരിക്കുന്നു. അവരുടെ വിദ്യാഭ്യാസസേവനങ്ങളെ അഭിനന്ദിച്ചു് ഡച്ചുഗവർമെൻറും ഒരു ബഹുമതി നൽകുകയുണ്ടായി.

—വിശുദ്ധ മരിയാഗൊരേത്തിയുടെ മാതാവായ മിസ്സസ് അസൂന്താ ഗൊരേത്തിയുടെ ഭൗതികാവശിഷ്ടങ്ങൾ കൊറിയാൾഡോയിൽ മരിയായുടെ കുഴിമാടത്തിനു സമീപത്തേക്കു മാററിസ്ഥാപിച്ചിരിക്കുന്നു. 1954 ഒക്ടോബർമാസത്തിൽ 88-ാമത്തെ വയസ്സിൽ നിര്യാതയായ ഈ മഹതിക്കു സ്വപുത്രിയെ വിശുദ്ധയെന്നു പേരുവിളിക്കുന്ന ചടങ്ങിൽ സംബന്ധിക്കുവാൻ ഭാഗ്യമുണ്ടായി.

—ഇററലിയിലെ പ്രസിദ്ധമായ ഫിയാത്തു കാർകമ്പനിയുടെ മേധാവിയായ പ്രൊഫസർ വിക്ടർ വാലെററായെ പരിശുദ്ധ പിതാവു പേപ്പൽ സയൻസ് അക്കാഡമിയിലെ ഒരു ഓണററി അംഗമായി നിയമിച്ചിരിക്കുന്നു.

—ടുണീഷ്യൻ ഗവമ്മെൻറു് അടുത്ത ജനുവരി ഒന്നാംതീയതി മുതൽ ആ രാജ്യത്തിൽ ബഹുഭാര്യാത്വം നിരോധിച്ചിരിക്കുന്നു. സമുദായത്തിൻെറ അസ്ഥിവാരമായ കുടുംബത്തെ രക്ഷിക്കുവാനാണു് ഈ നടപടിയെന്നു് ഗവമ്മെൻറിൻെറ ഒരു പ്രസ്താവനയിൽ പറയുന്നുണ്ടു്.

—മാഡ്റിഡിലെ അമേരിക്കൻ സ്ഥാനപതിയായ മി. ലോഡ്ജിൻെറ പുത്രി 17 വയസ്സു പ്രായമുള്ള മിസ് ബിയാട്രിസ് ലോഡ്ജ് കത്തോലിക്കസഭയിൽ പ്രവേശിച്ചിരിക്കുന്നു.

—ഒരു മുക്കുവഗ്രാമത്തിൽ ചെന്നു സ്ഥിരതാമസമാക്കുന്ന ഒരു അണുശാസ്ത്രജ്ഞൻെറ ചരിത്രം വിവരിക്കുന്ന "കലാബുഷ്" എന്ന സ്പാനിഷ് ചലച്ചിത്രത്തിനു വെനീസിൽ കൂടിയ ചലച്ചിത്രപ്രദർശനത്തിൽ സർവ്വരാജ്യകത്തോലിക്ക സിനിമാ ആഫീസിൻെറ ഒന്നാംസമ്മാനം സിദ്ധിച്ചിരിക്കുന്നു. "ബർമ്മായിലെ വീണ" എന്ന ഒരു ജാപ്പനീസ് ഫിലിം, പ്രശംസാർഹമെന്നു വിധിക്കപ്പെട്ടു.

—പഴയനിയമത്തിൽ രാജകീയനഗരങ്ങളിലൊന്നു് എന്നു വർണ്ണിക്കപ്പെട്ടിട്ടുള്ള ഗബെയോൺപട്ടണം, ഓർശ്ലേമിനു 8 മൈൽ വടക്കു എൽജിബ് എന്ന സ്ഥലത്തു്, അമേരിക്കൻ പുരാണവസ്തുവകുപ്പുകാർ കണ്ടെത്തിയിരിക്കുന്നു.

—ഉത്തരവിയററ്നാമിലെ പന്ത്രണ്ടുലക്ഷം കത്തോലിക്കരിൽ പകുതിയും അഭയാർത്ഥികളായി ആ രാജ്യം വിട്ടുപോയിരിക്കുകയാണു്. ഗ്രാമാധികാരിയുടെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ ആസന്നമരണർക്കു് അന്ത്യകൂദാശകൾ നൽകുന്നതിനെ കമ്മ്യൂണിസ്റ്റ്ഗവർമ്മെൻറു് ഇപ്പോൾ നിരോധിച്ചിരിക്കുകയാണു്.

—ക്യാനഡായിൽ ക്യൂബക്കിലെ കത്തോലിക്ക വിദ്യാഭ്യാസക്കമ്മിററി, കത്തോലിക്കവിദ്യാലയങ്ങളിൽ ടെലിവിഷൻ പരിപാടികൾ നിരോധിച്ചിരിക്കുന്നു. കനേഡിയൻ ബ്രോഡ്കാസ്റ്റിങ്ങ് കോർപൊറേഷൻ അനധികൃതമായി വിദ്യാഭ്യാസരംഗത്തു കൈകടത്തുന്നുവെന്നാണു കമ്മിററിയുടെ ആക്ഷേപം.

—o—

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി
റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. 1956 OCTOBER 17 No. 10.


## കത്തോലിക്കാസഭയുടെ സാമൂഹ്യസേവനം

സാമൂഹികസേവനം ക്രിസ്തുമതത്തിന്റെ ഒരവിഭാജ്യഘടകമാണ്. തിരുസഭാചരിത്രം അതിന്റെ ആദ്യപക്ഷം മുതൽ മറിച്ചുനോക്കുന്നതായാൽ അതിനു പ്രത്യക്ഷമായ തെളിവുകൾ ഉടനീളം പ്രകടമായിക്കാണുവാൻ സാധിക്കും. "അവിടുന്നു ജനക്കൂട്ടത്തെ ദർശിച്ചപ്പോൾ, അവരുടെ നേർക്കുള്ള അനുകമ്പയാൽ തരളിതനായി" എന്നാണ് ക്രിസ്തുവിനെപ്പററി വിശുദ്ധ സുവിശേഷം രേഖപ്പെടുത്തിയിരിക്കുന്നതു്. പരിശുദ്ധപിതാവു 12-ാംപീയൂസ് മാർപ്പാപ്പാ അവിടുത്തെ 1948-ലെ ക്രിസ്മസ്സന്ദേശത്തിൽ പ്രസ്താവിച്ചതിപ്രകാരമാണ്:- "സഹോദരങ്ങളുടെ ആവശ്യങ്ങളും കഷ്ടപ്പാടുകളും ദർശിക്കുകയും, സാമ്പത്തികതകർച്ചയാൽ നരകിക്കുന്നവരുടെ സഹായാർത്ഥമുള്ള രോദനങ്ങൾ ശ്രവിക്കുകയും, നീതിപൂർവ്വകവും സുഖദായകവുമായ ജീവിതസൗകര്യങ്ങൾക്കുവേണ്ടി ഉഴലുന്ന തൊഴിലാളിവൃന്ദത്തിന്റെ അഭിലാഷങ്ങൾ ഗ്രഹിക്കുകയും, എല്ലാ സാമൂഹികബന്ധങ്ങളേയും അവഗണിച്ച് പണത്തെ അവസ്ഥാപരിയായി പ്രതിഷ്ഠിക്കുന്ന ഒരു സാമ്പത്തികസിദ്ധാന്തത്തിന്റെ ദുർനയങ്ങളെപ്പററി അവബോധമുണ്ടാവുകയും, വിവിധരാജ്യങ്ങളെ പരസ്പരം സംയോജിപ്പിക്കുന്ന പൊതുബന്ധങ്ങളെ നിരാകരിക്കുകയോ ശിഥിലീകരിക്കുകയോ ചെയ്യുന്ന സ്വാർത്ഥജടിലമായ രാഷ്ട്രീയ വ്യതിചലനങ്ങളെപ്പററി മനസ്സിലാക്കുകയും ചെയ്യുന്ന ഒരുത്തമബോദ്ധ്യതയുള്ള ക്രിസ്ത്യാനിക്കു അലസവും സ്വാർത്ഥപരവുമായ ഒഴിഞ്ഞുമാറൽനയത്തിൽ കഴിഞ്ഞുകൂടുവാൻ സാദ്ധ്യമല്ല." ചുരുക്കത്തിൽ പറഞ്ഞാൽ, ആധുനികസാഹചര്യങ്ങളിൽ, ബഹുഭൂരിപക്ഷം ജനത ജീവിതക്ലേശങ്ങളാൽ ദാരുണമായ കഷ്ടതകളനുഭവിക്കുമ്പോൾ ഹൃദയമുള്ള മനുഷ്യർ, അവശരുടെ കഷ്ടപ്പാടുകൾക്ക് കഴിവുള്ള പ്രതിവിധികൾ ചെയ്യുന്നതിനു സന്നദ്ധരാകേണ്ടതു് ഒഴിച്ചുകൂടുവാൻ പാടില്ലാത്ത ഒരു കർത്തവ്യമാണ്. സാമൂഹികസേവനങ്ങൾക്കുവേണ്ടി എല്ലാവരും ത്യാഗപൂർവ്വം പരിശ്രമിക്കണമെന്നു സാരം.

എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ട് ഇടവകകളിൽ ചെയ്യേണ്ട സാമൂഹികപ്രവർത്തനങ്ങളെ ക്രോഡീകരിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരിടയലേഖനത്തിൽ ഇപ്രകാരം പ്രസ്താവിക്കുന്നു:—

"ആസ്പത്രികൾ, ആതുരശാലകൾ, അബലാസങ്കേതങ്ങൾ ആദിയായ സ്ഥാപനങ്ങളും വിൻസെൻറു ഡി പോൾ സഖ്യം തുടങ്ങി ജീവകാരുണ്യ പ്രവർത്തനത്തിനുള്ള സംഘടനകളും മുഖേന കത്തോലിക്കാതിരുസഭ സാമൂഹ്യരംഗത്തു നിർവ്വഹിച്ചുവരുന്ന സേവനത്തിന്റെ നേർക്കു കണ്ണടയ്ക്കുവാൻ ആർക്കും സാധിക്കുമെന്നു തോന്നുന്നില്ല. ഇവയുടെ പുരോഗതിക്കും, സ്ഥിതിക്കുംവേണ്ടി പരിശ്രമിക്കുന്നതോടൊപ്പം, ആധുനികങ്ങളായ പ്രശ്നങ്ങളെ നേരിടുന്നതിനും നമ്മുടെ പ്രവർത്തനങ്ങൾക്കു കാലോചിതവും നവീനവുമായ രൂപം കൊടുക്കുന്നതിനും നമ്മൾ തയ്യാറാകേണ്ടിയിരിക്കുന്നു. ഇന്നു നമ്മുടെ ഗവമ്മെൻറുകൾ, രാജ്യത്തിലെ ഭൂരിപക്ഷംവരുന്ന കർഷകരുടേയും തൊഴിലാളികളുടേയും സാമ്പത്തികാവശതയെ പരിഹരിച്ചു ജീവിതനിലവാരം ഉയർത്തുവാൻ പല പദ്ധതികളും ആസൂത്രണംചെയ്തുവരികയാണ്. പ്രസ്തുത പദ്ധതികളോടു സഹകരിച്ചു സമുദായോൽക്കർഷത്തിനുവേണ്ടി പരിശ്രമിക്കുവാൻ സേവനതല്പരരായ പൗരന്മാർ രംഗത്തിറങ്ങേണ്ടതു് ആവശ്യമായിരിക്കുന്നു.

"ഭാരതത്തിലെ കത്തോലിക്കാ വൈദികാദ്ധ്യക്ഷന്മാർ സാമൂഹ്യ പ്രവർത്തനങ്ങൾ സുസംഘടിതവും ക്രമീകൃതവുമാക്കുന്നതിനു ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ പരിശ്രമഫലമായി ഒരു അഖില ഭാരതസാമൂഹ്യ പ്രവർത്തനകേന്ദ്രം സ്ഥാപിച്ചു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ കീഴിൽ ഭാരതത്തിന്റെ വിവിധഭാഗങ്ങളിൽ സാമൂഹ്യപ്രവർത്തനത്തിനു പ്രാദേശികകമ്മിററികൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. തദനുസരണം, കേരളത്തിലെ രൂപതകളെ പ്രതിനിധീകരിച്ചുകൊണ്ട് "മലബാർ റീജനൽ കമ്മിററി" സ്ഥാപിതമായിരിക്കുന്നു. ഓരോ ഇടവകയിലും "സാമൂഹ്യസേവാകേന്ദ്രങ്ങൾ" എന്ന പേരിൽ ഇടവക കമ്മിററികൾ രൂപവൽക്കരിക്കുന്നതു് അഭിലഷണീയമായിരിക്കും.

"സാമൂഹ്യസേവാകേന്ദ്രങ്ങളുടെ ലക്ഷ്യം ഇടവകാംഗങ്ങളിൽനിന്നു സാമൂഹ്യപ്രവർത്തനത്തിനു ഒരു സംഘം രൂപവൽക്കരിച്ച് അതിന്റെ ആഭിമുഖ്യത്തിൽ ഇടവകാതിർത്തിക്കുള്ളിൽ അവശതയിലും ദാരിദ്ര്യത്തിലും കഴിയുന്നവരെ സഹായിക്കുകയും തൊഴിലില്ലായ്മയെ പരിഹരിക്കുകയും ചെയ്യുകയെന്നതാണ്. രോഗം, മരണം, അപകടം തുടങ്ങിയ അടിയന്തിരഘട്ടങ്ങൾ ആവിർഭവിക്കുമ്പോൾ സാധുജനങ്ങൾക്കു സഹായഹസ്തം നീട്ടിക്കൊടുക്കുകയെന്നതും അതിന്റെ കർത്തവ്യമായിരിക്കും. ഈ സംഘത്തിനു് പ്രസിഡണ്ടും വൈസ്പ്രസിഡണ്ടും സിക്രട്ടറിയും ഖജാൻജിയും ഉണ്ടായിരിക്കുന്നതാണ്. ഇടവകയിലെ സെൻറു് വിൻസെൻറു് ഡി പോൾ, കത്തോലിക്കാപ്രവർത്തനം തുടങ്ങിയ സംഘടനകളുടെ ഭാരവാഹികളെ ഉൾപ്പെടുത്തി സാമൂഹ്യസേവാകേന്ദ്രം പ്രവർത്തനത്തിൽ കൊണ്ടുവരാം.

"ഇതിന്റെ പ്രവർത്തകർ ബ: വികാരിയുടെ നേതൃത്വത്തിൽ, ഇടവകയിലെ കുടുംബങ്ങളുടെ സാമ്പത്തികനിലവാരം മനസ്സിലാക്കുവാൻവേണ്ടി ഒരു സാമ്പത്തിക സെൻസസ് എടുക്കുന്നതു് അത്യന്തം പ്രയോജനപ്രദമായിരിക്കും. ഓരോ കുടുംബത്തിന്റേയും ധനപരമായ കഴിവും കഴിവുകേടും അറിയുകയാണ് അതിന്റെ ഉദ്ദേശ്യം. അങ്ങനെ ലഭിക്കുന്ന സ്ഥിതിവിവരപ്പട്ടികയെ ആസ്പദമാക്കി കാലോചിതവും ക്രിയാത്മകവുമായ പദ്ധതികൾ നടപ്പിൽവരുത്തുവാൻ ശ്രമിക്കാവുന്നതാണ്.

"പട്ടിണിയേയും തൊഴിലില്ലായ്മയേയും പരിഹരിക്കുവാൻ കുടിൽവ്യവസായമാണ് ഏററവും ഉപകരിക്കുക. ഓരോ ഇടവകയിലും അതാതു സ്ഥലത്തിനു യോജിച്ച കുടിൽവ്യവസായങ്ങളാണ് തുടങ്ങേണ്ടതു്. ഒരിടത്തു നൂൽനൂൽപ്പു ഗുണപ്രദമെങ്കിൽ, മറെറാരിടത്തു പനമ്പുനെയ്ത്തോ കയറുപിരിയോ ഫലപ്രദമായിരിക്കും. കുടിൽ വ്യവസായത്തിനു മൂലധനം ആവശ്യമായിരിക്കുന്നു. ജനങ്ങളുടെ കഴിവുകൾ പരിമിതങ്ങളാകയാൽ ഗവമ്മെണ്ട് ഉദാരമായ ഗ്രാൻറു നൽകി ഇത്തരം പ്രസ്ഥാനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതാണ്. രണ്ടാം പഞ്ചവത്സരപദ്ധതിയിൽ കുടിൽ-ചെറുകിട വ്യവസായങ്ങൾക്കു കേന്ദ്രഗവമ്മെണ്ട് 200 കോടി രൂപ നീക്കിവച്ചിട്ടുള്ളതായറിയുന്നു. ഈ അവസരം പാഴാക്കാതെ നമ്മൾ മുന്നിട്ടുപ്രവർത്തിക്കണം. കുടിൽവ്യവസായങ്ങൾ തുടങ്ങുവാൻ, ധനശക്തിയുള്ള പള്ളികളും ഇടവകയിൽ കഴിവുള്ള വ്യക്തികളും സമുദായത്തിന്റെ നന്മയെ മുൻനിറുത്തി സമ്പദ്ദാനത്തിനു സന്നദ്ധരാകേണ്ടതാണ്.

"ഇപ്പോൾ നമ്മുടെ അതിരൂപതയിലെ ചില ഇടവകകളിൽ ലഘുനിക്ഷേപനിധി നടപ്പിലായിട്ടുണ്ട്. സാമാന്യജനങ്ങളുടേയും തൊഴിലാളികളുടേയും സാമ്പത്തികോന്നമനത്തെ മുൻനിറുത്തി അവരെ മിതവ്യയവും സമ്പാദനോൽസുകതയും പരിശീലിപ്പിക്കുവാൻ പോരുന്ന ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനരീതി ഒരു ബാങ്കുപോലെയാണ്. അതിന്റെ പ്രവർത്തനത്തിനു പ്രസിഡണ്ടായി ബ. വികാരിയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മററു ഭാരവാഹികളുമുണ്ടായിരിക്കും. ലഘുനിക്ഷേപനിധിയിൽ അംഗങ്ങളായി ചേരുന്നവർക്കു പാസ്സുബുക്കുകൾ കിട്ടുന്നതാണ്. ഞായറാഴ്ചതോറും അംഗങ്ങൾ കൊണ്ടുവരുന്ന പണം, ഭാരവാഹികൾ സംഭരിച്ച് ഏതെങ്കിലും അംഗീകൃതബാങ്കിൽ പലിശയ്ക്കിടുന്നു. രോഗം, മരണം, കൃഷിപ്പിഴ തുടങ്ങിയ ദുർഘടാവസരങ്ങളിൽ അംഗങ്ങൾക്കു നിക്ഷേപത്തുകകൾ പലിശയോടുകൂടി മടക്കിയെടുത്തു വിനിയോഗിക്കാം. ഈ പ്രസ്ഥാനം തുടങ്ങിയിട്ടുള്ളിടത്തെല്ലാം അതു വിജയമായിട്ടുണ്ടെന്നറിയുന്നു. അതു നിലവിലുള്ള ഇടവകകളിൽനിന്നു് അതിന്റെ പ്രവർത്തനരീതി പഠിച്ചറിയുവാൻ സാധിക്കും.

"അടുത്തതായി സഹകരണപ്രസ്ഥാനത്തെ നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തിക്കൊള്ളട്ടെ. സാമ്പത്തികമാറ്റങ്ങളെ സുഗമമാക്കുന്നതിനു വ്യക്തികൾ സംഘടിച്ചുപ്രവർത്തിക്കുന്നതിനെയാണു സഹകരണപ്രസ്ഥാനമെന്നു പറയുക. ഒററയ്ക്കൊററയ്ക്കായി പണം സമ്പാദിക്കുന്നതിനുള്ള സംരംഭങ്ങളിൽ ആദ്യം അത്രതന്നെ വിജയിച്ചുവെന്നുവരികയില്ല. പ്രത്യേകിച്ചു സാധാരണക്കാരനു തന്റെ ധനസ്ഥിതി ഉയർത്തുവാൻ തനിച്ചുപരിശ്രമിക്കുക ക്ലേശകരമാണ്. അതിനാൽ അയർലൻറിലെ സഹകരണസംഘത്തിന്റെ ഉപജ്ഞാതാവായ സർ ഹോരസ് പങ്കററ് (Sir Horace Punkett) പ്രസ്താവിക്കുന്നതുപോലെ കൃഷിയും കച്ചവടവും, തദ്വാരാ ജീവിതനിലവാരവും അഭിവൃദ്ധിപ്പെടുത്തുവാൻ സഹകരണാടിസ്ഥാനത്തിൽ ജനങ്ങൾ പ്രവർത്തിക്കണം. കൃഷിക്കാവശ്യമായ വളങ്ങൾ, വിത്തുകൾ മുതലായവ സഹകരണസംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒന്നിച്ചുവാങ്ങിക്കുന്നതിനും ഉല്പന്നങ്ങൾ ഒന്നിച്ചു വിററഴിക്കുന്നതിനും സാധിക്കുന്നതു സാധാരണ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഒരനുഗ്രഹമായിരിപ്പാനിടയുണ്ട്. അത്യാവശ്യപ്പെടുമ്പോൾ തുച്ഛമായ പലിശയ്ക്കു സഹകരണസംഘത്തിൽനിന്നു പണം കടമെടുക്കാനും കഴിയുന്നതാണ്. കേന്ദ്രഗവമ്മെണ്ട് സഹകരണപ്രസ്ഥാനത്തിനു രണ്ടാംപഞ്ചവത്സരപദ്ധതിയിൽ 47 കോടി രൂപാ കൊള്ളിച്ചിട്ടുണ്ട്. സേവനതല്പരരായ ആളുകൾ മുമ്പോട്ടുവന്നു സഹകരണപ്രസ്ഥാനത്തെക്കുറിച്ചു പഠിച്ച് പ്രവർത്തനത്തിൽ ഏർപ്പെടുന്നതു മഹത്തായ സമുദായസേവനമായിരിക്കും."

മെത്രാപ്പോലീത്താ തിരുമേനി സുവിശദമായി ചൂണ്ടിക്കാണിക്കുന്ന ഈ സാമൂഹികസേവനപദ്ധതികളെ കാര്യക്ഷമമായി ഓരോ ഇടവകകളിലും പ്രാവർത്തികമാക്കുന്നതിനു എല്ലാവരും ഒത്തൊരുമിച്ചു പരിശ്രമിക്കുകയാണെങ്കിൽ ഭാസുരമായ സാമൂഹികസുസ്ഥിതിയെ കെട്ടിപ്പടുക്കുന്നതിനു അതു സഹായകമാകാതിരിക്കുകയില്ല. ക്രിസ്തീയചൈതന്യപരിപൂരിതമായ ഏതൽപ്രവർത്തനങ്ങൾ ഇടവകകളുടെ മാത്രമല്ല രാജ്യത്തിന്റെ പൊതുവായ ഐശ്വര്യവർദ്ധനവിനും വഴിതെളിക്കുന്നതായിരിക്കും. ഇതുതന്നെയാണ്, ഇന്നു ലോകത്തെ തുറിച്ചുനോക്കുന്ന ബൃഹത്പ്രശ്നങ്ങൾക്കുള്ള ഫലവത്തായ പ്രതിവിധിയും.

### പ്രസാധകക്കുറിപ്പുകൾ

## ബോംബെയുടെ ധീരമായ മാതൃക

ഇന്ത്യയുടെ പുരോഗതിക്കു വേണ്ടി കേന്ദ്രഗവമ്മെൻറു് ആസൂത്രണംചെയ്തുകൊണ്ടിരിക്കുന്ന വിപുലമായ പദ്ധതികളുടേയും മഹത്തായ പ്രവർത്തനങ്ങളുടേയും മദ്ധ്യേ കടന്നുകൂടിയിട്ടുള്ള ഒരു കളങ്കമാണ് രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കുടുംബസംവിധാനമെന്നു എടുത്തു പറയേണ്ടതില്ലല്ലോ. ഈ അധാർമ്മികപ്രസ്ഥാനത്തിന്റെ മതവിരുദ്ധവും സദാചാരവിപരീതവുമായ സ്വഭാവത്തെപ്പററിയും അതു ആർഷഭാരതത്തിന്റെ ആദ്ധ്യാത്മികബോധത്തേയും രാഷ്ട്രപിതാവായ മഹാത്മജിയുടെ സുചിന്തിതമായ ആദർശത്തേയും എങ്ങിനെ നിഹനിക്കുന്നു എന്ന വസ്തുതയെപ്പററിയും ഞങ്ങൾ യഥാകാലം സുദീർഘം ഉപന്യസിച്ചിട്ടുള്ളതാണ്. കേന്ദ്രം ചെയ്തുകഴിഞ്ഞ ഒരു തീരുമാനമാണ്; എത്ര അധാർമ്മികവും അനാശാസ്യവും ആപൽക്കരവുമായാലും വേണ്ടതില്ല, എല്ലാ സംസ്ഥാനങ്ങളും ഗവമ്മേണ്ടുകളും ജനങ്ങളും അതിനു് തലകുനിച്ചുകൊള്ളണമെന്നുള്ള ഒരു അടിമത്തമനഃസ്ഥിതിയാണ് പല സ്ഥാനങ്ങളും ഇക്കാര്യത്തിൽ അവലംബിച്ചു പോരുന്നതായി കാണുന്നതു്. തിരു-കൊച്ചി സ്റ്റേററും ഈ മനോഭാവത്തെത്തന്നെയാണ് വച്ചുപുലർത്തുന്നതെന്നു പ്രസ്തുത നിർദ്ദേശത്തിനനുസരിച്ചു ധ്രുതഗതിയിൽ രാജ്യത്താകെ നടത്തിപ്പോരുന്ന ജുഗുപ്സാവഹമായ പ്രവർത്തനങ്ങൾ സാക്ഷ്യം വഹിക്കുന്നുണ്ട്. ഈ ഘട്ടത്തിലാണ് ഇന്ത്യയിലെ സ്റ്റേററുകളുടെ കൂട്ടത്തിൽ ജനബാഹുല്യത്തിലും സംസ്കാരത്തിലും എന്നല്ല പലേ തരത്തിൽ ഒന്നാം കിടയിൽ നില്ക്കുന്ന ബോംബെ സ്റ്റേററു് ഇക്കാര്യത്തിൽ തന്റേടത്തോടുകൂടി സുധീരമായ ഒരു മാതൃക കാണിച്ചിരിക്കുന്നതു്. "ബോംബെ സംസ്ഥാനത്തിൽ കുടുംബസംവിധാനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനു കേന്ദ്രഗവമ്മേണ്ടു അനുവദിച്ചിരിക്കുന്ന ഗ്രാൻറു് ബോംബെ ഗവമ്മേണ്ടു നിഷേധിച്ചിരിക്കുകയാണെന്നും, കൃത്രിമമാർഗ്ഗങ്ങളുപയോഗിച്ചുള്ള കുടുംബസംവിധാനത്തിനു ബോംബെ ഗവമ്മെണ്ട് എതിരാണെന്നും, ഇക്കാര്യത്തിൽ മഹാത്മജിനിർദ്ദേശിച്ചിരിക്കുന്ന ആത്മനിയന്ത്രണത്തിലാണ് ഗവമ്മെണ്ടു വിശ്വസിക്കുന്നതെന്നും" ബോംബെ നിയമസഭയിൽ ഉന്നയിക്കപ്പെട്ട ഒരു ചോദ്യത്തിനു മറുപടിയായി ഡെപ്യൂട്ടി ഹെൽത്തു മിനിസ്റ്റർ മി. ബി. സി. ജട്ടി പ്രസ്താവിച്ചിരിക്കുന്നു. കേന്ദ്രഗവമ്മെണ്ടിന്റെ ഏതു് അഭിലാഷങ്ങളെയും അതേപടി നിവർത്തിച്ചു നല്ലപിള്ള ചമയുന്നതോ, ആ മേൽയജമാനന്മാരെ പ്രീണിപ്പിച്ചു കുറെ പണം അനുവദിപ്പിക്കുന്നതോ അല്ല ഒരു സ്റ്റേററു ഗവമ്മെണ്ടിന്റെ കർത്തവ്യമെന്നും, നേരേമറിച്ചു രാജ്യശ്രേയസ്സിനു സഹായകമായ പദ്ധതികളിൽ സഹകരിക്കുകയും വിനാശകരമായ പ്രസ്ഥാനങ്ങളെ വീറോടെ എതിർത്തു രാജ്യത്തേയും ജനതയേയും സേവിക്കുകയുമാണ് കരണീയമെന്നും പ്രകടമാക്കുന്ന ബോംബെ ഗവമ്മെണ്ടിന്റെ ഈ സുധീരമായ മാതൃക അനുകരിക്കുന്നതിനു ഇതര സ്റ്റേററുകൾ സന്നദ്ധമാകുമോ എന്നാണറിയേണ്ടതു്. കേന്ദ്രഗവമ്മെണ്ടിനും ഈ നിലപാടിൽ അസുഖം തോന്നേണ്ടതില്ല. രാജ്യനന്മയെ ലക്ഷ്യമാക്കി ആസൂത്രണം ചെയ്യുന്ന പദ്ധതികളിൽ തെററുപാറുക അസംഭാവ്യമല്ല. ആ തെററിനെ പഞ്ചപുച്ഛമടക്കി തൊഴുതു നില്ക്കുന്ന സംസ്ഥാനങ്ങളുടെ ആത്മാർത്ഥതയില്ലായ്മയേയും സ്വാർത്ഥജടിലമായ അടിമമനഃസ്ഥിതിയേയുമല്ല കേന്ദ്രം ബഹുമാനിക്കുക; പ്രത്യുത വഴിപിഴച്ച ഏതാദൃശ കാല്വെയ്പിനെ പ്രതിഷേധിക്കുകയും സുധീരം ചെറുക്കുകയും അതിനെ തിരുത്തുന്നതിനു വേണ്ട സമ്മർദ്ദം ചെലുത്തുകയും ചെയ്യുന്ന ആത്മാഭിമാനവും തന്റേടവുമുള്ള ഘടകങ്ങളെയായിരിക്കും കേന്ദ്രം അഭിനന്ദിക്കുക. അതുകൊണ്ട് ബോംബെ ഗവമ്മെണ്ടിന്റെ ഈ നടപടി അനുമോദനാർഹവും മാതൃകായോഗ്യവുമായിരിക്കുന്നു എന്നു പ്രസ്താവിക്കുവാൻ ഞങ്ങൾക്കതിയായ ആനന്ദമുണ്ട്. വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും അതുപോലെ തന്നെ സ്റ്റേററുകളുടെ ഗണത്തിൽ മുന്നിട്ടുനില്ക്കുന്നു എന്നഭിമാനിക്കുന്ന നമ്മുടെ സ്റ്റേററുഗവമ്മെണ്ടും അടിമത്തമനഃസ്ഥിതിയെ ഉപേക്ഷിച്ചു ഇനിയെങ്കിലും ആത്മാഭിമാനത്തോടെ കർത്തവ്യനിർവ്വഹണത്തിനു സന്നദ്ധമാകാതിരിക്കയില്ലെന്നു വിശ്വസിക്കാം.

× × ×

## ഔദ്യോഗികഭാഷയെ സംബന്ധിച്ചു രാജാജി

ഇന്ത്യയുടെ സ്വാതന്ത്ര്യം കൈവന്നതു മുതൽ രാഷ്ട്രത്തിന്റെ ഏകീകരണത്തെ പ്രധാനമായി ലക്ഷ്യംവച്ചു ഒരു പൊതുഭാഷ ഇവിടെ ഹിമവൽസേതുപര്യന്തം നടപ്പാക്കണമെന്നു നേതാക്കന്മാർ നിശ്ചയിക്കുകയും ഹിന്ദിയെ പൊതുഭാഷയായി പ്രഖ്യാപിക്കുകയും ചെയ്തുകഴിഞ്ഞിട്ടുണ്ടല്ലോ. ഇതു് അന്നും ഇന്നും ഒരു വിവാദപ്രശ്നമായിട്ടാണ് നിലകൊള്ളുന്നതു്. ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ വിവിധഭാഷകളാണ് പണ്ടുകാലം മുതലേ ജനങ്ങൾ ഉപയോഗിച്ചുപോരുന്നതു്. ബ്രിട്ടന്റെ സുദീർഘമായ ആധിപത്യകാലത്തു ഇന്ത്യയിലാകെ ഔദ്യോഗികഭാഷയായി ഇംഗ്ലീഷ് സ്ഥാനംപിടിക്കുകയും ഇംഗ്ലീഷ് വിദ്യാഭ്യാസം എല്ലാ ഭാഗങ്ങളിലും പ്രചുരപ്രചാരത്തിൽ വരികയുംചെയ്തു. ലോകവ്യാപകമായും ഇന്നു ഇംഗ്ലീഷ്ഭാഷ ഒരു പൊതുഭാഷയായി അംഗീകരിക്കപ്പെട്ടുപോരുകയാണ്. ഈ സാഹചര്യങ്ങളിൽ അഖിലേന്ത്യാ പ്രചാരം സിദ്ധിച്ചിട്ടുള്ളതും ലോകവ്യാപകമായ ഉപ

യോഗവും പ്രശസ്തിയും ആജ്ജിച്ചിട്ടുള്ളതുമായ ഇംഗ്ലീഷ്ഭാഷയെ പുറംതള്ളിയിട്ട് ഇന്ത്യയിൽ ഒരു ഭാഗത്തുമാത്രം പ്രയോഗത്തിലുള്ള ഒരു ദേശീയഭാഷയെ ഇന്ത്യൻജനതയുടെപൊതുഭാഷയാക്കണമോ, അതു ഇന്ത്യയുടെ ഭാവിക്കു ഗുണകരമായിരിക്കുമോ എന്നതാണു് പ്രശ്നം. മാത്രമല്ല ഹിന്ദിയെ പൊതു ഔദ്യോഗികഭാഷയായി നടപ്പാക്കിക്കഴിയുമ്പോൾ ഏതദ് ഭാഷയിൽ വൈദഗ്ധ്യം സമ്പാദിച്ചിട്ടുള്ള ഉത്തരേന്ത്യക്കാക്കു ദക്ഷിണേന്ത്യരെക്കാൾ മെച്ചമായ ഒരനുകൂലസാഹചര്യം അനർഹമായി സൃഷ്ടിക്കുകയല്ലേ എന്നു സംശയിക്കുന്നവരും ഉണ്ടു്. വിവാദവിഷയത്തെപ്പററി ഈയിടെ മധുരയിലുള്ള എല്ലാ കോളേജുകളിലേയും വിദ്യാർത്ഥികൾ സമ്മേളിച്ചിരുന്ന ഒരു യോഗത്തിൽവച്ചു ഒരു രാഷ്ട്രമീമാംസകനും പരിചയസമ്പന്നനുമായ മി. സീ. രാജഗോപാലാചാരി പ്രസ്താവിച്ചതിപ്രകാരമാണു്: "ഇന്ത്യയിലെ ഒരു വലിയ ഭൂരിപക്ഷത്തിൻെറ ഭാഷയാണു് ഹിന്ദിയെങ്കിലും, ഇന്ത്യയുടെ ഔദ്യോഗികഭാഷയായി അതു സ്വീകരിക്കപ്പെടുകയാണെങ്കിൽ കഴിഞ്ഞ 200 വർഷക്കാലമായി ഇംഗ്ലീഷ് പാഠിച്ചുകൊണ്ടിരിക്കുന്ന വമ്പിച്ച തമിഴ്ജനസമൂഹത്തിനു അതു പററിയ ഒന്നായിരിക്കുകയില്ല. തമിഴരെ സംബന്ധിച്ച ഇംഗ്ലീഷ് അവരുടെ മുതലും സമ്പാദ്യവുമാണു്. തങ്ങൾക്കറിയാൻപാടില്ലാത്ത ഹിന്ദിഭാഷയിൽ കാര്യങ്ങൾ നടത്തണമെന്നു തമിഴരെ നിർബന്ധിക്കുകയാണെങ്കിൽ അതു ഗൗരവാവഹമായ ഒരനീതിതന്നെയായിരിക്കും. കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും ഇംഗ്ലീഷ് നല്ലപോലെ അറിയാം. നിരവധി തലമുറകളായി നാം ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഇംഗ്ലീഷിനെ എന്തുകൊണ്ടു നമുക്കുപയോഗിച്ചുകൂടാ? ഇംഗ്ലീഷ് അറിഞ്ഞുകൂടാത്തതും, ഹിന്ദിമാത്രം അറിയാവുന്നതുമായ ഒരു ഗവമ്മെണ്ടായിരുന്നു കേന്ദ്രത്തിലെങ്കിൽ ഞാനിതു പറയുകയില്ലായിരുന്നു. പക്ഷെ അതല്ലല്ലോ നില. ഇന്ത്യയിലെ ബുദ്ധിമാന്മാരായ എല്ലാവക്കും, വിദ്യാഭ്യാസം ലഭിച്ചിട്ടുള്ള എല്ലാവക്കും ഇംഗ്ലീഷ് അറിയാം. ജനങ്ങളിൽ നല്ല ഒരു വിഭാഗത്തിനു പൊട്ടുന്നനവേ അസൗകര്യമുണ്ടാക്കുന്ന ഒരു ഭാഷ അവരുടേമേൽ കെട്ടിവയ്ക്കുക എന്നതു് അത്ഥശൂന്യമാണു്. ഭൂരിപക്ഷത്തിൻേറതായ ഒരു ഭരണകൂടമാണു് ജനാധിപത്യമെങ്കിലും, ന്യൂനപക്ഷങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ജനങ്ങൾക്കും തുല്യമായ നീതിയും തുല്യമായ സുഖവും നൽകുക എന്നതാണു അതിൻെറ ലക്ഷ്യം. ന്യൂനപക്ഷങ്ങൾ എന്നു പറഞ്ഞാൽ വഗ്ഗീയ ന്യൂനപക്ഷങ്ങൾ എന്നു അത്ഥമാക്കേണ്ടതില്ല. തമിഴർ ഒരു ഭാഷാന്യൂനപക്ഷമാണു്. ആ ന്യൂനപക്ഷത്തിന്മേൽ ഹിന്ദി അടിച്ചേല്പിക്കുമെന്നതു് "ഭീകരമായ ഒരസൗകര്യ"മാണു്. ഒരു വിദേശഭരണത്തിൻെറ ഫലമാണു് ഇംഗ്ലീഷ് എന്നതിനു സംശയമില്ല. എന്നാൽ വിദേശഭരണവും വിദേശഭരണത്തിൻെറ ഫലവും തമ്മിൽ വ്യത്യാസമുണ്ടു്."

ശ്രീ രാജാജിയുടെ ഈ അഭിപ്രായം എത്രമാത്രം പ്രായോഗികപ്രാധാന്യമുള്ളതാണെന്നു അനുഭവവേദ്യമായ ഒരു സംഗതിയാണു്. തമിഴ്ഭാഷയെപ്പററി അദ്ദേഹം പറയുന്നതു് മലയാളഭാഷയെപ്പററിയും തികച്ചും യഥാത്ഥമാണു്. അതുകൊണ്ടു ഇന്ത്യയുടെ ഐക്യത്തിനു ആവശ്യമായ പൊതുസമ്പക്കം കൂടുതൽ പ്രായോഗികമാക്കുന്നതിനു ഒരു പൊതുഭാഷയായി നിലനിന്നുപോരുന്ന ഇംഗ്ലീഷിനെത്തന്നെ അംഗീകരിക്കുകയാണെങ്കിൽ അതു പല വിധത്തിൽ സൗകര്യപ്രദവും ഫലദായകവുമായിരിക്കും. ദേശീയഭാഷകൾക്കുള്ള പ്രാധാന്യത്തെ മററുവിധത്തിൽ സംരക്ഷിക്കുകയും ചെയ്യാം.

## അടുത്തയാഴ്ചയിൽ

ഒക്ടോബർ

18 വ്യാ: വി. ലൂക്കാ

19 വെ: വി. പത്രോസ് അൽക്കാന്ത്ര

20 ശ: വി. യോഹന്നാൻ കാന്തിസ്

21 ഞാ: പന്തക്കുസ്ത 22-ാംഞാ. വേദപ്രചാരഞായർ

22 തി: വി. മറിയം ശാലോം

23 ചൊ: ദിവ്യരക്ഷകൻ

24 ബു: വി. റപ്പായേൽ

## പുസ്തകാഭിപ്രായം

### അസ്സീസിയിലെ ഗായകൻ

(രചയിതാവു്: ശ്രീ പോൾ മാധവൻനായർ; പേജ് 66; വില 8 ണ. C/o Rev. Fr S. Penakatt, Bharanamganam)

ലോകചരിത്രത്തിൽ അത്ഭുതകരമായ പരിവത്തനത്തിനു അനുകാലം പ്രചോദനംനൽകി വിരാജിക്കുന്ന അമോഘമായൊരു വ്യക്തിത്വമാണു് അസ്സീസിയിലെ ഫ്റാൻസിസിൻേറതു്. പ്രാചിയേയും പ്രതീചിയേയും, പണക്കാരനേയും പാവപ്പെട്ടവനേയും, ലോകത്തേയും നാകത്തേയും സമഞ്ജസമായി സന്ധിക്കുന്നതിനും മനോജ്ഞമാംവിധം കോത്തിണക്കുന്നതിനുമുള്ള വശ്യത അതിൽ അന്തർലീനമായിട്ടുണ്ടു്. പ്രകൃതിസൗന്ദര്യാസ്വാദനത്തിൽ നൃത്തംചെയ്യിച്ചു മനുഷ്യാത്മാവിനെ പരമാത്മാവിൽ വിലയംകൊള്ളിക്കുന്ന ഒരജയ്യശക്തിയാണു് ഈ ഗായകനിൽ സഹൃദയലോകം ദശിക്കുക.

ഏതാദൃശമായ ഒരു ഇതിവൃത്തം അനുഗൃഹീത ഗായകകവിയായ ശ്രീ പോൾ മാധവൻനായരുടെ സാഹിത്യസരിത്തിലൂടെ നിരഗ്ഗളം നിഗ്ഗമിച്ചതാണു് നിരുണവിഷയമായ അസ്സീസിയിലെ ഗായകൻ എന്ന ചെറുകൃതി. പ്രചുരപ്രചാരം സിദ്ധിച്ചുകൊണ്ടിരിക്കുന്ന കഥാപ്രസംഗരീതിയിലാണു് അതിൻെറ അവതരണം. "ഒരുത്തമനുഷ്യ"നായ ശ്രീ പോൾ മാധവൻനായർ ഒരൊന്നാംകിട കാഥികൻകൂടിയാണു്. കഥാപ്രസംഗവേദിയിൽനിന്നു സ്വതസിദ്ധമായ വാചാലതയോടും ചമൽക്കാരത്തോടും ഭക്തിപ്രചുരിമയോടുംകൂടി അദ്ദേഹം കഥപറയുന്നതു കേട്ടിരുന്നാൽ ദിനരാത്രങ്ങൾ ഒഴുകിപ്പോകുന്നതറിയുകയില്ല. അങ്ങനെയെങ്കിൽ അദ്ദേഹത്തിൻെറ ഹൃദയാഗാധതയിൽനിന്നും പ്രഫുല്ലമായ ഈ വിശ്വമോഹനചരിത്രകഥാകഥനം എത്രമേൽ സരസവും സഹൃദയഹൃദയാഹ്ളാദകവുമായിരിക്കുമെന്നു അനുഭവിച്ചറിയുകയേ നിവൃത്തിയുള്ളു.

"പൂങ്കോഴി കൂകുന്നു, പൂക്കൾ
വിരിയുന്നു;
പൂമണമെങ്ങും പരന്നിടുന്നു;
നീലപ്പുതപ്പു വെടിഞ്ഞു പുലർ
കാലം
ചേലൊത്തചേലയണി......"

ഞ്ഞുകൊണ്ടു് ആ കഥാപ്രസംഗം ആരംഭിച്ചുകഴിഞ്ഞാൽ, മോഹനമായ ഉഷസ്സിനോടൊപ്പം അസ്സീസിയിലെ ഗായകൻ രംഗപ്രവേശംചെയ്തു്, ആദശമോഹനമായ ജീവിതകഥാതരംഗങ്ങളിലൂടെ പുരോഗമിച്ചു്,

"ആകാശമെങ്ങും കറുത്തു
ദിനേശൻ
ശോകാതിവേഗേന മങ്ങി
മറഞ്ഞു.

ഭൂലോകമാകെ ഞെട്ടിവിറച്ചു
യോഗീന്ദ്രതാതൻ സ്വജീവൻ
വെടി......"യുവോളം എതെല്ലാം വിധത്തിലുള്ള ദിവ്യാനുഭൂതികളാണു് നിന്നിമേഷരായിരിക്കുന്ന സഹൃദയസദസ്യരിൽ ഓളമടിച്ചുയന്നുകൊണ്ടിരിക്കുക! ഈ പ്രസ്ഥാനം ഭാസുരമായി പുരോഗമിക്കട്ടെ!

ഗ്രന്ഥകാരനെ അനുമോദിക്കുകയും ഗ്രന്ഥത്തിനു പ്രചുരപ്രചാരം ആശംസിക്കുകയും ചെയ്തുകൊള്ളുന്നു.

### ജീവിതനൗക

(ഗ്രന്ഥകത്താ: ജെ. പി. ഒല്ലൂർ (സാഹിത്യവിശാരദ്,; പേജ് 26; വില 4 ണ)

ഒരു യുവസാഹിത്യകാരനായ ശ്രീ ജെ. പി. ഒല്ലൂർ വിരചിച്ചിട്ടുള്ള രണ്ടു ചെറുകഥകളാണു് "ജീവിതനൗക" എന്ന പേരിൽ "കേരളവാണി" പബ്ളിക്കേഷൻ 1-ാം നമ്പറായി പ്രസിദ്ധീകരിച്ചിരിക്കുന്നതു്. "വീണപൂവു്?", "ഞാനൊരു രാജാവാകുന്നു" ഇവയാണു ചെറുകഥകൾ. സാഹിത്യലോകത്തിൽ ഒരുന്നതസ്ഥാനം പ്രാപിക്കുന്നതിനു ആത്മാത്ഥമായി അഭിലഷിച്ചു് അതിനുവേണ്ടി നിസ്തന്ദ്രപരിശ്രമം ചെയ്തുപോരുന്ന കഴിവുള്ള ഒരു യുവാവാണു് ശ്രീ ജെ. പി. ഒല്ലൂർ. ഇതിനകം അദ്ദേഹം നിരവധി ലേഖനങ്ങളും ചെറുകഥകളും മാത്രമല്ല "സഖാക്കൾ", "ആർ കുററവാളി" എന്ന രണ്ടു നാടകകൃതികളും പ്രസിദ്ധീകരിച്ചു സാഹിതീരംഗത്തിൽ അരങ്ങേററംകഴിഞ്ഞിട്ടുണ്ടു്. മാത്രമല്ല "കേരളവാണി" എന്ന ദ്വൈമാസികയുടെ പത്രാധിപത്യവും അദ്ദേഹം വഹിക്കുന്നുണ്ടു്. ഏവംവിധം ഗ്രന്ഥകാരൻ സഹൃദയലോകത്തിനു സുപരിചിതനാണു്.

ഗ്രന്ഥത്തിൻെറ ആമുഖത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ജീവിതനൗക ഒരു നൂതനാദശത്തിൻെറ പരീക്ഷണമാണു്. ഇന്നറിയപ്പെടുന്ന ചെറുകഥാസൂത്രണത്തിൽ ദീക്ഷിക്കപ്പെടുന്ന മൂല്യങ്ങൾ, അഥവാ ചെറുകഥയുടെ ഇതിവൃത്തനിബന്ധനകൾ ഈ കഥകളിൽ ഉന്നംവച്ചിട്ടില്ലെന്നാണു് പീഠിക കൊണ്ടു മനസ്സിലാക്കേണ്ടതു്. അനുവാചകക്കു അതനുഭവപ്പെടുകയുംചെയ്യും. അവ കഥാരൂപത്തിലുള്ള ഓരോ ധമ്മോപദേശമായിട്ടാണു് ആവിർഭവിക്കുന്നതു്. ചെറുകഥാപ്രസ്ഥാനത്തെ അധമ്മോപദേശത്തിനു യാതൊരു സംവരണവും കൂടാതെ ദുരുപയോഗിക്കാമെങ്കിൽ എന്തുകൊണ്ടു് അതു ധമ്മോപദേശത്തിനായി വിനിയോഗിച്ചുകൂടാ എന്നായിരിക്കണം ഗ്രന്ഥകാരൻെറ യുക്തിയുക്തമായ നിലപാടു്. അതഭിലഷണീയംതന്നെ. അധമ്മത്തിൻെറ ചുഴിക്കുത്തിൽ ആണ്ടുപോകാതെ "ജീവിതനൗക" അതിലെ യാത്രികരെ സുരക്ഷിതമായി സംവഹിച്ചുകൊണ്ടു് കുഞ്ഞോളങ്ങളേയും അലയടികളേയും മുറിച്ചു് സാഹിത്യസരിത്തിൽ സ്വച്ഛന്ദം മുന്നേറട്ടെ.

(ജെ. പി. വീ)


# വിവിധവൃത്താന്തങ്ങൾ

## ഇന്നസെൻറു പതിനൊന്നാമൻ


1676-മുതൽ 1689-വരെ തിരുസഭാദ്ധ്യക്ഷനായിരുന്ന പതിനൊന്നാം ഇന്നസെൻറു മാപ്പാപ്പായെ ഒക്ടോബർ 7-ാം തീയതി വിശുദ്ധ പത്രോസിൻെറ ദേവാലയത്തിൽവെച്ചു് പന്ത്രണ്ടാം പീയൂസു മാപ്പാപ്പാ തിരുമനസ്സുകൊണ്ടു ധന്യനെന്നു നാമകരണം ചെയ്തിരിക്കുന്നു. നാമകരണചടങ്ങുകൾക്കിടക്കു്, അനുഗൃഹീതനായ ഇന്നസെൻറിൻെറ അപദാനങ്ങളെ പ്രകീർത്തിച്ചുകൊണ്ടു് പരിശുദ്ധപിതാവു പതിനയ്യായിരം വാക്കുകളടങ്ങിയ ഒരു പ്രഭാഷണം പ്രക്ഷേപണം ചെയ്യുകയുണ്ടായി. അനുഗൃഹീതനായ ഇന്നസെൻറിനോടു് ആദരം പ്രകടിപ്പിക്കുന്നതിനായി മുപ്പതിനായിരത്തോളം വരുന്ന ഒരു ജനക്കൂട്ടം ബസ്സിലിക്കായിൽ സന്നിഹിതരായിരുന്നു. ഈ നാമകരണം പ്രമാണിച്ചു ഇന്നൊസെൻറു മാപ്പാപ്പായുടെ ഭൗതികാവശിഷ്ടങ്ങൾ കുഴിമാടത്തിൽനിന്നും എടുത്തിരുന്നതു ഒരു കണ്ണാടിപ്പാത്രത്തിലാക്കി സിംഹാസന അൾത്താരയുടെ മുൻപിൽ സ്ഥാപിക്കുകയുണ്ടായി. നാമകരണത്തിനുശേഷം വിശ്വാസികൾ തിരുശേഷിപ്പുകൾ വണങ്ങുകയുണ്ടായി

## കുടുംബവേതനം

സ്പെയിനിലെ കർദ്ദിനാളന്മാരും മെത്രാപ്പോലീത്താമാരുംകൂടി പുറപ്പെടുവിച്ചിരിക്കുന്ന ഒരു ഇടയലേഖനത്തിൽ, സ്പെയിനിലെ തൊഴിലാളികൾക്കു നീതിപൂവ്വകമായ കൂലികൊടുക്കുവാൻ തൊഴിലുടമകളെ ഉദ്ബോധിപ്പിച്ചിരി



കോതമംഗലത്തു ഷെവ. തയ്യിൽ കുഞ്ഞിത്തൊമ്മൻെറ കുഴിമാടോപരി ഇടവകക്കാരുടെ വകയായ ഒരു സ്മാരകശില, കോതമംഗലം നിയുക്ത മെത്രാൻ തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ, എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു സ്ഥാപിക്കുന്നു.




ഷെവ. തയ്യിൽ കുഞ്ഞിത്തൊമ്മൻെറ കുഴിമാടോപരി, കോതമംഗലം ഇടവകക്കാർ സ്ഥാപിച്ചിരിക്കുന്ന സ്മാരകശില. "നിത്യസ്മാരകം—തൻെറ സമുദായത്തിൻേറയും രാജ്യത്തിൻേറയും താല്പര്യങ്ങൾക്കുവേണ്ടി നിയമനിഭസ്ഥകത്തും പുറത്തും തൻെറ 29-ാമത്തെ വയസ്സുമുതൽ മരണംപ്രാപിച്ച 76-ാമത്തെ വയസ്സുവരെ കഠിനമായി പ്രയത്നിച്ച, സഭാമാതാവിൻെറ ധീരനും വിശ്വസ്തനുമായ ഒരു പുത്രനും പ്രശസ്തനായ ഒരു ദേശസ്നേഹിയുമായ ഷെവ. ഇലഞ്ഞിക്കൽ തയ്യിൽ കുഞ്ഞിത്തൊമ്മൻ കെ. എസ്. ജി. ഇവിടെ സംസ്കരിക്കപ്പെട്ടു അന്ത്യവിശ്രമംകൊള്ളുന്നു. അദ്ദേഹത്തിൻെറ ആത്മാവു സമാധാനത്തിൽ ആശ്വസിക്കട്ടെ—1955 ഒക്ടോബർ 8-ാം തീയതി കത്താവിൽ നിദ്രപ്രാപിച്ചു—അദ്ദേഹത്തിൻെറ പ്രിയപ്പെട്ട ഇടവകക്കാർ—എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. മാർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടു് 1956 ഒക്ടോബർ 8-ാം തീയതി ഇതു സ്ഥാപിച്ചു" എന്നാണു് ഇംഗ്ലീഷിലുള്ള ചൈത്യലേഖനത്തിൻെറ സാരം.

കുന്നു. ആദായത്തിന്റെ നീതിപൂർവ്വകമായ വിതരണത്തിനുവേണ്ടിയുള്ള സമരത്തിൽ പരാജയപ്പെട്ടതു തൊഴിലാളികളാണെന്നും, നീതി ചവിട്ടിമെതിക്കപ്പെടുകയും, സ്വാഭാവികസമ്പത്തു് അനീതിപരമായി വിതരണം ചെയ്യപ്പെടുകയും, മുതലാളിമാർ എല്ലാ അധികാരങ്ങളും കൈയടക്കുകയും, സാമൂഹ്യാസമത കൊട്ടുമ്പിരിക്കൊള്ളുകയും ചെയ്തിരിക്കുന്നുവെന്നും ഇടയലേഖനത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നു. ഇന്നത്തെ സാമൂഹ്യമായ ഉത്തരവാദിത്വങ്ങളിൽ പ്രധാനപ്പെട്ടതു തൊഴിലാളികൾ തന്റേയും കുടുംബത്തിന്റേയും നീതിപൂർവ്വകമായ ആവശ്യങ്ങൾക്കു മതിയായ ഒരു വേതനം കൊടുക്കുകയാണെന്നു തിരുമേനിമാർ ചൂണ്ടിക്കാണിച്ചിരിക്കുന്നു. അതേസമയം എല്ലാത്തരം ബലപ്രയോഗങ്ങളെയും അപലപിക്കുകയും ചെയ്തിട്ടുണ്ടു്.

## നീതിയായ വിതരണം

രാജ്യത്തിലെ എല്ലാ പൗരന്മാരുടെയുമിടയിൽ സ്വത്തിന്റെ നീതിപൂർവ്വകമായ ഒരു വിതരണം അത്യന്താപേക്ഷിതമാണെന്നു് ഇടയലേഖനത്തിൽ തിരുമേനിമാർ ചൂണ്ടിക്കാണിക്കുന്നുണ്ടു്. തൊഴിലാളികൾക്കു് അവരുടെ വേലയ്ക്കു ശരിയായ കൂലികൊടുത്താണു് ഇതു സാധിക്കേണ്ടതു്. സ്പെയിനിലെ തൊഴിൽനില ഇപ്പോൾ വേണ്ടത്ര മെച്ചപ്പെട്ടിട്ടുണ്ടു്; തന്മൂലം ഗവൺമെൻറു നിശ്ചയിച്ചിരിക്കുന്ന മിനിമത്തെക്കാൾ കൂടിയ നിരക്കിനു കൂലികൊടുക്കുവാൻ തൊഴിലുടമകൾക്കു സാധിക്കുന്നതാണു്. കുടുംബത്തിനുവേണ്ടത്ര ഭക്ഷണം തേടുന്നതിനു മതിയാകാത്ത ഒരു കൂലിനിരക്കു പുലർത്തിപ്പോരുന്നതു അന്യായമാണെന്നു തിരുമേനിമാർ പ്രഖ്യാപിച്ചിരിക്കുന്നു. വിലക്കയററം മൂലമാണു് ഇപ്പോഴത്തെ ഈ വിഷമാവസ്ഥ സ്പെയിനിൽ സംജാതമായിരിക്കുന്നതു്.

## കത്തോലിക്കൻ സുപ്രീം കോടതി ജഡ്ജി

അമേരിക്കൻ സുപ്രീം കോടതിയിലെ 9 ജഡ്ജിമാരിൽ ഒരാളായ ജസ്റ്റിസ് ഷെർമാൻ മിൻറൺ അനാരോഗ്യം മൂലം ഉദ്യോഗം ഒഴിയുകയാൽ ന്യൂജേഴ്സി സുപ്രീം കോടതിയിലെ അസോസിയേററു ജഡ്ജിയായ ജസ്റ്റിസ് വില്യം ജോസഫ് ബ്രന്നാനിനെ പ്രസിഡൻറു ഐസനോവർ നോമിനേററു ചെയ്തിരിക്കുന്നു. നോമിനേഷൻ നടത്തിയ പ്രസിഡൻറു റിപ്പബ്ളിക്കൻ പാർട്ടി നേതാവാണെങ്കിലും നോമിനേററു ചെയ്യപ്പെട്ടിരിക്കുന്നയാൾ ഒരു ഡിമോക്രാററാണെന്നുള്ളതു പ്രത്യേകം സ്മർത്തവ്യമാണു്. 50 വയസ്സുള്ള അദ്ദേഹം ഒരു കത്തോലിക്കനാണു്. ഒക്ടോബർ 15-ാം തീയതി അദ്ദേഹം ചാർജ്ജെടുത്തിരിക്കുന്നു.

## ഇററാലിയൻ കർദ്ദിനാളന്മാർ

ഇററലിയിലെ കർദ്ദിനാളന്മാരിൽ 10 പേരും മെത്രാന്മാരിൽ 48 പേരും ദരിദ്രകുടുംബങ്ങളിലെ അംഗങ്ങളാണെന്നു ഈയിടെ റോമയിൽ നടത്തിയ ഒരു പഠനത്തിൽനിന്നു തെളിഞ്ഞിരിക്കുന്നു. ബൊളോഞ്ഞാ മെത്രാപ്പോലീത്താ കർദ്ദിനാൾ ലെർക്കാരോ ഒരു വള്ളമൂന്നുകാരന്റെയും, റോമാ സഭാ ചാൻസലർ കർദ്ദിനാൾ കോൺസ്റ്റൻറീനി ഒരു കല്പണിക്കാരന്റെയും, പുരാണരേഖാസൂക്ഷിപ്പുകാരൻ കർദ്ദിനാൾ മെർക്കാത്തി ഒരു അദ്ധ്യാപകന്റെയും, റോമാ വികാരിജനറാൾ കർദ്ദിനാൾ മിക്കാരാ ഒരു എസ്റ്റേററു് ഏജൻറിന്റെയും, തിരുസംഘം സിക്രട്ടറി കർദ്ദിനാൾ പിസ്സാർഡോ സാവോണായിലെ ചേംബർ ഓഫ് കോമേഴ്സ് സിക്രട്ടറിയുടെയും, പ്രോസിക്രട്ടറി കർദ്ദിനാൾ ഒട്ടാവിയാനി ഒരു അപ്പക്കച്ചവടക്കാരന്റെയും, കൺസിസ്റ്റോറിയൽ തിരുസംഘം സിക്രട്ടറി കർദ്ദിനാൾ പിയാസാ ഒരു കർഷകത്തൊഴിലാളിയുടെയും, ജിനോവാ മെത്രാപ്പോലീത്താ കർദ്ദിനാൾ സിറി ഒരു ഡോക്കുജോലിക്കാരന്റെയും, സന്യാസസംഘങ്ങളുടെ തിരുസംഘം പ്രീഫെക്ട് കർദ്ദിനാൾ വാർലേരി ഒരു ടൗൺ ക്ലർക്കിന്റെയും പുത്രന്മാരാകുന്നു.



ഇപ്പോൾ ഇൻഡ്യയിൽ പര്യടനം നടത്തിക്കൊണ്ടിരിക്കുന്ന ഐക്യരാഷ്ട്രസമിതിയുടെ പത്താം ജനറൽ അസംബ്ളി പ്രസിഡണ്ടു് ഡോ: ജോസ് മാസാ.

## ചരമവാർത്തകൾ

**അരിക്കുഴ:** ഈ ഇടവക പാലമററത്തു മത്തായി അവർകളുടെ ഭാര്യ ശ്രീമതി മറിയം വാർദ്ധക്യസഹജമായ സുഖക്കേടുമൂലം ഒക്ടോബർ 4-ാംനു കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരം പിറേറദിവസം പരേതയുടെ പൗത്രനും നിർമ്മലാകോളേജ് ഇംഗ്ലീഷ് പ്രൊഫസറുമായ റവ. ഫാദർ മാത്യു പാലമററം എം. എ. യുടെ പ്രധാനകാർമ്മികത്വത്തിലും മററനേകം വൈദികരുടെ സാന്നിദ്ധ്യത്തിലും നടത്തപ്പെട്ടു. റവ. ഡോക്ടർ തോമസ് മൂത്തേടൻ എം. എ. ഡി. ഡി. തദവസരത്തിൽ ചരമപ്രസംഗംചെയ്തു.

**കീക്കൊഴൂർ:** വാഴക്കുന്നത്തു താവാട്ടിലെ അംഗമായ മാടത്തേത്തു് മത്തായി അബ്രാഹം 66-ാമത്തെ വയസ്സിൽ ഒക്ടോബർ 6-ാം തീയതി കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. സഭയോടു പുനരൈക്യപ്പെട്ട പരേതൻ കീക്കൊഴൂരിടവകാംഗമായി ചേർന്നു് 16-ൽപരം വർഷം ഇടവകയുടെ മുതൽപിടിക്കാരനായി സേവനമനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ടു്.

**കുമ്പളം:** ഈ ഇടവക കല്ലറയ്ക്കൽ ശ്രീ പാപ്പുക്കുട്ടിമാസ്റ്ററുടെ ഏകപുത്രിയും തലയോലപ്പറമ്പ് എസ്. വി. ഒ. സി. ഏജൻറു് മി. സി. സി. ചാക്കോയുടെ പത്നിയുമായ ശ്രീമതി സിസിലി പ്രസവസംബന്ധമായ സുഖക്കേടുമൂലം ഒക്ടോ. 5-ാംനു നിര്യാതയായി. ശവസംസ്കാരം പല വൈദികരുടേയും ഒരു വലിയ ജനക്കൂട്ടത്തിന്റേയും സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ടു.

പിടിയഞ്ചേരിൽ മി. ആൻറണി വാർദ്ധക്യസഹജമായ സുഖക്കേടുമൂലം 80-ാമത്തെ വയസ്സിൽ ഒക്ടോ. 9-ാംനു നിര്യാതനായിരിക്കുന്നു. ശവസംസ്കാരം സ്ഥലം പള്ളിസിമിത്തേരിയിൽ യഥാവിധി നിർവ്വഹിക്കപ്പെട്ടു.

**മാനന്തവാടി:** സ്ഥലം സെൻറു് ജോസഫ്സ് പള്ളി ഇടവക കോക്കണ്ടത്തിൽ ഉലഹന്നാൻ വൈദ്യൻ ഒക്ടോ. 9-ാംനു രാത്രി ഒരു മണിക്കു് കർത്താവിൽ നിദ്ര പ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം പിറേറദിവസം ഫാദർ ജോർജ്ജ് കഴിക്കച്ചാലിൽ അവർകളുടെ കാർമ്മികത്വത്തിലും ഒരു വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിലും പള്ളി സിമിത്തേരിയിൽ നടത്തപ്പെട്ടു.

**ചിലവന്നൂർ:** സ്ഥലം കുരിക്കൽ കുടുംബാംഗമായ ശ്രീ വക്കി അവർകൾ 68-ാമത്തെ വയസ്സിൽ ഒക്ടോ. 11-ാംനു കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരം വൈകിട്ടു 5 മണിക്കു പല വൈദികരുടേയും വലിയൊരു ജനക്കൂട്ടത്തിന്റേയും സഹകരണത്തിൽ കോന്തുരുത്തിപ്പള്ളി സിമിത്തേരിയിൽ യഥാവിധി നടത്തപ്പെട്ടു. സത്യദീപം പത്രാധിപർ റവ. ഫാദർ ജോസഫ് വിതയത്തിൽ അവർകൾ ചരമപ്രഭാഷണം നിർവ്വഹിച്ചു.

R. I. P.

## ഇൻഡ്യാ വാർത്തകൾ

ആറാഴ്ചക്കാലത്തു ശരാശരി ഉല്പാദിപ്പിക്കുന്ന തുണിയിൽ കവിഞ്ഞു മില്ലുകൾ തുണി സ്റ്റോക്കുചെയ്തുകൂടായെന്നു ഗവൺമെൻറു ഇപ്പോൾ വ്യവസ്ഥപ്പെടുത്തിയിരിക്കുന്നു.

—വിശാലആന്ധ്രാസ്റ്റേററിന്റെ ഉൽഘാടനം നവമ്പർ 1-ാംനു പ്രധാനമന്ത്രി നിർവ്വഹിക്കുന്നതാണു്. ഒക്ടോബർ 31-ാംനു തന്നെ നെഹ്റു ഹൈദ്രബാദിലെത്തും.

—പൗരസ്ത്യദേശപര്യടനത്തിലേർപ്പെട്ടിരുന്ന വൈസ്പ്രസിഡണ്ടു് ഡോക്ടർ രാധാകൃഷ്ണൻ, ബാക്കി പരിപാടി റദ്ദു ചെയ്തു മദ്രാസിൽ തിരിച്ചെത്തിയിരിക്കുന്നു. അദ്ദേഹത്തിന്റെ ഭാര്യയുടെ അനാരോഗ്യമാണു കാരണം.

—അടുത്ത പൊതുതിരഞ്ഞെടുപ്പിൽ കോൺഗ്രസ്പാർട്ടിയിൽനിന്നും 500 വനിതകളെ സ്ഥാനാർത്ഥിനികളായി നിർത്തുന്നതിനു തീരുമാനിച്ചിരിക്കുന്നു.

—ഒറീസാ മുഖ്യമന്ത്രി ശ്രീനാബാകൃഷ്ണചൗധരി തൽസ്ഥാനം രാജിവച്ചിരിക്കുന്നു. ഇപ്പോഴത്തെ ബോംബെഗവർണ്ണർ ശ്രീ ഹരേകൃഷ്ണമേത്താബ് ഒക്ടോ: 19-ാംനു ഒറീസാമുഖ്യമന്ത്രിയായി ചാർജെടുക്കുന്നതാണു്. ബോംബെ ഹൈക്കോടതി ചീഫ് ജസ്റ്റിസിനെ ബോംബെ ആക്ടിംഗ്ഗവർണ്ണരായി നിയമിച്ചിരിക്കുന്നു.

—100 ടൺ മുളയിൽനിന്നു 70 ടൺ വരെ വില കുറഞ്ഞ കടലാസു നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി ഡെറാഡൂണിലെ വനവിഭവഗവേഷണശാല ആസൂത്രണം ചെയ്തിരിക്കുന്നു.

—നവമ്പർ 3-ാംനു മുതൽ ഇന്ത്യയൊട്ടുക്കു ഒരു സഹകരണവാരം കൊണ്ടാടുന്നതാണു്.

—ഇന്ത്യയിൽ സ്പോർട്ട്സ് പ്രവർത്തനങ്ങളുടെ വികസനത്തിനായി മൊത്തം 15,53,307 ക. അഖിലേന്ത്യാ സ്പോർട്ട്സ്കൗൺസിൽ അനുവദിച്ചിരിക്കുന്നു.

—ലണ്ടനിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ മിസ്സസ് വിജയലക്ഷ്മി പണ്ഡിററു് അവധിയിൽ ഇന്ത്യയിൽ തിരിച്ചെത്തിയിരിക്കുന്നു.

—ഈ മാസത്തിൽ പശ്ചിമബംഗാളിലുണ്ടായ അതിവർഷത്തിന്റെ ഫലമായി 9000 വീടുകൾ നശിച്ചുപോയിരിക്കുന്നു.

—ഈ സാമ്പത്തികവർഷത്തിൽ ഇൻഡ്യയിൽനിന്നും 13,126 ടൺ കുരുമുളകു് വിദേശങ്ങളിലേക്കു കയററി അയച്ചിട്ടുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. 1950 51-ൽ ഈ തുക 15,631 ടൺ ആയിരുന്നു.

—പ്രൈമറിസ്കൂൾ അദ്ധ്യാപകരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിലേക്കു സ്റ്റേററുഗവർമെൻറുകളെ സഹായിക്കുവാൻ ഇന്ത്യാഗവർമ്മെൻറു മൂന്നുകോടിരൂപാ അനുവദിച്ചിരിക്കുന്നു.

## തിരുക്കൊച്ചിവാർത്തകൾ

തിരുക്കൊച്ചിയിൽനിന്നു് സംസ്ഥാനപുനസ്സംഘടനയോടുകൂടി, മദ്രാസ്സർവ്വീസിലേക്കയക്കേണ്ട ഉദ്യോഗസ്ഥന്മാരുടെ ലിസ്റ്റു് അവസാനമായി തയാറാക്കി മദ്രാസിലേക്കയച്ചിരിക്കുന്നു. ഇനി ഇതിൽ മാററംവരുത്തുന്നതല്ല.

—കുട്ടനാടുതാലൂക്കും, ചെങ്ങന്നൂർ താലൂക്കും പുതുതായി രൂപവത്കരിച്ചുകൊണ്ടു് ഗവർമെൻറു് ഉത്തരവു പുറപ്പെടുവിച്ചിരിക്കുന്നു.

—തിരുക്കൊച്ചിയിലെആദ്യത്തെ തുറന്ന ജയിൽ ഈ വർഷം മുളക്കുന്നത്തുകാവു സാനിട്ടോറിയത്തിനു സമീപം സ്ഥാപിക്കുന്നതാണു്. മതിലുകളില്ലാത്ത ഈ ജയിലിൽ 50 തടവുകാരെ പാർപ്പിക്കുന്നതാണു്.

—പമ്പാജലവൈദ്യുതപദ്ധതിയുടെ ഒന്നാംഘട്ടത്തിലെ ജോലി ഇക്കൊല്ലംതന്നെ ആരംഭിക്കുന്നതിനു പ്ലാനിങ്ങ്കമ്മീഷൻ അനുവദിച്ചിരിക്കുന്നു.

—നാഷനൽകോൺഗ്രസിനെ ശക്തിപ്പെടുത്തുവാൻ ആഹ്വാനം ചെയ്തുകൊണ്ടു് കെ. പി. സി. സി. പ്രസിഡൻറു് മാധവമേനോൻ ഒരു പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു.

—ഇന്ത്യൻ പ്രസിഡണ്ടു് ഡോക്ടർ രാജേന്ദ്രപ്രസാദു് ഒക്ടോബർ 31-ാംനു ഇവിടെയെത്തി കന്യാകുമാരിയിലെ ഗാന്ധിസ്മാരകം ഉൽഘാടനം ചെയ്യുന്നതാണു്.

—നെയ്യാർ ജലസേചനപദ്ധതിയുടെ നിർമ്മാണത്തിൽ അനുഭവപ്പെട്ടിരിക്കുന്ന കുററങ്ങളെപ്പററി അന്വേഷിച്ചു റിപ്പോർട്ടുചെയ്യുവാൻ ഗവർമെൻറു് ഒരു സബ്കമ്മിററിയെ നിയമിച്ചിരിക്കുന്നു.

—ദക്ഷിണേന്ത്യയിലെ വിദ്യാഭ്യാസഡയറക്ടർമാരുടെ കോൺഫറൻസിൽ സംബന്ധിക്കുന്നതിനായി തിരുക്കൊച്ചി വിദ്യാഭ്യാസഡയറക്ടർ വിശാഖപട്ടണത്തിലേക്കു പോയിരിക്കുന്നു. 19-ാംനു തിരിച്ചെത്തുന്നതാണു്.

—സ്റ്റേററിലെ ടൂറിസ്റ്റുവികസനാർത്ഥം രണ്ടാംപദ്ധതിക്കാലത്തേക്കു 20 ലക്ഷം ക. ചെലവുവരുന്ന ഒരു പദ്ധതി ഗവർമെൻറു് അംഗീകരിച്ചിരിക്കുന്നു.

—കഴിഞ്ഞ ആഴ്ചകളിലെ അതിവൃഷ്ടിമൂലം കുട്ടനാട്ടിലെ 5000 ഏക്കർ നെൽകൃഷിസ്ഥലങ്ങൾ മടവീണു വെള്ളത്തിനടിയിലായി ഏതാണ്ടു 3 ലക്ഷം രൂപയുടെ നഷ്ടമുണ്ടായിരിക്കുന്നു.

—കഴിഞ്ഞമാസത്തിൽ 17,500 ടൺ ബർമ്മാ അരി കൊച്ചി തുറമുഖത്തു ഇറക്കുമതി ചെയ്യുകയുണ്ടായി.

—കേരളസംസ്ഥാനം, ഇൻഡ്യൻ പ്രസിഡൻറു ഡോക്ടർ രാജേന്ദ്രപ്രസാദ് നവംബർ 1-ാംതീയതി തിരുവനന്തപുരത്തുവെച്ചു് ഉൽഘാടനം ചെയ്യുന്നതാണു്.

—അടച്ചിട്ടിരിക്കുന്ന കൊല്ലത്തെ കശുവണ്ടിഫാക്ടറികൾ ഒരു മാസത്തിനകം അവയുടെ ഉടമസ്ഥർ തുറന്നു പ്രവർത്തനം ആരംഭിക്കാത്തപക്ഷം, അവ സഹകരണാടിസ്ഥാനത്തിൽ നടത്തുവാൻ കേന്ദ്രഗവർമെൻറു തീരുമാനിച്ചിരിക്കുന്നു.

—ശ്രീ സി. കെ. കേരളവർമ്മയുടെ കീഴിലുള്ള ഡിപ്പാർട്ടുമെൻറൽ എൻക്വയറിവകുപ്പു നിർത്തലാക്കാൻ ഗവർമെൻറു തീരുമാനിച്ചിരിക്കുന്നു.

—വിജയവാഡായിൽനിന്നും ഒരു ടി. എസ്. ആചാര്യ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള "യേശുക്രിസ്തു ഒരു മദ്യപാനി" എന്ന ലഘുലേഖ തിരുക്കൊച്ചിയിൽ നിരോധിക്കുകയും അതിന്റെ പ്രതികൾ കണ്ടുകെട്ടുന്നതിനു് ഉത്തരവാകുകയും ചെയ്തിരിക്കുന്നു.

—ചങ്ങനാശേരിയിൽ വൻപിച്ചതോതിൽ ഒരു തൊഴിൽകേന്ദ്രം സ്ഥാപിക്കുന്നതിനു ഗവർമെൻറു തീരുമാനിച്ചിരിക്കുന്നു.

—കേരളഗവർണ്ണരുടെ ഉപയോഗത്തിനു ഒരു സ്പെഷ്യൽറെയിൽവേ സലൂൺ വാങ്ങുവാൻ ഗവമ്മെൻറു ഉത്തരവായിരിക്കുന്നു.

—o—



(4-ാംപേജ് തുടർച്ച)

ത്തുതകത്താവിനു ജറുസലേമിൽ പരസ്യമായി പ്രസംഗിക്കുവാൻ സാധിക്കുമോയെന്നു സംശയമുണ്ട്. പുരോഹിതന്മാർ അദ്ദേഹത്തിനെതിരായി ഗൂഢാലോചനകൾ നടത്തിവരികയാണ്. കുററവിസ്താരത്തിന്നയാളെ ഹാജരാക്കിയേക്കും."

ക്ലാവുദിയായുടെ മുഖം വിളറി. ഉത്താപാത്തയായി അവർ ഭത്താവിനെ നോക്കി, അദ്ദേഹത്തോടിങ്ങനെ പറഞ്ഞു; "അവരുടെ ദൈവത്തിൻെറ പൂണ്ണശക്തിയും അദ്ദേഹത്തിലുണ്ടെന്നാണ് മറിയയുടെ അഭിപ്രായം. അദ്ദേഹത്തെ ആരെങ്കിലും തൊട്ടുപോയാൽ..."

"അങ്ങനെയെങ്കിൽ അദ്ദേഹം എന്തിനു വിരോധികളെ ഭയപ്പെടുന്നു?" പീലാത്തോസ് പുച്ഛരസത്തിൽ ചോദിച്ചു.

"പൊന്നെ, പീലാത്തോസ്, അങ്ങ് അദ്ദേഹത്തെ രക്ഷിക്കണം" ക്ലാവുദിയാ സാദരം അഭ്യത്ഥിച്ചു. ശ്രദ്ധാവിഹീനം പീലാത്തോസ് മറുപടി നൽകി, "ഇല്ലാ. ഞാൻ അതിനുത്സാഹിക്കുകയില്ലാ. ഈ യഹൂദന്മാരുടെ മതപരമായ തക്കങ്ങളിൽ ഭാഗഭാക്കാകുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ലാ. എങ്കിലും, നിങ്ങളൊക്കെ, ഭവതിയും, എൻെറ സ്നേഹിതൻ ജോസഫും ഈ മനുഷ്യൻെറ മന്ത്രത്തിന്നധീനരായെന്നു കാണുമ്പോൾ ഉന്നതാചാര്യനോടൊപ്പം എനിക്കും തോന്നുന്നു ഇയാൾ ഒരു കണ്ടകമായി തീന്നിരിക്കയാണെന്നു്."

സംഭാഷണത്തിൽ ദത്തശ്രദ്ധനായിരുന്ന പീലാത്തോസ് താൻ അനുവാദാംഗ്യം കാണിക്കാതെ വിനോദപ്രകടനങ്ങൾ ആരംഭിക്കുകയില്ലെന്നുള്ള വസ്തുത ഓമ്മിച്ചില്ലാ. സന്ദശകർ സ്വസ്ഥാനങ്ങളിൽ അക്ഷമരായി തിരിഞ്ഞും മറിഞ്ഞും കഴിഞ്ഞു. തൻെറ ഔദാസീന്യം മനസ്സിലാക്കിയയുടൻ സന്തോഷപ്രദമല്ലാതിരുന്ന ആ സംഭാഷണത്തിനു പീലാത്തോസ് വിരാമമിട്ടു. അനന്തരം കൈ ഉയത്തി ഖേലനം ആരംഭിക്കുവാൻ അനുവാദം നൽകി.

മഞ്ഞനിറത്തിലുള്ള മണൽ വിരിച്ച രംഗത്തു രണ്ടു് സംഘം അസിയോദ്ധാക്കൾ ആറിന്നഭിമുഖമായി ആറു് എന്ന മുറയ്ക്കു് പ്രത്യക്ഷപ്പെട്ടു് വെട്ടും തടയലും തുടങ്ങി. ആരംഭത്തിൽ ആസ്ഥാരഹിതമായി ഒഴുക്കൻമട്ടിൽ ആയുധപ്രയോഗം നടന്നതു് കാണികൾക്കു് ആനന്ദപ്രദമായില്ലാ. അവർ കൂകിയും അട്ടഹസിച്ചും യോദ്ധാക്കൾക്കു് ചുണകൊടുത്തു. അവർ വീയ്യം കൂട്ടി വാളെടുക്കുകയും അങ്ങുമിങ്ങും മുറിവുണ്ടാക്കുകയും മഞ്ഞച്ച മണലിൽ രുധീരം ഇററിററു വീഴുകയും ചെയ്തു. ചെറിയ വട്ടപ്പരിചകൾ യോദ്ധാക്കൾക്കെല്ലാവക്കും പ്രതിരോധോപകരണങ്ങളായുണ്ടായിരുന്നു. എങ്കിലും ആഞ്ഞടുത്ത മൂച്ചയേറിയ വാളുകൾ പലപ്പോഴും മാംസത്തിലും അസ്ഥിയിങ്കലും എത്തുകതന്നെ ചെയ്തു. വിനാവിളംബം നഗ്നശരീരികളായിരുന്ന യോദ്ധാക്കളുടെ തോൾ, നെഞ്ചു്, തുട ഇത്യാദി വിവിധ സ്ഥാനങ്ങളിൽനിന്നു് രക്തം ധാരധാരയായി പ്രവഹിച്ചു തുടങ്ങി. യോദ്ധ്റു ഗണത്തിൽ രണ്ടുപേക്കു് കഠിനമായി മുറിവു് പററുകയാൽ അവർ നിലം പതിച്ചു് തറയിൽക്കൂടി ഉരുളുകയായി. സന്ദശകർ രക്തം കണ്ടപ്പോൾ വികാരാധീനരായി. എന്നാൽ പീലാത്തോസിനു് ആ പയററു് വേണ്ടവിധം ഉന്മേഷജനകമായില്ലാ. അയാൾ അതവസാനിപ്പിക്കാനാജ്ഞ നൽകി. അസിക്രീഡകർ രംഗത്തുനിന്നു പിന്മാറി. നിലം പതിച്ചവരെ വലിച്ചിഴച്ചു കൊണ്ടുപോയി.

"ഈ കൊള്ളരുതാത്ത കഴുതകളെ ചാട്ടകൊണ്ടടിച്ചു് പണിപ്പുരകളിലാക്കണം. റോമയിലാണെങ്കിൽ ജനങ്ങളിവരെ ചിമുട്ടകൊണ്ടെറിയും. ഇവിടെ സമ്മേളിച്ചിരിക്കുന്ന ഇവററകൾ രക്തം കണ്ടപ്പോൾ ആഹ്ളാദിച്ചു വശായി. മല്ലപ്പോരിൽ ഏപ്പെട്ടുന്നവർ അവരുടെ ജോലിയിൽ സമർത്ഥരാണോയെന്നുള്ളതിനെപ്പററി ചിന്തയില്ലാ."

അടുത്ത പിട്ടുത്തം രണ്ടു ഭടന്മാർ തമ്മിലായിരുന്നു. അവരിരുവരും ഒരു മേലുദ്യോഗസ്ഥനെ തല്ലിയതുമൂലം വധശിക്ഷയ്ക്കു് വിധിക്കപ്പെട്ടവരായിരുന്നു. ഒരുവനു് വാളും പരിചയും അപരനു് വലയും മുപ്പല്ലിയുമായിരുന്നു ആയുധങ്ങൾ. ഇരുവരും സ്ഥൂലകായരും ബലിഷ്ഠരും ശ്മശ്രുധാരികളും ആപ്തമിത്രങ്ങളുമായിരുന്നു. ഇപ്പോൾ എതിരിടുന്നതു് ആയുസ്സിനു വേണ്ടിമാത്രം. വധശിക്ഷ റദ്ദാക്കി വലിക്കപ്പലിലെ പണിക്കയക്കപ്പെടുമെന്നുള്ളതാണു് ജേതാവിനു ലഭിക്കാവുന്ന സമ്മാനം.

പ്യാരി (REGD)
ഔഷധസോപ്പ്
ചമ്മരോഗങ്ങളെ മാററി ത്വക്ക് സൌന്ദര്യത്തെ വദ്ധിപ്പിക്കുന്നു
PYARY PRODUCTS REGD T.C.S

ചാട്ടയുടെ ഊക്കേറിയ അടികൾ ഇരുവരേയും മുമ്പോട്ടു തള്ളിവിട്ടു. സമരം ത്വരിതം ആരംഭിച്ചു. വേദനമൂലം ഭ്രാന്തുപിടിച്ചമട്ടിൽ ആയോധനത്തിൻെറ ഉഗ്രത ഇരുവരും അനുനിമിഷം വർദ്ധിപ്പിച്ചു. ചിരപരിശീലനം ലഭിച്ചിട്ടുണ്ടായിരുന്ന അസിക്രീഡകരുടെ ശാന്തവും സമുദ്ധതവുമായ ആയോധനത്തെക്കാൾ ഇപ്പോഴത്തെ ദ്വന്ദയുദ്ധമാണു് പീലാത്തോസിനു് കൂടുതൽ രസകരമായി തോന്നിയതു്. ഇരുവരും ഏതാണ്ടൊരേ വിധത്തിലുള്ള വൈദഗ്ദ്ധ്യം പ്രകടിപ്പിച്ചു. ഖഡ്ഗധാരി വലയിൽനിന്നു് ഒഴിഞ്ഞുമാറി, വലക്കാരൻ എതിരാളിയുടെ വെട്ടിൽനിന്നു രക്ഷപെട്ടു. ഈ അവസ്ഥയിൽ വിജയം ദൈവഗത്യാ ഒരുവനു സംഭവിച്ചു. വലക്കാരൻ ഒരു രക്തക്കെട്ടിൽ ചവിട്ടി കാലുതെററി മറിഞ്ഞുവീണു. ഈ നിസ്സഹായാവസ്ഥയിൽ പ്രതിയോഗിയുടെ മൂർച്ചയേറിയ വാൾമുന അവൻെറ കഴുത്തുപിളന്നകത്തുകയറി; അവൻ തറയിൽക്കിടന്നു പിടച്ചു. വിജേതാവു് പ്രൊക്കുറയിററരുടെ ആസ്ഥാനത്തേക്കു നോക്കി. അദ്ദേഹത്തിൻെറ അംഗുഷ്ഠം അധോഗതമായി കണ്ടതിനാൽ വീണ്ടും ഖഡ്ഗാഗ്രം പൂവ്വമിത്രത്തിൻെറ വക്ഷസ്സിൽ തറച്ചു അയാളെ ശവമാക്കി മണപ്പുറത്തു കിടത്തി. സന്ദശകസംഘത്തിനു് പരിപൂണ്ണസംതൃപ്തിയുണ്ടായില്ല. ദ്വന്ദ്വയുദ്ധം അത്ര പെട്ടെന്നവസാനിച്ചതിനാൽ വിജയം ന്യായപൂവ്വം വരിച്ചതല്ലെന്നു കാണികളിൽ ചിലർ അഭിപ്രായപ്പെട്ടു. വലിക്കപ്പലിലെ പണിയായ സമ്മാനത്തിനു് വിജേതാവർഹനല്ലെന്നും വിധിച്ചു. വിജേതാവിനെ രംഗത്തുനിന്നു് പുറത്തുകൊണ്ടുപോയപ്പോൾ ജനങ്ങളുടെ പരിഹാസസ്വരത്തിലുള്ള ചൂളംവിളി അയാളെ അനുഗമിച്ചു. അവജ്ഞാപൂവ്വം പീലാത്തോസ് ഇതിനിടയിൽ മന്ദഹസിച്ചുകൊണ്ടിരുന്നു.

"ഇനി അവക്കു കാണേണ്ടതു് ജേതാവിൻെറ മരണമാണു്. അതും അവരുടെ ആഹ്ളാദം ദീർഘിപ്പിക്കുന്നതിലേക്കു മെല്ലെ വേണംതാനും" അദ്ദേഹം ക്ലാവുദിയായോടു സംസാരിച്ചു. പക്ഷെ ഭടനെ ശവമാക്കിയ കാഴ്ച ഒഴിക്കുവാനായി ആ ഘോരകൃത്യംമുതൽ ആ സ്ത്രീ മുഖംപൊത്തി തലയും താഴ്ത്തി ഇരിക്കുകയായിരുന്നു. ക്ലാവുദിയാ താണസ്വരത്തിൽ സംസാരിച്ചു: "എനിക്കിതൊന്നും മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. ഈ ദ്രശകഠോരസംഭവങ്ങളിൽ ആക്കെങ്കിലും ആഹ്ളാദിക്കുവാൻ കഴിയുമോ? മാത്രമല്ലാ, ഈവക കുത്സിതങ്ങൾവഴി ജനങ്ങളെ ആനന്ദിപ്പിക്കുവാൻ ആരു തുനിയും? ഇതെല്ലാം കിരാതത്വത്തിൻെറ അതൃച്ഛചിഹ്നങ്ങളാണു്."

"എൻെറ പൊന്നു ക്ലാവുദിയാ, അങ്ങനെയൊന്നുമല്ലാ. ഈ പ്രകടനങ്ങൾക്കു വലിയ അത്ഥമുണ്ടു്. അനുദിനം വഞ്ചിതനും മദ്ദിതനുമായി ജീവിതം പേരേണ്ടിവരുന്ന സാധാരണക്കാരനു്, തന്നെക്കാളധികം അന്യന്മാർ പീഡിതരാകുന്നതു കാണുവാനവകാശമുണ്ടു്. കൂടാതേയും അന്യന്മാർ മരിക്കുന്ന കാഴ്ച താൻ ജീവിക്കുന്നുവെന്നുള്ളതിലേക്കു് ഓരോരുത്തനും ഒരൊന്നാംതരം തെളിവാണു്. എൻെറ അംഗുഷ്ഠം താഴ്ത്തി ഒരുവനെ കൊലയ്ക്കുവിധിക്കുന്ന അവസരത്തിലെന്നപോലെ മറെറാരിക്കലും എൻെറ ജീവനെസംബന്ധിച്ച പ്രബലബോധം എനിക്കുണ്ടാകാറില്ലെന്നുള്ളതും മനസ്സിലാക്കണം" പീലാത്തോസ് വിശദീകരിച്ചു.

"ഞാൻ ജീവിക്കുന്നുവെന്ന ബോധം എനിക്കുണ്ടാവാൻവേണ്ടി അന്യന്മാർ മരിക്കേണമെന്നു വന്നാൽ ജീവിക്കുവാൻതന്നെ ഞാൻ ഇഷ്ടപ്പെടുകയില്ല." ഇതായിരുന്നു ക്ലാവുദിയായുടെ മറുപടി. ഭത്താവിൻെറ പരിഹാസാവലോകനം തൻെറ മുഖത്തു തട്ടിയതായി അവക്കു തോന്നി.

"ക്ലാവുദിയാ, ഈവക സംസാരം റോമായിൽ ജനിച്ച ഒരു സ്ത്രീക്കു് യോജിച്ചതല്ല. ഇതു മറിയായുടേയും നസ്രായൻെറയും വശംകൊണ്ടുണ്ടായതാണെന്നു കരുതണം."

രംഗഭൂമിയുടെ മദ്ധ്യത്തിൽ ഒരു തൂണടിച്ചിറക്കിക്കഴിഞ്ഞു. അനന്തരം മുതുകത്തു ചില വെച്ചുകെട്ടുകളും കുറെയൊക്കെ ഉണങ്ങിക്കരിഞ്ഞ മുറിവുകളുമുള്ള ഒരാൾ രംഗത്തേക്കു നീതനായി. ക്ഷീണംകൊണ്ടു് കാലിൽ നിൽക്കുവാൻ കഴിയാതിരുന്ന ആ സാധുവിനെ രക്ഷിഭടന്മാർ തൂണിനോടുചേത്തു് മുറുകെ ഇരിമ്പുചങ്ങലകൊണ്ടു് ബന്ധിച്ചില്ലായിരുന്നുവെങ്കിൽ അയാൾ നിലംപതിക്കുകതന്നെ ചെയ്യുമായിരുന്നു. അയാൾ ചാവിൻെറ കോലം, ദൈന്യത്തിൻെറ ചിത്രം മാത്രമായിരുന്നു.

(തുടരും)

വിമശനപംക്തി

# മാർപ്പാപ്പായുടെ അപ്രമാദിത്വം

"വിശ്വാസപ്രമാണത്തിൽ ഏററു പറയുന്ന ഏകസഭ ലോകത്തിൽ ഇന്നു ഒരു യാഥാത്ഥ്യമായി തീരുന്നതിനു്" ചർച്ചു വീക്കിലി കാണുന്ന ഒരു പ്രതിബന്ധം, "റോമാസഭ കൂട്ടിച്ചേത്തിട്ടുള്ള പുതിയവിശ്വാസപ്രഖ്യാപനമായ", "1870-ൽ പ്രഖ്യാപിക്കപ്പെട്ട മാപ്പാപ്പായുടെഅപ്രമാദിത്വമാണു്."1870-ൽപ്രഖ്യാപിക്കപ്പെട്ട ഈ"പുതിയ വിശ്വാസസത്യ"മില്ലായിരുന്നുവെങ്കിൽ റോമാസഭയുമായി യോജിക്കാമായിരുന്നു എന്നൊരു പ്രതീതിയാണു് ആ വാചകം വായിക്കുമ്പോഴുണ്ടാകുക. ചർച്ചുവീക്കിലിയുടെ ഈ പ്രസ്താവം വായിച്ചപ്പോൾ ക്രിസ്തുവിൻെറ ജീവിതകാലത്തുണ്ടായ ഒരു അനുഭവം ഓമ്മവരുന്നു.

ക്രിസ്തുവിൻെറ പരസ്യജീവിതകാലത്തു പലരും അവിടുത്തെ ശിഷ്യന്മാരായിക്കൂടി. അവിടുന്നു അഞ്ചപ്പംകൊണ്ടു് അയ്യായിരം പേരെയും, ഏഴപ്പംകൊണ്ടു് നാലായിരംപേരെയും തീററിപ്പോററിയപ്പോൾ അവർ സന്തോഷിച്ചു. അവിടുത്തെ പിടിച്ചു രാജാവാക്കിക്കളയാമെന്നുതന്നെ വിചാരിച്ചു. പിറേറ ദിവസം അവിടുന്നു കടലിൻെറ മീതെ നടക്കുന്നതു കണ്ടപ്പോൾ അവർ അഭിമാനിച്ചു. പക്ഷെ അന്നുതന്നെ "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു നിങ്ങൾ മനുഷ്യപുത്രൻെറ ശരീരം ഭക്ഷിക്കുകയും, അവൻെറ രക്തം പാനം ചെയ്യുകയും ചെയ്യാതിരുന്നാൽ നിങ്ങൾക്കു നിങ്ങളിൽ തന്നെ ജീവനില്ല" എന്നു് അവിടുന്നു പറഞ്ഞപ്പോൾ മട്ടൊന്നുമാറി. ഈ പുതിയ പ്രഖ്യാപനം "കഠിനമാകുന്നു; ഇതു കേൾക്കുവാൻ ആക്കു കഴിയും" എന്നു ശിഷ്യന്മാരിൽ പലരും പിറുപിറുത്തു. മാത്രമല്ല "ഈ വചനം നിമിത്തം അവിടുത്തെ ശിഷ്യന്മാരിൽ പലരും പിന്മാറി പൊയ്ക്കളഞ്ഞു." ഈ പുതിയ പ്രഖ്യാപനം പിൻവലിച്ചല്ലാതെ കൂട്ടായ്മ സാദ്ധ്യമല്ലെന്നു പറഞ്ഞു "അവർ പിന്നെ അവിടുത്തോടുകൂടി നടന്നിരുന്നില്ല." (യോഹ. VI)

ക്രിസ്തുവിൻെറ ഈ "പുതിയ" പ്രഖ്യാപനം യഥാത്ഥത്തിൽ പുതിയതല്ലെന്നും, അതു ക്രിസ്തുവിനോളം തന്നെ പഴക്കമുള്ളതാണെന്നും, പിന്മാറി പൊയ്ക്കളഞ്ഞ ആ ശിഷ്യന്മാക്കു മനസ്സിലാക്കുവാൻ തരപ്പെട്ടില്ല. എന്നാൽ പത്രോസ് അതു മനസ്സിലാക്കി; നീ ജീവനുള്ള ദൈവത്തിൻെറ പുത്രനായ മിശിഹാ ആകുന്നു" എന്നു് ഏററു പറയുകയും, വേർപെട്ടുപോയവരുടെ കൂട്ടായ്മ നഷ്ടപ്പെട്ടെങ്കിലും ക്രിസ്തുവിനോടുകൂടിത്തന്നെ തുടന്നു സഞ്ചരിക്കുകയും ചെയ്തു. "പുതിയ" പ്രഖ്യാപനങ്ങൾ കേട്ടു "കൂട്ടായ്മ" വേണ്ടെന്നു വയ്ക്കുന്നവർ അന്നത്തെപ്പോലെ ഇന്നും ഉണ്ടെന്നാണു് ചർച്ചു് വീക്കിലി ലേഖനം തെളിയിക്കുന്നതു്.

മാപ്പാപ്പായുടെ അപ്രമാദിത്വം സംബന്ധിച്ചു 1870-ൽ ഉണ്ടായ "പ്രഖ്യാപനം" പുതിയതാണെങ്കിലും ആ പ്രഖ്യാപനത്തിൻെറ ഉള്ളടക്കം പഴയതാണെന്നുള്ളതാണു് അതിൻെറ ഒരു പ്രത്യേകത. വത്തിക്കാൻ സൂനഹദോസിൻെറ അപ്രമാദിത്വനിർവചനത്തിൽ ഈ സംഗതി പ്രകടമായി പറഞ്ഞിട്ടുണ്ടു്. ക്രിസ്തീയസഭയുടെ ആരംഭഘട്ടം മുതൽ അംഗീകരിച്ചുപോരുന്ന ഒരു പാരമ്പയ്യത്തെ നിർവചിക്കുകമാത്രമാണു തങ്ങൾ ചെയ്യുന്നതെന്നു സൂനഹദോസിൽ സംബന്ധിച്ചിരുന്ന പിതാക്കന്മാക്കു വ്യക്തമായി അറിയാമായിരുന്നു. വത്തിക്കാൻ സൂനഹദോസിൻെറ നിർവചനം ഇങ്ങനെയാണു്:-

"Faithfully adhering, therefore, to the tradition inherited from the beginning of the Christian Faith, we, with the approbation of the sacred council, for the glory of God our Saviour, for the exaltation of the Catholic religion, and the salvation of Christian peoples, teach and define, as a Divinely revealed dogma, that the Romanpontiff, when he speaks ex cathedra, that is, when he, in the exercise of his office as shepherd and teacher of all Christians, by virtue of his supreme Apostolic authority, decides that a doctrine concerning faith or morals is to be held by the entire Church, he possesses, in consequence of the Divine aid promised him in St. Peter, that infallibility with which the Divine Saviour wished to have His Church furnished for the definition of doctrine concerning faith or morals, and that such definitions of the Roman pontiff are of themselves, and not in consequence of the Church's consent irreformable."

1870-ൽ വത്തിക്കാൻ സൂനഹദോസു പ്രഖ്യാപിച്ചതുകൊണ്ടല്ലാ മാപ്പാപ്പായ്ക്കു അപ്രമാദിത്വമുണ്ടായിരിക്കുന്നതു്; പ്രത്യുത മാപ്പാപ്പായ്ക്കു് അപ്രമാദിത്വമുണ്ടായിരിക്കുന്നതുകൊണ്ടും, 19-ാംനൂററാണ്ടിൽ അതു പ്രഖ്യാപിക്കേണ്ടതു സഭയുടെ പുരോഗതിക്കു അത്യന്താപേക്ഷിതമായിരുന്നതുകൊണ്ടുമാണു് വത്തിക്കാൻ സൂനഹദോസ് അപ്രമാദിത്വസിദ്ധാന്തം പ്രഖ്യാപിച്ചതു്. ഈ വ്യത്യാസം മനസ്സിലാക്കുന്നവക്കു അപ്രമാദിത്വപ്രഖ്യാപനം സഭാഐക്യത്തിനു് ഒരു പ്രതിബന്ധമായി കാണപ്പെടുകയില്ല.

സത്യദൈവമായ ക്രിസ്തു സ്ഥാപിച്ച സഭ അപ്രമാദിത്വമുള്ളതാണോ? ദൈവസ്ഥാപിതമായ സഭ തെററിപ്പോകാം എന്നു വിശ്വസിക്കുന്നവക്കു അപ്രമാദിത്വം ഒരു പ്രതിബന്ധമായി തോന്നാം. എന്നാൽ നിഖ്യാവിശ്വാസപ്രമാണത്തിൽ വിശ്വസിക്കുന്ന ഒരു ക്രിസ്ത്യാനിക്കു ക്രിസ്തുവിൻെറ സഭ തെററിപ്പോകുമെന്നു വിശ്വസിക്കുക സാദ്ധ്യമല്ല. തെററിപ്പോകാത്ത ഒരു സഭയ്ക്കു തെററിപ്പോകാത്ത ഒരു പരമാധികാരി അത്യാവശ്യമത്രേ. അല്ലാത്തപക്ഷം തെററിപ്പോകാവുന്ന പരമാധികാരി പഠിപ്പിക്കുന്നവ സ്വീകരിച്ചു് സഭ തെററിപ്പോയെന്നുവരും. സഭയുടെ പരമാധികാരിയാണു് പത്രോസു്. "ശിമയോനെ ഇതാ, സാത്താൻ നിങ്ങളെ കോതമ്പുകൾ എന്നപോലെ കൊഴിക്കുവാൻ അന്വേഷിക്കുന്നു. ഞാനോ നിൻെറ വിശ്വാസം ക്ഷയിച്ചുപോകാതിരിക്കുവാൻ നിന്നെക്കുറിച്ചു പ്രാത്ഥിച്ചു. നീയും ഒരിക്കൽ നിൻെറ സഹോദരന്മാരെ വീണ്ടും ഉറപ്പിക്കുക"(ലൂക്കാ XXII, 31,32) എന്നു് ക്രിസ്തു പത്രോസിനു് ഉറപ്പും നൽകിയിട്ടുണ്ടു്.

ലോകാവസാനംവരെ സഭയോടുകൂടി ഉണ്ടായിരിക്കുമെന്നും നരകവാതിലുകൾ ഒരു നാളും അതി

## ചരമം

പുത്തമ്പള്ളി ചക്യത്തു് കൊച്ചാപ്പു ഭായ്യ മറിയം ഒക്ടോബർ 4-ാം തീയതി തൻെറ 69-ാമത്തെ വയസ്സിൽ കത്താവിൽ ഭാഗ്യമരണം പ്രാപിച്ചു.

R. I. P.

## ഒല്ലൂർ, മാലാഖയുടെ തിരുനാൾ

ഒല്ലൂർ ഫൊറോനാ പള്ളിയിൽ കൊല്ലംതോറും നടത്തിവരാറുള്ള, അത്ഭുതപ്രവത്തകനായ വി. റപ്പായേൽ മാലാഖയുടെ തിരുനാൾ ഈ ഒക്ടോബർമാസം 23, 24 (ചൊവ്വ, ബുധൻ) എന്നീ തീയതികളിലായിരിക്കുന്നതാണു്.

തീർത്ഥകർക്കു് പതിവുപോലെയുള്ള എല്ലാ സൗകയ്യങ്ങളുമുണ്ടായിരിക്കുന്നതാണു്.

എന്നു്

ഒല്ലൂർ ഫൊ. പള്ളിവികാരി

നെതിരായി പ്രബലപ്പെടുകയില്ലെന്നുംകൂടി അവിടുന്നു് ഉറപ്പു നൽകിയിരിക്കുന്നു. എന്നാൽ പത്രോസോ, പിൻഗാമികളോ, വിശ്വാസസത്യങ്ങൾ പഠിപ്പിക്കുമ്പോൾ തെററിൽ ഉൾപ്പെടുന്നപക്ഷം, സഭക്കെതിരായി നരകവാതിലുകൾ പ്രബലപ്പെടുകയായിരിക്കും ഫലം. സഹോദരന്മാരെ ഉറപ്പിക്കുന്നതിനു പത്രോസിനു സാധിക്കാതെ ക്രിസ്തുവിന്റെ പ്രാത്ഥന നിഷ്ഫലമായിത്തീരുകയായിരിക്കും ഫലം. അതു സംഭവ്യമല്ലല്ലോ.

869-ൽ കോൺസ്റ്റാൻറിനോപ്പിളിൽ കൂടിയ 4-ാം സൂനഹദോസു് പഠിപ്പിക്കുന്നു, "റോമയിലെ അപ്പസ്തോലികസിംഹാസനം കത്തോലിക്കാസഭയെ എന്നും കറകളിൽനിന്നു കാത്തുസൂക്ഷിച്ചു"വെന്നു്. 680-ൽ കോൺസ്റ്റാൻറിനോപ്പിളിൽ കൂടിയ 3-ാം സൂനഹദോസു്, അഗാത്തോ മാപ്പാപ്പായുടെ കത്തു വായിച്ചു് അംഗീകരിച്ചശേഷം പ്രഖ്യാപിക്കുന്നു: "പത്രോസിന്റെ അപ്പസ്തോലികസഭ ഒരിക്കൽപോലും സത്യമാർഗ്ഗത്തിൽനിന്നു വ്യതിചലിച്ചു്, ഏതെങ്കിലും തരത്തിലുള്ള പ്രമാദത്തിൽ പതിച്ചിട്ടില്ല." 451-ലെ കൽക്കദോന്യാ സൂനഹദോസിൽ ലിയോ മാപ്പാപ്പായുടെ കത്തുവായിച്ചപ്പോൾ "പത്രോസ് ലിയോവഴി സംസാരിച്ചിരിക്കുന്നു" എന്നാണു പിതാക്കന്മാർ ഏററുപറഞ്ഞതു്. 431-ലെ എഫേസൂസു സൂനഹദോസു്, "സമസ്തവിശ്വാസത്തിന്റെയും, അപ്പസ്തോലന്മാരുടെയും തലവനായ ഭാഗ്യപ്പെട്ട പത്രോസ്ശ്ലീഹാ"യുടെ പിൻഗാമിയായ സെലസ്റ്റീനോസ് മാപ്പാപ്പായെ "വിശ്വാസത്തിന്റെ സംരക്ഷകൻ" എന്നാണു സംബോധനചെയ്തിരിക്കുന്നതു്.

ആകയാൽ 1870-ൽ പ്രഖ്യാപിക്കപ്പെട്ടതു് ഒരു പുതിയ സിദ്ധാന്തമല്ലെന്നും, സഭയുടെ ആരംഭംമുതൽ സഭയിൽ നിലവിലിരുന്നതും, ക്രിസ്തുനാഥൻ വിശുദ്ധ പത്രോസിനു നൽകിയ വാഗ്ദാനത്തിൽ അടങ്ങിയിരിക്കുന്നതുമായ ഒന്നാണെന്നും വ്യക്തമാണു്. തന്മൂലം ആ പ്രഖ്യാപനം സഭൈക്യത്തിനു് ഒരു പ്രതിബന്ധമായിത്തീരുന്നില്ല. ചർച്ചുവീക്കിലി പറയുന്നതുപോലെ "ഈ പ്രഖ്യാപനം ഉണ്ടായ കാലത്തു് അനേകം റോമൻ കത്തോലിക്കപണ്ഡിതന്മാർ അതിനെ എതിർത്തിരുന്നുവെന്നുള്ളതു ചരിത്രസത്യ"മാണെന്നിരുന്നാൽപോലും ആ പ്രഖ്യാപനത്തിനു് അതു ബാധകമാകുന്നതല്ല. തന്റെ മാംസം ഭക്ഷിക്കുകയും രക്തം പാനംചെയ്യുകയും രക്ഷക്കു ആവശ്യമാണെന്ന ക്രിസ്തുവിന്റെ പ്രഖ്യാപനത്തെ അവിടുത്തെ പല ശിഷ്യന്മാരും എതിർത്തിരുന്നതുകൊണ്ടു് ആ പ്രഖ്യാപനത്തിനോ അവിടുത്തെ ദൈവത്വത്തിനോ യാതൊരു കോട്ടവും ഇല്ലാത്തതുപോലെ.

എന്നാൽ "പ്രഖ്യാപനം ഉണ്ടായകാലത്തു് അനേകം റോമൻകത്തോലിക്കപണ്ഡിതന്മാർ അതിനെ എതിർത്തിരുന്നു" എന്നു പറയുന്നതു ഒരു ചരിത്രസത്യമല്ല. വത്തിക്കാൻ സൂനഹദോസിൽ 698 വൈദികാദ്ധ്യക്ഷന്മാരാണു സന്നിഹിതരായിരുന്നതു്. അപ്രമാദിത്വത്തെ സംബന്ധിച്ച നക്കൽഡിക്രി വോട്ടിനിട്ടപ്പോൾ 88 പേർ പ്രതികൂലിച്ചുവെന്നതു ശരിതന്നെ. പക്ഷെ അവരുടെ എതിർപ്പു് ഡിക്രി അപ്പോൾ പാസാക്കണമോ കുറേക്കഴിഞ്ഞുമതിയോ എന്നതിലായിരുന്നു. ഭൂരിപക്ഷനിശ്ചയത്താൽ ആ സൂനഹദോസിൽതന്നെ ഡിക്രി പാസാക്കുവാൻ നിശ്ചയിച്ചശേഷം, ഡിക്രി അവസാനമായി വോട്ടിനിട്ടപ്പോൾ രണ്ടേരണ്ടുപേർ മാത്രമാണു എതിർത്തതു്.

എന്നാൽ വൈദികരിലും അൽമേനികളിലും ചിലർ ഇതിനെ എതിർക്കുകയുണ്ടായി. ജർമ്മനി, സ്വിററ്സർലൻഡ്, ആസ്ത്രിയാ മുതലായ രാജ്യങ്ങളിലെ ലിബറൽമനസ്ഥിതിക്കാരായ രാജ്യതന്ത്രജ്ഞന്മാരും ചില പ്രോട്ടസ്റ്റൻറുമെത്രാന്മാരും ഭരണാധികാരികളുമായിരുന്നു ഈ എതിർപ്പിനു പിന്നിലുണ്ടായിരുന്നതു്. അപ്രമാദിത്വത്തെക്കാൾ ജർമ്മനിയിലേയും മററും സഭാസ്വത്തുക്കളിലായിരുന്നു രാജ്യതന്ത്രജ്ഞന്മാർക്കും ഭരണാധികാരികൾക്കും നോട്ടം. തന്മൂലം ചില യൂറോപ്യൻരാജ്യങ്ങളിൽനിന്നു കുറേയധികം കത്തോലിക്കരെ "ഓൾഡ് കാത്തലിക്സ്" എന്ന പേരിൽ ശീശ്മയിലേക്കു കൊണ്ടുപോകുന്നതിനു സാധിച്ചു. സ്റേററിന്റെ മുക്തകണ്ഠമായ സഹായസഹകരണങ്ങളുണ്ടായിരുന്നിട്ടും ആ കൂട്ടർ ഇന്നു യൂറോപ്യൻഭൂഖണ്ഡത്തിൽ അവശേഷിക്കുന്നതായി അറിവില്ല. (തുടരും)

—o—

# മാനസാന്തരങ്ങൾ വർദ്ധിക്കണമെങ്കിൽ

[ജോസഫ് ഡി. വെട്ടിക്കാട്ട്]

സഭയുടെ പൂർവ്വകാലചരിത്രത്തിലേക്കു ഒന്നു കണ്ണോടിച്ചാൽ അന്നൊക്കെയും മാനസാന്തരങ്ങൾ ധാരാളമായി നടന്നിരുന്നതായി കാണുവാൻകഴിയും. ഇന്നു മിഷനറിമാരും മററു മാനസാന്തരപ്രവർത്തകരും മുമ്പിലത്തേക്കാൾ അധികമുണ്ടു്. എങ്കിലും അതിനനുസരണമായി മാനസാന്തരപ്രവർത്തനങ്ങൾ ഇന്നു ഫലപ്രദങ്ങളായി കാണുന്നില്ല. ഭാരതത്തിൽ ക്രിസ്ത്യാനികളുടെ ഇന്നത്തെ സംഖ്യയേയും, സുവിശേഷം ഇവിടെ പ്രസംഗിച്ചിട്ടു ഇരുപതു നൂററാണ്ടുകളായി എന്നുള്ള വസ്തുതയേയുംകുറിച്ചു ചിന്തിക്കുമ്പോൾ നാം അഭിമാനിക്കുന്ന പാരമ്പര്യത്തിനു വലിയ അത്ഥമില്ലെന്നു തോന്നിപ്പോകുന്നു. മററു രാജ്യങ്ങളിലെപ്പോലെ എന്തുകൊണ്ടു് ക്രിസ്തുമതം ഇവിടേയും പ്രചരിച്ചില്ല, ആരാണതിനുത്തരവാദികൾ എന്നൊക്കെ ചിന്തിച്ചുനോക്കുന്നവർ ചുരുക്കമായിരിക്കുന്നു.

എന്തുകൊണ്ടു് ഇന്നത്തെ വർദ്ധിച്ച മാനസാന്തരപ്രവർത്തനങ്ങൾക്കനുസൃതമായി മാനസാന്തരങ്ങൾ നടക്കുന്നില്ല എന്ന പ്രശ്നത്തിനു സമാധാനം കണ്ടുപിടിക്കണമെങ്കിൽ, ഓരോ കത്തോലിക്കനും അവനവന്റെ ജീവിതത്തെ തന്നെ ഒന്നു ചുഴിഞ്ഞു പരിശോധിക്കേണ്ടിയിരിക്കുന്നു. അങ്ങനെ പരിശോധിക്കുമ്പോൾ കാണാം, ഇന്നത്തെ വർദ്ധിച്ച മാനസാന്തരവേലകൾ വേണ്ടത്ര ഫലപ്രദമാകാത്തതിന്റെ യഥാത്ഥകാരണക്കാർ തങ്ങളോരോരുത്തരുമാണെന്നു്.

### മാതൃകാപരമായ ജീവിതത്തിന്റെ ആവശ്യകത

ഒരൽമേനിക്കു് വിവിധമാർഗ്ഗങ്ങളിലൂടെ വേദപ്രചാരണവേലകളെ സഹായിക്കുവാൻസാധിക്കും. അതിൽ പ്രാത്ഥനയും മാതൃകാപരമായ ജീവിതവുമാണു് മുന്നിട്ടുനില്ക്കുന്നതു്. ആദ്യകാലങ്ങളിൽ ദൈവം അത്ഭുതങ്ങൾമുഖേന വിശ്വാസപ്രചാരണത്തെ സഹായിച്ചിട്ടുണ്ടെങ്കിലും അന്നു് മാനസാന്തരകാര്യത്തിൽ കൂടുതൽ പ്രേരണ ചെലുത്തിയിരുന്നതു് പൂർവ്വക്രിസ്ത്യാനികളുടെ ജീവിതവിശുദ്ധിയായിരുന്നു. അവരുടെ സഹോദരസ്നേഹം, ഐകമത്യം, സൗമ്യത, ക്ഷമാശീലം, നീതിനിഷ്ഠ മുതലായവ കത്തോലിക്കാമതത്തെക്കുറിച്ചു് മററുള്ളവരുടെ ഇടയിൽ മതിപ്പുണ്ടാക്കുന്നതിനു പ്രേരകങ്ങളായിരുന്നു. എന്നാൽ ഇന്നത്തെ ഒരു വലിയ ന്യൂനത എന്താണു്? ഇന്നു് സന്മാതൃകകൂടാതെയുള്ള മതപ്രസംഗങ്ങളാണു നടക്കുന്നതു്. ഫലമോ?—നിസ്സാരം.

അനേകം പ്രസംഗങ്ങളെക്കാളും ഉപദേശങ്ങളെക്കാളും അന്യരെ സഭയിലേക്കു ആകർഷിക്കുന്നതിനു പര്യാപ്തമായിട്ടുള്ളതു് മാതൃകാപരമായ ഒരു ജീവിതമാണെന്നു് നിസ്സംശയം പറയാം. നമ്മുടെ ജീവിതം കത്തോലിക്കാമതത്തിന്റെ ആദർശങ്ങൾക്കനുസൃതമായിട്ടല്ലെങ്കിൽ എങ്ങനെ നാം മററുള്ളവരോടു അതിനെ ആശ്ലേഷിക്കണമെന്നു പറയും? പറഞ്ഞാൽതന്നെയും അതു കേവലം ഒരു വനരോദനംമാത്രമായിരിക്കയില്ലേ? അതുകൊണ്ടു് ആദ്യമായി സന്മാതൃക കാണിച്ചുകൊടുക്കുവാൻ നാം തന്നെ തയാറാവുക. അപ്പോൾ മററുള്ളവരും അതിനെ അനുകരിക്കാതിരിക്കയില്ല. എന്നാൽ ഈ മാതൃക എവിടെയാണു് ആരംഭിക്കേണ്ടതു്? ആദ്യമായി ഓരോ കുടുംബവും മാതൃകാകുടുംബങ്ങളാകുക. അവിടെ ഭാര്യാഭർത്താക്കന്മാർ തമ്മിൽ സ്നേഹവിശ്വാസങ്ങളോടെ ജീവിക്കുകയും, സന്താനങ്ങളെ ദൈവസ്നേഹത്തിൽ വളത്തുകയും ചെയ്യുക. അപ്പോൾ ആ ഭവനം സത്യവിശ്വാസത്തിന്റെ പ്രഭ ചുററിലും പരത്തുന്ന ഒരു മിഷൻഭവനമായിത്തീരും. അപ്പോൾ മററുള്ളവരും ആ ദിവ്യപ്രഭയുടെ സ്വാധീനശക്തിക്കു് അധീനരാകാതിരിക്കയില്ല. തുടന്നു നമ്മുടെ ജീവിതത്തിന്റെ എല്ലാ തുറകളിലും അതു പ്രായോഗികമാക്കുക. ഒരുത്തമകത്തോലിക്കൻ, കത്തോലിക്കാസഭയിലെ ഒരു സ്ഥിരം പ്രേഷിതനും നിശ്ശബ്ദപ്രസംഗകനുമാണു്.

### കത്തോലിക്കർ ഇതര മതസ്ഥരുടെ ദൃഷ്ടിയിൽ

ക്രിസ്തുവിനെയോ ക്രിസ്തുമതത്തെയോ സംബന്ധിച്ചു കുററം പറയുന്നവർ അധികം ഉണ്ടായിരിക്കുമെന്നു തോന്നുന്നില്ല. ഏററവും വ്യവസ്ഥാപിതമായ ഒരു മതം എന്നുള്ള നിലയ്ക്കു ക്രിസ്തുമതത്തിനു് ഇതരമതങ്ങളുടെ ഇടയിൽ അദ്വിതീയമായ ഒരു സ്ഥാനമാണുള്ളതു്. എന്നാൽ ക്രിസ്തുമതാനുയായികളുടെ ജീവിതവും, ക്രിസ്തുമതാദർശങ്ങളും തമ്മിൽ പൊരുത്തം കാണുന്നില്ലെന്നുള്ള ആരോപണമാണു സാധാരണ കേൾക്കാറുള്ളതു്. എന്താണു് ഇതിനു കാരണം? കത്തോലിക്കനെന്നു പറഞ്ഞാൽ എപ്പോഴും നല്ലതുമാത്രം പ്രവർത്തിക്കുന്നവൻ അല്ലെങ്കിൽ പ്രവർത്തിക്കേണ്ടവൻ എന്നാണു് നമ്മെക്കുറിച്ചു മററുള്ളവർ ധരിച്ചുവച്ചിരിക്കുന്നതു്. അതുകൊണ്ടു് കത്തോലിക്കർ ചെയ്യുന്ന നിസ്സാരമായ ഒരു തെററുപോലും മററുള്ളവരുടെ ദൃഷ്ടിയിൽ വലുതായി കാണപ്പെടും. ഈ ഒരു ചിന്ത നമുക്കില്ലാത്തതാണു് ഏററവും വലിയ ന്യൂനത. ഒരു തെററായ പ്രവൃത്തി ചെയ്യുന്ന ഒരു അക്രൈസ്തവനെക്കുറിച്ചു് ഒരുപക്ഷെ ആരും ഒന്നും പറഞ്ഞില്ലെന്നുവരാം. എന്നാൽ ഒരു കത്തോലിക്കൻ അതു ചെയ്താൽ അവൻ വലിയ തെററുകാരനായി പരിഗണിക്കപ്പെടുവാനെളുപ്പമുണ്ടു്. "അവൻ ഒരു കത്തോലിക്കനായിട്ടു ചെയ്യുന്നതു കണ്ടില്ലേ" എന്നായിരിക്കും മററുള്ളവർ അവനെക്കുറിച്ചു പറയുന്നതു്. ജീവിതത്തിന്റെ എല്ലാ തുറകളിലും കത്തോലിക്കർ ഇങ്ങനെതന്നെയാണു് അളക്കപ്പെടുന്നതെന്നുള്ള സംഗതി നാം പലപ്പോഴും വിസ്മരിച്ചുപോകുന്നു.

### കത്തോലിക്കരും പൊതുവിഹാരരംഗങ്ങളും

ഇന്നു് കത്തോലിക്കരും അവരുടെ മേലധികാരികളും പൊതുരംഗങ്ങളിൽ വളരെയധികം വിമർശിക്കപ്പെടുന്നുണ്ടു്. അതിനു പലപ്പോഴും പ്രധാനകാരണക്കാർ കത്തോലിക്കർ തന്നെയാണെന്നുള്ള വസ്തുത അധികമാരും മനസ്സിലാക്കുന്നില്ല. വൈദികരേയും സന്യാസിനികളേയും വിമർശിക്കുകയെന്നുള്ളതു് ഇന്നത്തെ യുവാക്കന്മാരുടെ ഒരു "ഫാഷനായി" തീർന്നിരിക്കുകയാണു്. ഗൃഹംവിട്ടു് പൊതുനിരത്തുകളിൽപോലുമിരുന്നു വിമർശനങ്ങൾ നടത്തുന്നതിനു് ഇന്നത്തെ കത്തോലിക്കാ യുവാക്കന്മാർക്കു യാതൊരു സങ്കോചവുമില്ല. ഇതരമതസ്ഥർപോലും ധാരാളമായി സന്നിഹിതരായിരിക്കുവാൻ എളുപ്പമുള്ള പൊതുനിരത്തുകളിലിരുന്നു് ഇത്തരം വിമർശനങ്ങൾ നടത്തുന്നതു് എത്ര ആത്മഹത്യാപരമാണെന്നു് അവർ ചിന്തിക്കുന്നില്ലായിരിക്കണം. സഭയുടെമേലും അതിന്റെ അധികാരസ്ഥാനത്തിന്മേലും അവഹേളനം നടത്തുവാൻ തക്കംപാത്തിരിക്കുന്ന ഒരു ജനതയുടെ മുമ്പിൽ നാംതന്നെ അവഹേളനവുമായി ഇറങ്ങിയാൽ അതിനെക്കാൾ കഷ്ടതരമായി എന്തുള്ളു? ഒരു ഭാഗത്തു് ഇങ്ങനെ വിമർശനങ്ങൾ നടക്കുമ്പോൾ മറെറാരു ഭാഗത്തു് മാനസാന്തരപ്രവർത്തനങ്ങളും നടക്കുന്നു. എന്തൊരു വിരോധാഭാസം!

ഇതുപോലെതന്നെ മദ്യശാലയിലും, കരിഞ്ചന്തരംഗത്തും, കലഹവീഥിയിലുമൊക്കെ ഒന്നെത്തിനോക്കുക, അവിടെയൊക്കെ നമുക്കു കത്തോലിക്കരെ കാണുവാൻ കഴിയും. മദ്യപാനത്തിനും കരിഞ്ചന്തക്കുമെതിരായി സ്വരമുയത്തുന്ന സഭയിലുൾപ്പെട്ട ഒരു കത്തോലിക്കൻ—നിന്റെ വലത്തെ ചെകിടിനടിച്ചാൽ ഇടത്തെ ചെകിടുകൂടി അവക്കു കാണിച്ചുകൊടുക്കുക എന്നുപദേശിക്കുന്ന സഭയിലുൾപ്പെട്ട ഒരു കത്തോലിക്കൻ—വാശിയേറിയ വഴക്കിനും മ്ളേച്ഛമായ കരിഞ്ചന്തവ്യാപാരത്തിനുമൊക്കെ പുറപ്പെട്ടാൽ അതെത്ര പരിതാപകരം!

### നമുക്കുണരാം

ഇങ്ങനെ നോക്കുമ്പോൾ ഇന്നത്തെ നമ്മുടെ വർദ്ധിച്ച മാനസാന്തരപ്രവർത്തനങ്ങൾ ഫലപ്രദമായിത്തീരണമെങ്കിൽ നമ്മൾതന്നെ ആദ്യമായി ഒന്നു മാനസാന്തരപ്പെടേണ്ടതു് ആവശ്യമാണെന്നു സിദ്ധിക്കുന്നു. നമ്മൾ പകലും രാത്രിയും ഒന്നുപോലെ പണിയെടുക്കുകയാണു്. എന്തിനു്? ലൗകികസമ്പത്തു വർദ്ധിപ്പിക്കുവാനും ബഹുജനപ്രീതി നേടുവാനും. പക്ഷെ നമുക്കു കിട്ടിയ വിശ്വാസവെളിച്ചം മററുള്ളവർക്കുകൂടി തെളിയിച്ചുകൊടുക്കുവാനായി നാം എന്തുചെയ്യുന്നു. ഭൂരിപക്ഷംപേരും ഒന്നും ചെയ്യുന്നില്ലെന്നു മാത്രമല്ല അവരുടെ പ്രവർത്തനങ്ങൾകൊണ്ടു് മററുള്ളവരുടെ ഇടയിൽ സഭയോടു് കൂടുതൽ അകൽച്ച ഉണ്ടാക്കുകയും ചെയ്യുന്നു. അതുകൊണ്ടു് നമുക്കു് ഉണരാം. ക്രിസ്തുവിന്റെ പഠനം അനുസരിച്ചു ജീവിക്കുന്ന ഒരാൾ ആയിരം പ്രസംഗകരെക്കാൾ വലിയ ഒരു പ്രേഷിതനാണു്. ഇന്നു പ്രസംഗത്തെക്കാൾ ആവശ്യം പ്രവൃത്തിയാണു്. ഓരോ കത്തോലിക്കനും ഓരോ അപ്പസ്തോലനായിത്തീരുന്നപക്ഷം, നമ്മുടെ ചുററുമുള്ളവരുടെ മാനസാന്തരം അതിവേഗത്തിൽ സാധിക്കും. അങ്ങനെ ലോകത്തിന്റെ മാനസാന്തരവും കൈവരും.

—o—

(12-ാംപേജ് തുടർച്ച)

ഗാനില്ലാത്ത ജീപ്പും അവശനായ ഭിക്ഷുവും ഒന്നിച്ചുചേർന്നപ്പോൾ ഒരത്യാഹിതത്തിനു വേണ്ടത്ര കോപ്പുകളിണങ്ങിക്കഴിഞ്ഞു. ഒരു നിമിഷത്തിൽ പ്രജ്ഞയില്ലാതെ വെട്ടിച്ചുതിരിച്ച ജീപ്പു ഒരു പോസ്റ്റിന്മേൽ ഒരടി. പിന്നെ എന്തു സംഭവിച്ചെന്നു ആർക്കുംഅറിയാൻവയ്യാ. പിറേറന്നു രാവിലെ പത്രങ്ങൾ ഒരു വാർത്തക്കുറിപ്പു ചേർത്തു: "ഒരത്യാഹിതം—ജീപ്പു് ഇലക്ട്രിക്കു് കമ്പിക്കാലിൽ അടിച്ചു" എന്നു്. പോസ്റ്റ്മോർട്ടംകഴിച്ചു മഹസ്സർ എടുത്തശേഷം കുഞ്ഞൂപ്പിന്റെ തകന്ന ശരീരാവശിഷ്ടങ്ങൾ തൊമ്മച്ചൻ ഏററുവാങ്ങി വീട്ടിലേക്കു കൊണ്ടുപോന്നു.

× × ×

കക്കടകമാസത്തിൽ കാർമേഘങ്ങൾ തുന്നുകൂടുമ്പോൾ കുഞ്ഞന്നാമ്മയ്ക്കു ദുസ്സഹമായ ചില പൂർവ്വസ്മരണകൾ മനസ്സിൽ ഇരുണ്ടുകൂടും. കണ്ണുനീരോടുകൂടി ആ സാധു കൂട്ടുകാരോടു പറയും, കുഞ്ഞൂപ്പിന്റെ അന്നത്തെ ദാരുണസംഭവങ്ങൾ. അവർ അവസാനിപ്പിക്കും, "എന്റെ കൂട്ടരേ, ഞങ്ങളറിഞ്ഞോ ആ പൊന്നുംകുടം ഇങ്ങനെയുള്ളവരുമായി കൂട്ടുകൂടി നശിക്കുകയാണെന്നു്." "അന്വേഷിക്കേണ്ടിയിരുന്നില്ലേ" എന്നു ചിലർ മറുപടിയായി മന്ത്രിച്ചുകൊണ്ടു പിരിഞ്ഞുപോവുകയുംചെയ്യും.

## മംഗളാശംസ

വടക്കുംകര പാലമററത്തു് തെങ്ങിൽ ഇനാശുവിന്റെ പുത്രൻ ശ്രീ അന്തോണിയും അമ്പഴക്കാട്ടു് ചെങ്ങിനിയാടൻ പൗലോസിന്റെ പുത്രി കുമാരി മേരിയും തമ്മിലുള്ള വിവാഹം അമ്പഴക്കാട്ടു പള്ളിയിൽവച്ചു ഒക്ടോബർ 8-ാം തീയതി സമംഗളം നടന്നിരിക്കുന്നു. നവദമ്പതിമാക്കു ഭാഗ്യപൂർണ്ണമായ വൈവാഹികജീവിതത്തെ ഹൃദയപൂർവ്വം ആശംസിക്കുന്നു.

കോപ്പുള്ളി ദേവസ്സി അന്തോണി,
Colombo, 2

ചന്ദ്രിക
REGD.
ഔഷധസോപ്പ്
ചുണങ്ങ്, താരൻ, മുഖക്കുരു മുതലായവയ്ക്ക്
S.V.PRODUCTS, IRINJALAKUDA

—o—

## പിന്തിരിപ്പന്മാർ

രാജ്കോട്ടിൽ ചെയ്ത ഒരു പ്രസംഗത്തിൽ ഇന്ത്യൻ പ്രധാനമന്ത്രി ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയെ പരാമർശിച്ചു് ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി: "ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി ഒരു തനി പിന്തിരിപ്പൻ പാർട്ടിയാണു്. അല്ലാതെ ഒരു പരിവത്തനത്തിനുവേണ്ടി നിലകൊള്ളുന്ന പാർട്ടിയല്ല. ഇക്കാര്യം കമ്മ്യൂണിസ്റ്റുകളോടു തുറന്നു പറയുവാൻ ഞാൻ സന്നദ്ധനാണു്. കാര്യങ്ങൾ സമാധാനപരമായും സുശിക്ഷിതമായും നടത്തിക്കൊണ്ടു പോകുവാൻ നാമാഗ്രഹിക്കുന്നു. എനിക്കു് അറിയാൻ കഴിഞ്ഞിടത്തോളം ഇൻഡ്യൻ കമ്മ്യൂണിസ്റ്റുകൾ സമാധാനത്തിലും ജനാധിപത്യത്തിലും വിശ്വസിക്കുന്നില്ല".

# ചോദിച്ചാൽ പറയാം

30. ചോ: പ്രോട്ടസ്റ്റൻറു സഭകളിലില്ലാത്ത ഈ വിശ്വാസം (വിശുദ്ധന്മാരോടുള്ള പ്രാർത്ഥന) കത്തോലിക്കാസഭയിൽ എങ്ങനെ കടന്നുകൂടി? (എസ്. വി. ഡി.)

ഉ: ഈ ചോദ്യം മറിച്ചാണു ചോദിക്കേണ്ടതു്. കാലക്രമത്തിൻെറയും ചരിത്രത്തിൻെറയും മുന്നിൽ ഈ ചോദ്യത്തിനു് അർത്ഥമില്ല. "കത്തോലിക്കാസഭയിലുള്ള ഈ വിശ്വാസം എങ്ങനെ പ്രോട്ടസ്റ്റൻറു സഭകളിൽ നിന്നു തിരോധാനം ചെയ്തു?" എന്നതായിരിക്കും യുക്തിപൂർവ്വമായ ചോദ്യം. എന്തുകൊണ്ടെന്നാൽ പ്രോട്ടസ്റ്റൻറു മതാവിർഭാവത്തിനു മുൻപു് പതിനഞ്ചു നൂററാണ്ടുകാലം കത്തോലിക്കാസഭയിൽ നിലവിലിരുന്ന ഒരു ഭക്താചാരമാണിതു്.

വിശുദ്ധന്മാരോടുള്ള പ്രാർത്ഥനയെസംബന്ധിച്ച കത്തോലിക്കാസിദ്ധാന്തം ത്രെന്തോസ് സൂനഹദോസ് വിശദമായ ഭാഷയിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. 1. സ്വർഗ്ഗത്തിലുള്ള വിശുദ്ധന്മാർ നമുക്കുവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുന്നുണ്ടു്. 2. ആകയാൽ അവരുടെ പ്രാർത്ഥനകൾ ആവശ്യപ്പെടുന്നതു നല്ലതും പ്രയോജനപ്രദവുമാകുന്നു. 3. അവർ നമുക്കായി സമ്പാദിച്ചുതരുന്ന ഏതു സഹായവും നമ്മുടെ ഉദ്ധാരകനും രക്ഷകനുമായ ഈശോമിശിഹാ വഴിയായിട്ടാകുന്നു. വിശുദ്ധന്മാരോടുള്ള പ്രാർത്ഥനയെ സംബന്ധിച്ച കത്തോലിക്കാസിദ്ധാന്തം ഈ മൂന്നു ചെറിയ വാക്യങ്ങളിൽ സമാഹരിക്കാം. ത്രെന്തോസു സൂനഹദോസ് ഇതിനോടുകൂടി അക്കാലത്തു തലപൊക്കിയ ചില തിന്മകളെ ശപിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ.

വിശുദ്ധന്മാരോടു പ്രാർത്ഥിക്കുവാൻ പാടില്ല; വിശുദ്ധന്മാർ നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നില്ല; നമുക്കുവേണ്ടി പ്രാർത്ഥിക്കുവാൻ വിശുദ്ധന്മാരോടു് അപേക്ഷിക്കുന്നതു വിഗ്രഹാരാധനയാണു്; അങ്ങനെ ചെയ്യുന്നതു ദൈവത്തിൻെറ ഉപദേശത്തിനു എതിരാണു്; നമ്മുടെ ഏകമദ്ധ്യസ്ഥനായ ഈശോമിശിഹായോടു കാണിക്കുന്ന അനാദരവാണു്; എന്നെല്ലാം വിചാരിക്കുന്നതും പറയുന്നതും ഭക്തിയില്ലായ്മയാണു് എന്നാണു സൂനഹദോസു് പഠിപ്പിക്കുന്നതു്.

പരസ്പരം പ്രാർത്ഥിക്കുവാൻ, സ്നേഹിതന്മാരുടെ പ്രാർത്ഥനകൾ അഭ്യർത്ഥിക്കുവാൻ, ബൈബിളിൽ പലേടത്തും നമ്മെ ഗുണദോഷിക്കുന്നുണ്ടു്. വി. യാക്കോബ്ശ്ലീഹാ പറയുന്നു: "രോഗിയായിരിക്കുന്നുവെങ്കിൽ സഭയിലെ മൂപ്പന്മാരെ വിളിക്കട്ടെ. അവർ അവനുവേണ്ടി പ്രാർത്ഥിക്കട്ടെ...അപ്പോൾ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ആ രോഗിയെ സുഖപ്പെടുത്തും...നിങ്ങൾക്കു സൗഖ്യമുണ്ടാകുവാനായി ഒരുവൻ മറെറാരുവനു വേണ്ടി പ്രാർത്ഥിക്കുവിൻ. എന്തെന്നാൽ നീതിമാൻ പ്രാർത്ഥിക്കുന്ന പ്രാർത്ഥനയ്ക്കു വലിയ ശക്തിയുണ്ടു്."(യാക്കോ. V. 14-16) വിശുദ്ധ പൗലോസ് റോമാക്കാരോടു അഭ്യർത്ഥിക്കുന്നു: "എൻെറ സഹോദരന്മാരെ, ദൈവത്തിൻെറ പക്കൽ എനിക്കുവേണ്ടിയുള്ള പ്രാർത്ഥനയിൽ എന്നോടുകൂടി നിങ്ങൾ ജാഗരിപ്പെട്ടിരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. (റോമാ XV, 30)

സ്വർഗ്ഗത്തിലുള്ള വിശുദ്ധന്മാർ ആദ്ധ്യാത്മിക ബന്ധങ്ങളാൽ നമ്മോടുസംപൃക്തരായിരിക്കുന്നുവെന്നു നാം വിശ്വസിക്കുന്നു. ശ്ലീഹന്മാരുടെ വിശ്വാസപ്രമാണത്തിൽ, "പുണ്യവാന്മാരുടെ ഒന്മ്പാടും" എന്നു നാം ഏററു പറയുന്നുണ്ടു്. ക്രിസ്തുവിൻെറ മഹത്വത്തിൽ അവിടുത്തെ ജീവിതത്തിൽ അവർ ഭാഗഭാക്കാകുന്നു. ക്രിസ്തുവിൻെറ വരപ്രസാദത്താൽ അവിടുത്തെ ജീവിതത്തിൽ നാം ഭാഗഭാക്കാകുന്നു. നാമും അവരും അവിടുത്തോടു് ആത്മാർത്ഥമായി ബന്ധിക്കപ്പെട്ടിരിക്കുന്നു; അങ്ങയിലൂടെ നാമും അവരുമായുള്ള ബന്ധം പരസ്പരാശ്ലിഷ്ടമായിരിക്കുന്നു. നാം ക്രിസ്തുവിൻെറ (മൗതികശരീരത്തിലെ) അംഗങ്ങളാകുന്നു; പുണ്യവാന്മാരുടെ ഒരുമ്പാടിൻെറ അംഗങ്ങളാകുന്നു.

സ്വർഗ്ഗത്തിലുള്ള വിശുദ്ധന്മാർ ഉയിരും ഉണർവുമുള്ളവർ, ദൈവത്തിലും അവിടുത്തെ സൃഷ്ടികളിലും താല്പര്യമുള്ളവർ, ക്രിസ്തുവിലും അവിടുത്തെ സഹോദരന്മാരിലും താല്പര്യമുള്ളവർ അവർ ഒരു കാലത്തു നടന്ന വഴിയിൽകൂടി ഉരുണ്ടും വീണും ചരിക്കുന്ന അവരുടെ സഹമനുഷ്യരിൽ താല്പര്യമുള്ളവർ, ആണെന്നു നാം വിശ്വസിക്കുന്നു. ഈ ലോകത്തിൽ സംഭവിക്കുന്നതെന്താണെന്നറിയുന്നതിനുള്ള കഴിവു് അവർക്കു നൽകാൻ ദൈവത്തിനു നിഷ്പ്രയാസം സാധിക്കുമെന്നും നാം വിശ്വസിക്കുന്നു. ഉയിരും ഉണർവും താല്പര്യവുമുള്ള ഈ ജീവികൾക്കു അവരുടെ ആഗ്രഹവും താല്പര്യവും ദൈവത്തെ അറിയിക്കുവാൻ സാധിക്കുമെന്നതിനെയും നമുക്കു വിശ്വസിക്കാം. ആശയവിനിമയസൗകര്യങ്ങളില്ലാത്ത ഒരു സ്വർഗ്ഗം ഭൂമിയെക്കാൾ ദരിദ്രമായ ഒരു സ്ഥലമായിരിക്കുമല്ലോ.

ലോകത്തിലുള്ള നമ്മുടെ സ്നേഹിതന്മാരോടു നമുക്കുവേണ്ടി പ്രാർത്ഥിക്കുവാൻ നാം ആവശ്യപ്പെടുന്നുവെങ്കിൽ എന്തുകൊണ്ടു സ്വർഗ്ഗത്തിലുള്ള നമ്മുടെ സ്നേഹിതന്മാരോടും നമുക്കു ആവശ്യപ്പെട്ടുകൂടാ? മാലാഖമാർ നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നുവെങ്കിൽ (സക്ക. I. 12) എന്തുകൊണ്ടു് വിശുദ്ധന്മാർക്കു പ്രാർത്ഥിച്ചുകൂടാ? തീർച്ചയായും, നമ്മേ ആദ്യം സ്നേഹിച്ച ക്രിസ്തുവിനുവേണ്ടി, വിശുദ്ധന്മാർ നമ്മേ സ്നേഹിക്കുന്നുണ്ടു്. തങ്ങൾ തീക്ഷ്ണമായി സ്നേഹിക്കുകയും, വിശ്വസ്തതാപൂർവം സേവിക്കുകയും സമസ്തവും വീരോചിതമായി ബലി സമർപ്പിക്കുകയും ചെയ്ത ദൈവം തങ്ങളുടെ ആഗ്രഹങ്ങൾ സാധിച്ചു തരുമെന്നു വിശുദ്ധന്മാർക്കു ന്യായമായി പ്രതീക്ഷിക്കാം. ആകയാൽ തങ്ങൾ ഏററവും അടുത്തിരിക്കുന്ന സർവ്വശക്തനായ ദൈവത്തോടു അവർ നമുക്കുവേണ്ടി ഒരു നല്ലവാക്കു പറയുമെന്നു പ്രതീക്ഷിക്കുന്നതു യുക്തിവിരുദ്ധമായ ഒന്നല്ലല്ലോ.

ഇത്തരം കാരണങ്ങളാൽ ക്രിസ്ത്യാനികൾ ആദ്യകാലം മുതൽ വിശുദ്ധന്മാരോടു പ്രാർത്ഥിക്കുകയും അവരെ ബഹുമാനിക്കുകയും ചെയ്തിരുന്നു. ഈ വിശ്വാസത്തിനും ആചാരത്തിനും പല ആദിമസഭാപിതാക്കന്മാരും സാക്ഷ്യംവഹിക്കുന്നുണ്ടു്. വിശുദ്ധ ജറോം അതിനെ ഇങ്ങനെ സമാഹരിച്ചുപറയുന്നു: "മാംസത്തോടുകൂടിയായിരിക്കുകയും, തങ്ങളുടെ കാര്യത്തിൽ തന്നെ ശ്രദ്ധിക്കേണ്ടിയിരിക്കുകയും ചെയ്തിരുന്ന അപ്പസ്തോലന്മാരും രക്തസാക്ഷികളും മററുള്ളവർക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നുവെങ്കിൽ, തങ്ങളുടെ കിരീടങ്ങളും വിജയങ്ങളും നേടിക്കഴിഞ്ഞതിനുശേഷം എത്രയധികമായി അവർ മററുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ടായിരിക്കണം. ഒരു മനുഷ്യൻ, മോശ, 600,000 പടയാളികൾക്കു ദൈവത്തിൻെറ മോചനം നേടിക്കൊടുത്തു. എസ്തപ്പാനോസ് തൻെറ പീഡകന്മാർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. അവർ ക്രിസ്തുവിനോടുകൂടിയായിരിക്കുമ്പോൾ ശക്തികുറഞ്ഞവരായിത്തീരുമോ? കപ്പലിൽ തൻെറകൂടെയായിരുന്ന 276 ആത്മാക്കളെ തൻെറ പ്രാർത്ഥനയുടെ ഫലമായി ലഭിച്ചുവെന്നു വിശുദ്ധ പൗലോസ് പറയുന്നു. മരണത്തിനുശേഷം അദ്ദേഹം തൻെറ വായ് പൂട്ടുകയും, ലോകത്തിലെങ്ങുമുള്ള, അദ്ദേഹം പ്രസംഗിച്ച സുവിശേഷത്തിൽ വിശ്വസിക്കുന്നവർക്കുവേണ്ടി ഒരു വാക്കുപോലും ഉരിയാടാതിരിക്കുകയും ചെയ്യുമോ?"

(Adv: Vigil., 6)


# മരിയഹാരം



ജപമാലയെപ്പററി അറിയുവാൻ ഈ പുസ്തകം സഹായിക്കും

**വില 1ക. മാത്രം**

അപേക്ഷിക്കേണ്ടും മേൽവിലാസ

മാർ ളൂയിസ് പ്രസ്സ്,

എറണാകുളം-1


തൻെറ കാലത്തെ ക്രിസ്ത്യാനികൾ രക്തസാക്ഷികളുടെ സ്മരണയെ ബഹുമാനിച്ചിരുന്നതുകൊണ്ടു വിഗ്രഹാരാധനയിൽ പെട്ടുവെന്നു ഫോസ്റ്റസ് എന്ന മനീക്കിയൻ ആക്ഷേപിച്ചിരുന്നതായി വിശുദ്ധ ആഗുസ്തീനോസു പറയുന്നു: "ഈ ആക്ഷേപം ഒരു മറുപടിയെപ്പോലും അർഹിക്കുന്നില്ല" (Contra Faustum 1. 20, C. 21) എന്നാണു വിശുദ്ധൻ പറയുന്നതു്. രക്തസാക്ഷികളുടെ സുകൃതങ്ങളെ അനുകരിക്കുകയും, അവരുടെ യോഗ്യതകളിൽ ഭാഗഭാഗിത്വം വഹിക്കുകയും, അവരുടെ പ്രാർത്ഥനകളാൽ സഹായിക്കപ്പെടുകയും ചെയ്യുന്നതിനാണു ക്രിസ്ത്യാനികൾ രക്തസാക്ഷികളെ ബഹുമാനിക്കുന്നതെന്നു് അദ്ദേഹം തുടർന്നു വിശദീകരിക്കുന്നു.

അങ്ങനെ, നാലാം നൂററാണ്ടായപ്പോഴേക്കു ഈ വിശ്വാസം ക്രൈസ്തവസഭയിൽ സാർവ്വത്രികമായിരുന്നുവെന്നു കാണാം. 16-ാം നൂററാണ്ടിലെ മതവിപ്ലവത്തിനു് 1000 കൊല്ലം മുൻപു മുതൽ സാർവ്വത്രികമായിരുന്ന ഒരു ഭക്താചാരത്തെയാണു ലൂഥറും അനുയായികളും നിഷേധിച്ചതു്. ദൈവത്തോടുമാത്രം പ്രാർത്ഥിച്ചാൽ മതിയെന്നായിരുന്നു അവർ ശഠിച്ചിരുന്നതു്. പ്രാർത്ഥിക്കുന്ന സമ്പ്രദായംതന്നെ തിരോഭവിച്ചുവരുന്നുവെന്നതാണു് ഇന്നത്തെ അനുഭവം. മുൻപു് വിശുദ്ധന്മാർവഴി ദൈവത്തെ ബഹുമാനിച്ചിരുന്നു. ദൈവത്തോടുള്ള ബഹുമാനം പോയിട്ടു വിശ്വാസം തന്നെ ഇപ്പോൾ പ്രോട്ടസ്റ്റൻറുകാരുടെ ഇടയിൽ ക്ഷയിച്ചുവരുന്നു.

ആകയാൽ പ്രോട്ടസ്റ്റൻറു സഭകളിലില്ലാത്ത വിശ്വാസം, കത്തോലിക്കാസഭയിൽ കടന്നുകൂടുകയായിരുന്നില്ല, കത്തോലിക്കാസഭയിൽ ആദികാലം മുതൽ നിലവിലിരുന്ന വിശ്വാസം പ്രോട്ടസ്റ്റൻറു സഭകൾ നിരാകരിക്കയായിരുന്നുവെന്നു ഇതിൽനിന്നു വ്യക്തമാണല്ലോ.

31. ചോ: ക്രിസ്തു നമ്മുടെ മദ്ധ്യസ്ഥനായിരിക്കെ, മോക്ഷപ്രാപ്തിക്കു പിന്നീടൊരാൾ ആവശ്യമുണ്ടോ?

(എം. ഐ. എം. അയ്മനം)

ഉ: ക്രിസ്തു നമ്മുടെ മദ്ധ്യസ്ഥനാണെന്നു ചോദ്യകർത്താവു സമ്മതിക്കുന്നുണ്ടല്ലോ. "എന്തെന്നാൽ ദൈവം ഏകനാകുന്നു. മനുഷ്യപുത്രനായ ഈശോമിശിഹാ എന്ന ദൈവത്തിൻെറയും മനുഷ്യരുടെയും ഇടയ്ക്കുള്ള മദ്ധ്യസ്ഥനും—സകല മനുഷ്യർക്കുംവേണ്ടി വീണ്ടെടുപ്പുവിലയായി, തക്കസമയത്തുവന്ന ആ സാക്ഷ്യമായി തന്നെത്തന്നെ നൽകിയവൻതന്നെ—ഏകനാകുന്നു." (I തിമോ: II. 5-6) എന്നു വിശുദ്ധ പൗലോസ് അസന്നിദ്ധമായി പ്രസ്താവിച്ചിട്ടുണ്ടു്.

ദൈവത്തിനും മനുഷ്യർക്കും ഇടയ്ക്കുള്ള ഏകമദ്ധ്യസ്ഥൻ ഈശോമാത്രമാണെന്നാണു കത്തോലിക്കാസഭ പഠിപ്പിക്കുന്നതു്. ഈ സത്യത്തെ ത്രെന്തോസു സൂനഹദോസ് ഉറപ്പിച്ചു പ്രസ്താവിച്ചിട്ടുമുണ്ടു്. തൻെറ കുരിശുമരണത്താൽ ഈശോമിശിഹാ മാത്രമാണു നമ്മെ സമുദ്ധരിച്ചതെന്നും അങ്ങനെ അവിടുന്നാണു ദൈവവുമായി നമ്മെ രമ്യപ്പെടുത്തുകയും, അവിടുത്തെ വരപ്രസാദത്തിൽ ഭാഗഭാക്കുകളാക്കുകയും ചെയ്തതെന്നും. ഈശോയും അവിടുത്തെ യോഗ്യതകളുംവഴിയായിട്ടല്ലാതെ യാതൊരു അനുഗ്രഹവും ദൈവത്തിൽനിന്നു നമുക്കു ലഭിക്കുന്നില്ലെന്നും കത്തോലിക്കാസഭ പഠിപ്പിക്കുന്നു. മററുവിധത്തിൽ പറഞ്ഞാൽ, മോക്ഷപ്രാപ്തിക്കു്, നമുക്കും ദൈവത്തിനും മദ്ധ്യേ ക്രിസ്തുവല്ലാതെ മറെറാരു മദ്ധ്യസ്ഥൻ ഉണ്ടെന്നോ ആവശ്യമാണെന്നോ കത്തോലിക്കാസഭ പഠിപ്പിക്കുന്നില്ല.

പിന്നെ വിശുദ്ധന്മാരുടെ കാര്യമോ? വിശുദ്ധന്മാർ നമുക്കും ദൈവത്തിനും ഇടയ്ക്കുള്ള മദ്ധ്യസ്ഥന്മാരാണെന്നുള്ള ഒരു സൂചനപോലും കത്തോലിക്കാസഭ നൽകുന്നില്ല. വിശുദ്ധന്മാരുടെ മാദ്ധ്യസ്ഥപ്രാർത്ഥന, നമ്മുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ, ഇടവകയുടെ മദ്ധ്യസ്ഥൻ എന്നെല്ലാം ഭാഷയിൽ പ്രയോഗങ്ങളുണ്ടെന്നുള്ളതു ശരിതന്നെ. ഇംഗ്ലീഷിൽ "പേടൺ" എന്നു പറയുന്ന ആശയത്തിനാണു് ഇവിടെ മദ്ധ്യസ്ഥപദം ഉപയോഗിച്ചിരിക്കുന്നതു്. "മീഡിയേററർ" എന്ന അർത്ഥത്തിലല്ല.

നാം ദൈവത്തോടു പ്രാർത്ഥിക്കുന്നതും, നമുക്കു വേണ്ടി സ്വർഗ്ഗത്തിലുള്ള വിശുദ്ധന്മാർ പ്രാർത്ഥിക്കുന്നതുമെല്ലാം, നമ്മുടെ കർത്താവായ ഈശോമിശിഹാ വഴിയാകുന്നു. വിശുദ്ധന്മാർ അവരുടെ പ്രാർത്ഥനകളെ നമ്മുടേതിനോടു സംയോജിപ്പിക്കുന്നേതയുള്ളൂ. പുണ്യസാമ്രാജ്യത്തിൽ മികച്ചുനിൽക്കുന്ന വിശുദ്ധന്മാർ ദൈവത്തിൻെറ പ്രീതിഭാജനങ്ങളാണെങ്കിലും, ക്രിസ്തുവിൻെറ യോഗ്യതകൾ വഴിയായിട്ടു മാത്രമേ അവർക്കു നമ്മേ സഹായിക്കുവാൻ സാധിക്കുന്നുള്ളൂ.

"നീതിമാന്മാരുടെ പ്രാർത്ഥന ദൈവം കേൾക്കും" (സുഭ. XV. 20) എന്നു വേദപുസ്തകത്തിൽ തന്നെ പറഞ്ഞിട്ടുണ്ടു്. "വിശുദ്ധന്മാരുടെ രക്ഷാകർത്തൃത്വമോ, മാലാഖമാരുടെ സംരക്ഷണമോ ആവശ്യമില്ലാത്തവർ ഉണ്ടായിരിക്കുന്നില്ല" എന്നു വിശുദ്ധ ഹിലാരിയൂസും (എ. ഡി. 366), "നമുക്കു മുൻപേ നിദ്രപ്രാപിച്ചവരായ ഗോത്രപിതാക്കന്മാരെയും, പ്രവാചകന്മാരെയും, ശ്ലീഹന്മാരെയും രക്തസാക്ഷികളെയും നാം അനുസ്മരിക്കുന്നതു്, അവരുടെപ്രാർത്ഥനകളാലും, ഇടപെടലുകളാലും ദൈവം നമ്മുടെ അപേക്ഷകൾ സ്വീകരിക്കുന്നതിനുതന്നെ" എന്നു ഓർശ്ലേമിലെ വിശുദ്ധ കുറില്ലോസും (എ. ഡി. 315-386), "ദൈവം നിന്നെ ശിക്ഷിക്കുമെന്നു നിനക്കു ബോദ്ധ്യമാകുമ്പോൾ, അവിടുത്തെ ശത്രുക്കളുടെ പക്കലേക്കോടരുതു്...പ്രത്യുത അവിടുത്തെ സുഹൃത്തുക്കളായ രക്തസാക്ഷികളുടെയും വിശുദ്ധന്മാരുടേയും അടുക്കലേക്കു് (ഓടുക)"എന്നു വിശുദ്ധ യോഹന്നാൻ ക്രിസോസ്തോമും (344-407) പ്രസ്താവിക്കുന്നതു് അനുസ്മരിക്കുക.

മോക്ഷപ്രാപ്തിക്കു മറെറാരാളുടെ മദ്ധ്യസ്ഥത ആവശ്യമില്ലാ; പക്ഷേ വളരെയധികം സഹായകമായിരിക്കും.

—o—

## സാമൂഹ്യവിദ്യാഭ്യാസം

കത്തോലിക്കാവിദ്യാഭ്യാസത്തെ സംബന്ധിച്ച ഇൻറർ-അമേരിക്കൻ കോൺഗ്രസിൻെറ ഇക്കൊല്ലത്തെ സമ്മേളനം ചില്ലിയിൽ സാൻറിയാഗോയിൽവെച്ചു നടന്നിരിക്കുന്നു. 9 ദിവസം നീണ്ടുനിന്ന ഈ സമ്മേളനത്തിൽ പേപ്പൽ പ്രതിനിധിയായി ആദ്ധ്യക്ഷം വഹിച്ചതു സാൻറിയാഗോ മെത്രാപ്പോലീത്താ കർദ്ദിനാൾ കാരോ റോഡ്റിഗ്സ് തിരുമേനിയായിരുന്നു. വിദ്യാലയങ്ങളിൽ സാഹിത്യവിദ്യാഭ്യാസത്തോടുകൂടി ശരിയായ സാമൂഹ്യവിദ്യാഭ്യാസവും നൽകേണ്ടതു് സർവ്വപ്രധാനമായിരിക്കുന്നുവെന്നു മാർപ്പാപ്പാ തിരുമേനി കർദ്ദിനാളിനയച്ച നിയമനക്കത്തിൽ പ്രസ്താവിച്ചിരിക്കുന്നു. സഭയോടും രാഷ്ട്രത്തോടും സമുദായത്തോടുമുള്ള ചുമതലകളും ഉത്തരവാദിത്വങ്ങളും യുവാക്കന്മാർ പഠിക്കത്തക്കരീതിയിൽ ഇതു പ്രദാനം ചെയ്യണമെന്നും തിരുമേനി ഉൽബോധിപ്പിക്കുന്നു.


സത്യദീപം വരിസംഖ്യ

പ്രതിവർഷം

ഇൻഡ്യയിൽ ക. 6—8—0

ഇൻഡ്യയ്ക്കു പുറമെ " 8—12—0





**നിങ്ങളുടെ ഇടപാടുകളുടെ കണക്കു് ശരിയായി സൂക്ഷിക്കുന്നതിനു് എളുപ്പമുള്ള ഈ മാർഗ്ഗം സ്വീകരിക്കുക**

വിവേകമതികളായ വ്യവസായികൾക്കു് പാലാ ബാങ്കിൽ ഒരു "കറൻറു്" കണക്കുള്ളതുകൊണ്ടുള്ള പ്രയോജനം അറിയാം. നിങ്ങളുടെ പണം സുരക്ഷിതമായിരിക്കും. കൊടുക്കൽ വാങ്ങലുകൾ ചെക്കുകൾ മുഖേന നിർവ്വഹിക്കാം. ബാങ്കിൽ നിന്നും ലഭിക്കുന്ന പാസ്സ് ബുക്കിൽ നിങ്ങൾ നടത്തിയിട്ടുള്ള സകല പണമിടപാടുകളുടേയും രഹസ്യമായ ഒരു കണക്കുണ്ടായിരിക്കും.

"ആധുനിക വ്യവസായികൾക്കു് ബാങ്കുകൾ ചെയ്യുന്ന സേവനങ്ങൾ" എന്ന ഞങ്ങളുടെ ലഘുഗ്രന്ഥത്തിൻെറ ഒരു പ്രതി സൌജന്യമായി ആവശ്യപ്പെടുക.

**പാലാ സെൻട്രൽ ബാങ്ക് ലിമിറ്റഡ്**

ESTD. 1927

ഹെഡാഫീസ്: പാലാ

തിരുവിതാംകൂർ-കൊച്ചിയിൽ 19 ബ്രാഞ്ചുകൾ

Wednesday
October 17
1956

# THE SATHYADEEPAM

(ESTD. 1927)
BROADWAY — ERNAKULAM (T. C. STATE)

Reg. No. M. 2293
Vol. 30
No. 10



## ബാലരംഗം

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനുജത്തികളേ,




ആഗ്നസിൻെറ അപകടപൂർണ്ണമായ ജീവിതഘട്ടം ആ ബാലിക എങ്ങനെ തരണം ചെയ്യുന്നുവെന്ന് നിങ്ങൾ ഏറെയത്തുടിപ്പോട്ടുകൂടി നോക്കിക്കൊണ്ടിരിക്കുകയാണല്ലോ. സിസ്റ്ററുടെ വാക്കുകളിൽനിന്നു സംഭവഗതിയെ ശ്രദ്ധിച്ചു മനസ്സിലാക്കുന്ന ബാലികമാരെപ്പോലെ നിങ്ങളും ഒരുപക്ഷെ ആശ്ചര്യപ്പെട്ടേക്കും; ഇതെന്തു സൈര്യക്കേടാണ്. ഇവരെന്തിനു ആ നല്ല കുഞ്ഞിനെ ശല്യപ്പെടുത്തുന്നു. അവൾ ഭക്തിയായി ജീവിക്കുന്നതിനു അവർക്കെന്തു ചേതമാണ് എന്നെല്ലാം. അതാണു ശരി. പക്ഷെ വഷളായ ഈ ലോകത്തിൽ നല്ല ആത്മാവുകളെ ദുഷ്ടഗണം സൈര്യമായി വിടുകയില്ല. ചില കുസൃതിക്കുട്ടന്മാർ കുഞ്ഞനുജത്തിമാരിൽ ചിലരെ അലട്ടുമ്പോൾ നിങ്ങൾ പറഞ്ഞിട്ടില്ലേ, "ഈ ചെറുക്കന്മാരെക്കൊണ്ടു തോറ്റു, അടങ്ങിയിരിക്കാൻ പാടില്ലേ" എന്ന്. എല്ലാ കുഞ്ഞനുജന്മാരും കുഞ്ഞനിയത്തികളും പ്രത്യേകം ശ്രദ്ധയുള്ളവരായിരിക്കണം. ദുഷ്പ്രേരണകൾ എവിടെനിന്നും വരാവുന്നതാണ്. അതിനെ തൻെറതോടുകൂടി എതിർക്കുന്നതിനു എപ്പോഴും നിങ്ങൾ ജാഗ്രതയുള്ളവരാകണം. നിങ്ങളുടെ ജീവിതവിശുദ്ധിയേയും ഈശോയോടു ചെയ്തിട്ടുള്ള നല്ല വാഗ്ദാനങ്ങളേയും ജീവൻ നഷ്ടപ്പെട്ടാലും നിങ്ങൾ നശിപ്പിക്കരുത്. അതിനുള്ള ചുററുപാടുകളെ ഒഴിഞ്ഞുമാറണം. അതിനു സാധിക്കാത്ത ഘട്ടങ്ങൾ ഉണ്ടാവുകയാണെങ്കിൽ ദൈവത്തോടും പരിശുദ്ധ അമ്മയോടും കാവൽ മാലാഖായോടും ഭക്തിയായി പ്രാർത്ഥിക്കുകയും പ്രതിജ്ഞയെ വീണ്ടും വീണ്ടും ഓർക്കുകയും നല്ല ഒരു സമരം നടത്തുകയുംചെയ്യണം. യുദ്ധം ചെയ്യുന്നതിനു നിർബന്ധിക്കപ്പെടുന്നതിൽ അസമാധാനത്തിനു ഉണ്ടാകേണ്ടതില്ല. ഓരോ അവസരവും ദൈവസ്നേഹത്തെ വർദ്ധിപ്പിക്കുന്നതിനു തക്കവണ്ണം വിനിയോഗിക്കുക.

ആഗ്നസിനു ഭരണാധികാരിയുടെ വിരുന്നിൽ സംബന്ധിക്കാതെ നിവൃത്തിയില്ലായിരുന്നു. മാക്സ് റൂഫസിനടുത്ത് ബഹുമാന്യമായ ഒരു സ്ഥാനം അവൾക്കു നൽകപ്പെട്ടു. എല്ലാ ദൃഷ്ടികളും അവളുടെ നേരെ തിരിഞ്ഞിരിക്കുകയാണ്. ഭരണാധികാരി ആ യുവാവിൻെറ ഗുണഗണങ്ങളെ കീർത്തിച്ചു പറഞ്ഞു. അവൻെറ അമ്മ മുൻവാക്കനുസരിച്ച് ആഗ്നസിൻെറ സ്നേഹം അവനുവേണ്ടി നേടിക്കൊടുക്കുന്നതിനു പല ജാലവിദ്യകളും പരീക്ഷിച്ചുനോക്കി. ഈ പ്രലോഭനങ്ങളുടെയെല്ലാം മദ്ധ്യത്തിൽ മാതൃകാപരമായ ശാലീനതയോടും ആന്തരികമായ പ്രാർത്ഥനയോടുംകൂടി ആഗ്നസ് കഴിച്ചുകൂട്ടി. സദ്യ മംഗളമായി കഴിഞ്ഞു. ആഗ്നസിൻെറ ഒരു പരീക്ഷണം അങ്ങനെ അവസാനിച്ചു. അവൾ അതിൽ വിജയിക്കുകതന്നെചെയ്തു. അവരുടെ ജാലവിദ്യകളൊന്നും അവളുടെ നിശ്ചയദാർഢ്യത്തെ അണുപോലും ഇളക്കുന്നതിനു പര്യാപ്തമായില്ല.

വല്യേട്ടൻ




### ബാലരംഗത്തിൽ ചേർന്നവരുടെ പേരുവിവരം

Reg. No. (തുടർച്ച)

91. എം. എ. മേരിക്കുട്ടി മാളോല, മേവിട, മുത്തോലി
92. കെ. ടി. അന്നമ്മ കൊല്ലപ്പുള്ളിൽ, മേവിട, മുത്തോലി
93. എം. കെ. ജോസ് കരുമാലൂർ, ആലങ്ങാട്
94. ജേക്കബ് ഇടത്തുരുത്തിക്കാരൻ, ചേർപ്പ്
95. പി. എ. ലോനപ്പൻ പയ്യപ്പിള്ളി, മള്ളൂശ്ശേരി

N. B. ബാലരംഗത്തിൽ അംഗങ്ങളായി ചേരുന്നതിനു ഒരു പുതിയ വരിക്കാരനെ ചേർക്കുകയോ അതിനു നിവൃത്തിയില്ലെങ്കിൽ അവർ വരുത്തുന്ന പത്രം, വരിസംഖ്യ കൊടുത്തു പത്രം വരുത്താൻ നിവൃത്തിയില്ലാത്ത ഒരാൾക്കു കൊണ്ടുപോയി കൊടുത്തു വായിപ്പിക്കുകയോ ചെയ്യണമെന്നാണല്ലോ ഒരു വ്യവസ്ഥ. വരിസംഖ്യ അടച്ചു തീരുമ്പോൾ അവരെക്കൊണ്ടു വീണ്ടും വരിസംഖ്യ കൊടുപ്പിക്കണം. അതിനു പാറ്റുന്നില്ലെങ്കിൽ മറേറാരാളെ ചേർക്കണം. അവർ വീണ്ടും ഇവിടെ പേരയച്ചു രജിസ്റ്റർ ചെയ്യേണ്ടതില്ല. ഓരോരുത്തർക്കും ബാലരംഗത്തിൽ ചേരുമ്പോൾ കിട്ടുന്ന രജിസ്റ്റർ നമ്പർ അവരുടെ സ്ഥിരം നമ്പറായിരിക്കും. വ്യവസ്ഥ നിറവേററാൻ സാധിക്കാതെ സഖ്യത്തിൽനിന്നു മാറുമ്പോൾ മാത്രം അറിയിച്ചു പേരു നീക്കംചെയ്യാൻ ആവശ്യപ്പെട്ടാൽ മതി.

വല്യേട്ടൻ

### 89-ാം നമ്പർ പ്രശ്നത്തിൻെറ ഉത്തരം

എൻെറ പേർ—അഭിമാനം

### പ്രശ്നം നമ്പർ 90

(കെ. ആർ. ജോർജ്ജ്, പാട്ടൂർ
Reg. No. 66)

ഞാൻ ഒരസാധാരണ സൃഷ്ടിയാണ്. എൻെറ സ്ഥാനമാനങ്ങൾക്കോ, അധികാരാവകാശങ്ങൾക്കോ കണക്കില്ല. എല്ലാവർക്കും എന്നോടു വലിയ ഭക്തിയും സ്നേഹവുമാണ്. പുത്രതുല്യം അവരെല്ലാവരേയും ഞാൻ സ്നേഹിക്കുന്നു. എൻെറ പേരിനു മൂന്നക്ഷരം. ആദ്യക്ഷരം മാവിലുണ്ട്, പലഹാരത്തിലില്ല. രണ്ടാമത്തെ അക്ഷരം താറാവിലുണ്ട്, കോഴിപ്പിടയിലില്ല. മൂന്നാമത്തെ അക്ഷരം പാറാവിലുണ്ട്, കാരാഗൃഹത്തിലില്ല. എൻെറ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

### കടംകഥകൾ

(കെ. സി. തോമസ്
Reg. No. 63)

1. അഞ്ചു കൊണ്ടു ആറിൽ തപ്പി. ആറിൽനിന്നു ഒന്നു എടുത്തു. ഒന്നുകൊണ്ടു മൂന്നാക്കി. മൂന്നിൽനിന്നു ഒന്നു തിന്നു. രണ്ടു കൊണ്ടു നൂറാക്കി.

2. നാക്കു നാലു, നടകാലു പത്തു, മൂക്കു മൂന്നു, മുഖത്താറു കണ്ണു.

3. വാലുണ്ടു കുരങ്ങല്ല, പാലുണ്ടു പശുവല്ല, മുള്ളുണ്ടു മുരുക്കല്ല.

ഉത്തരങ്ങൾ:

1. കക്ക (കൈ കൊണ്ടു പുഴയിൽ നിന്നെടുത്തു പൊളിച്ചു ഇറച്ചി തിന്നുകയും തൊണ്ടു നീററി ചുണ്ണാമ്പാക്കുകയും ചെയ്യുമല്ലോ.)

2. നിലമുഴുന്നതു (രണ്ടു കന്നുകാലിയും ഒരു കലപ്പയും ഉഴവുന്ന ആളും ഒന്നിക്കുമ്പോൾ.)

3. ചക്ക.

പരുന്തിൻെറ ക്രൂരനഖങ്ങൾക്കിടയിലിരുന്നു കരയുന്ന കോഴിക്കുട്ടികളുമായുള്ള സഹവാസസംസർഗ്ഗവും കുഞ്ഞൂപ്പു ബീഡിക്കടയിലും ചായക്കടകളിലും സ്ഥാനംപിടിച്ചുതുടങ്ങി. താമസിയാതെ ഒരു പ്രമോഷനുംകൂടി കിട്ടി. ചില പാർട്ടികളിൽ പങ്കെടുത്തു. നേതാവ്! എത്ര മോഹനമായ ഒരു സ്ഥാനമാണതു്. കുഞ്ഞൂപ്പിനു ആ സ്ഥാനവും ചുരുവിൽ കൈവന്നു. അവനു സ്വല്പം ഭേദമായി പ്രസംഗിക്കാനും നിശിതമായി വിമർശിക്കാനും പാടവമുണ്ട്. അങ്ങനെ പുരോഗമനരംഗത്തിൽ അവൻ മുന്നണിയിൽ എത്തിക്കഴിഞ്ഞു. എന്നാൽ ഈ സംഭവങ്ങൾ തൊമ്മച്ചനോ കുഞ്ഞന്നാമ്മയോ അറിയുന്നില്ല. ഒടുവിൽ വൈകിട്ട് ഓരോ ഔൺസു "ധൈര്യം"സേവിച്ച് വീട്ടിൽ വന്നുതുടങ്ങിയപ്പോൾ എന്തോ പന്തികേടുണ്ടെന്നു അവർക്കു തോന്നിത്തുടങ്ങി. അങ്ങനെ വല്ലതും സംഭവിക്കുമോ!

x x x

പാർട്ടിയോഗത്തിൽ തീരുമാനിച്ചതനുസരിച്ച് കുഞ്ഞൂപ്പു ഉൾപ്പെടെ ആറുപേരാണ് നിയമലംഘനജാഥാ നയിക്കേണ്ടതു്. ചെങ്കൊടി പാറുന്ന ജീപ്പായിരുന്നു അവരെ വഹിച്ചിരുന്നതു്. കുഞ്ഞൂപ്പിനു ഡ്രൈവിങ്ങും പാസ്സാണ്. ഹുങ്കാരത്തോടുകൂടി ജീപ്പു നിയമസഭാമന്ദിരത്തിനുനേരെ പാഞ്ഞെടുത്തു. ജാഥായും പൊതുയോഗവും കുഞ്ഞൂപ്പുപ്രഭൃതികളുടെ ധീരനേതൃത്വത്തിൽ കേമമായി നടന്നു. ഭരണകൂടത്തോടുള്ള അവരുടെ പ്രതിഷേധം അന്തരീക്ഷത്തെ മാറെറാലികൊള്ളിച്ചു. പ്രകടനം കേമമായിയെന്നു എല്ലാവരും കൈയടിച്ചു സമ്മതിച്ചു. യോഗാനന്തരം കുഞ്ഞൂപ്പും പാർട്ടിയും ഈ വിജയം ഒന്നാഘോഷിക്കാതിരുന്നില്ല. റസ്റ്റോറൻറിലെ മദ്യക്കുപ്പികൾ കാലിയായി. എല്ലാവരും നല്ല ഉഷാറായി. ആർഭാടപൂർവ്വകമായ മടക്കയാത്ര സമാരംഭിച്ചു.

നേരം സന്ധ്യമയങ്ങുന്നു. കാർമേഘം ആകാശത്തെ മൂടി. പേ... പേ...പേ... എന്നുള്ള മുക്രയോടുകൂടി ജീപ്പു പായുകയാണ്. പെട്ടെന്നു ഒരു തിരിവിൽ വൃദ്ധനായ ഒരു ഭിക്ഷു റോഡിൻെറ മദ്ധ്യത്തിൽക്കൂടി തെന്നിത്തെന്നിപ്പോകുന്നു. ലക്കില്ലാത്ത ഡ്രൈവറും ലെ

(ശേഷം 10-ാംപേജിൽ)

ചെറുകഥ

### "ഞങ്ങളറിഞ്ഞോ കൂട്ടരേ?"

(അഗസ്റ്റിൻ എം.
Reg. No. 3)

നശ്വരമായ ഈ ലോകം അതിൻെറ ത്വരിതപുരോഗമനത്തിൽ അപകടമേഖലയിലൂടെ ചരിച്ചുകൊണ്ടിരിക്കുകയാണ്. കാലചക്രം അതിൻെറ അച്ചുതണ്ടിൽ ഇടതടവില്ലാതെ കറങ്ങിക്കൊണ്ടിരിക്കുന്നുവെന്നു പറയുന്നതിൽ യാതൊരു അസാംഗത്യവും അപാകതയും ഉണ്ടായിരിക്കയില്ല.

നാം ഒന്നു ചിന്തിക്കണം; അഗാധമായി ചിന്തിക്കണം. ലോകത്തിൻെറ പുരോഗമനപഥം ഏതു തരത്തിലുള്ളവയാണ്? ഇക്കാര്യത്തിൽ പ്രിയപ്പെട്ട കുഞ്ഞനുജന്മാരും കുഞ്ഞനുജത്തികളും ഒന്നു മനസ്സിരുത്തിത്തന്നെ ചിന്തിക്കണം, ഇന്നത്തെ യുവലോകം വന്നു പതിച്ചിട്ടുള്ള നാശഗർത്തം എത്ര അഗാധമാണെന്നു്.

കേവലം ശാരീരികവും ലൗകികവും ക്ഷണഭംഗുരവുമായ ഭൗതികസുഖത്തെപ്പററിയുള്ള വീക്ഷണമാണ് അവരെ നയിക്കുന്നതു്. പു. സായുടെ പ്രചരണവും; താണതരം എന്നല്ല വഷളായ സാഹിത്യത്തിൻെറ ആവിർഭാവവും കമ്മ്യൂണിസ്റ്റുപ്രേമികളായ ചോട്ടാസഖാക്കളുടെ ചൊല്ലിയാട്ടവും ഈ പരിതസ്ഥിതിയിൽ സാമാന്യജനതയെ കൊണ്ടെത്തിച്ചിരിക്കുകയാണ്. നാം എങ്ങനെയാണ് പൊതുരംഗങ്ങളിൽ വർത്തിക്കേണ്ടതു്? "ലോകം മുഴുവൻ നേടിയാലും നിൻെറ ആത്മാവു നശിച്ചാലെന്തു ഫലം?" എന്നുള്ള ആദ്ധ്യാത്മികതത്വസംഹിത ആദ്യമായി നാം ഓർമ്മിക്കണം. രണ്ടാമതായി അധികാരവിധേയത്വം നാം ശീലിക്കണം. മേലധികാരികളെ അനുസരിക്കണം. ഏവംവിധം ഉറച്ച ഒരസ്ഥിവാരത്തിന്മേൽ ജീവിതസൗധം നാം പടുത്തുയർത്തണം.

x x x x

കൊച്ചുമുട്ടിൽ തൊമ്മച്ചൻെറ ഏകസന്താനമാണ് കുഞ്ഞൂപ്പ്. കുഞ്ഞന്നമ്മയും തൊമ്മച്ചനും കുഞ്ഞൂപ്പിനെ പൊന്നുംകുടംപോലെ ഓമനിച്ചു പരിചരിച്ചുകൊണ്ടിരുന്നു. തികഞ്ഞ ഈശ്വരവിശ്വാസികളും മതഭക്തരുമായിരുന്നു അവർ. അവരുടെ ശിക്ഷണത്തിൽ അവരോടൊപ്പംതന്നെ സൽസ്വഭാവിയായി കുഞ്ഞൂപ്പും വളർന്നുവന്നു. അവൻ ബാലനായി; വിദ്യാർത്ഥിയായി. ലോകം പുരോഗമിച്ചു. ശാസ്ത്രവും പുരോഗമിച്ചു. അതോടൊപ്പം മാതാപിതാക്കന്മാരുടെ നിയന്ത്രണംവിട്ട കുഞ്ഞൂപ്പും പുരോഗമിച്ചു. ഇന്നു എവിടെ നോക്കിയാലും കാണുന്ന, എവിടേയും കേൾക്കുന്ന മതവിരുദ്ധമായ വിമർശനങ്ങൾ അവൻെറ ബാല്യമനസ്സിനെ വഴിപിഴപ്പിച്ചു. ചില ഭൗതികത്വാദർശങ്ങളും മതവിരുദ്ധമനോഭാവവും പരിഷ്കാരമാണെന്നും പുരോഗമനമാണെന്നും അവൻ തെററിദ്ധരിച്ചു. അവരുടെ വലയിൽ അവൻ കുടുങ്ങിപ്പോയി.

നിരീശ്വരപരവും അധാർമ്മികവുമായ ആശയങ്ങൾ അവൻെറ മനസ്സിൽ ഒരു ഇരുട്ടറ സൃഷ്ടിച്ചു. അതിൽ അവൻ ആവേശംകൊണ്ടു!

പ്രകൃതിയുടെ രാമണീയകത്വം മാററുകൂട്ടുവാൻ മൈതാനങ്ങൾ പച്ചപ്പട്ടുവിരിച്ചു കുസുമപ്പൊട്ടുകൾ ധരിച്ചു നിൽക്കുകയാണ്. അരുവികൾ അവയുടെ കളകളാരവത്തിൽ എന്തോ സന്ദേശങ്ങൾ ഉരുവിടുകയാണ്. പക്ഷികൾ പ്രഭാതത്തെന്നലിൽ പാറിപ്പറന്നു മധുരഗീതങ്ങൾ ആലപിച്ചുകൊണ്ടിരിക്കുന്നു. പക്ഷെ അതാ, എവിടേയോ ഒരു ബഹളം! ഒരു തള്ളക്കോഴിയുടെ അരുമക്കുഞ്ഞുങ്ങളിൽ ഒന്നു

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1